
# യൂണിറ്റി

**സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം**

ജൂലൈ 2014 വാല്യം 41 ലക്കം 3 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


# ലാൽസലാം സഖാവ് യാക്കൂബ് പൈലാൻ



**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കേന്ദ്രകമ്മിറ്റി അംഗവും ജീവിതാന്ത്യം വരെ കറതീർന്ന വിപ്ലവകാരിയുമായിരുന്ന സഖാവ് യാക്കൂബ് പൈലാൻ അന്തരിച്ചു. ജൂൺ 14-ാം തീയതി പുലർച്ചെ 5 മണിക്കാണ് കൽക്കത്ത ഹാർട്ട് ക്ലിനിക്കിൽ വച്ച് അന്ത്യമുണ്ടായത്. അദ്ദേഹത്തിന് 83 വയസ്സായിരുന്നു.**

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ 24-പർഗാനാസ് ജില്ലയുടെ സെക്രട്ടറിയും പശ്ചിമബംഗാൾ സംസ്ഥാനകമ്മിറ്റിയംഗവും കൂടിയായിരുന്നു സഖാവ് യാക്കൂബ് പൈലാൻ.**

**1949ൽ പാർട്ടിയുമായി ബന്ധപ്പെട്ട സഖാവ് യാക്കൂബ് പൈലാൻ മാർക്സിസം-ലെനിനിസം -സഖാവ് ശിബ്ദാസ് ഘോഷ് ചിന്ത സ്വന്തം ജീവിതത്തിൽ സ്വാംശീകരിച്ചുകൊണ്ട് വിപ്ലവത്തെ സ്വന്തം ജീവിതദൗത്യമാക്കി മാറ്റി. ജീവിതാന്ത്യം വരെ ആ പാതയിൽ മുന്നേറി.**

അതീവദരിദ്ര കുടുംബത്തിൽ പിറന്ന സ.യാക്കൂബ് പൈലാന് ഔപചാരിക വിദ്യാഭ്യാസം നേടാനുള്ള അവസരമുണ്ടായിരുന്നില്ല. എന്നാൽ സുന്ദർബൻ മേഖലയിലെ അശരണരായി ചൂഷണത്തിനു വിധേയരായിക്കഴിഞ്ഞിരുന്ന ലക്ഷക്കണക്കിന് പാവപ്പെട്ട ഗ്രാമീണരുടെ പോരാട്ടങ്ങളുടെ നായകനായി സഖാവ് മാറി. ആ പ്രക്രിയയിൽ വിപ്ലവ പാർട്ടിയിലൂടെയാണ് അദ്ദേഹം യഥാർത്ഥ വിദ്യാഭ്യാസം നേടിയത്.

അഖിലേന്ത്യാ കൃഷക് ഔർ ഖേത് മസ്ദൂർ ഫെഡറേഷന്റെ (കർഷക-കർഷക തൊഴിലാളി സംഘടന) ആദ്യ ജനറൽ സെക്രട്ടറിയായിരുന്നു സ.യാക്കൂബ് പൈലാൻ. അദ്ദേഹം പാവപ്പെട്ടവരുടെ കണ്ണിലുണ്ണിയായിരുന്നപ്പോൾ നിക്ഷിപ്ത താല്പര്യക്കാരുടെ കണ്ണിലെ കരടായി മാറി. നിരവധിതവണ അദ്ദേഹത്തിന് വർഗ്ഗശത്രുക്കളുടെ വധശ്രമത്തെ അതിജീവിക്കേണ്ടിവന്നു. വാർദ്ധക്യകാലത്തും അദ്ദേഹത്തിനെതിരെ വധശ്രമങ്ങളുണ്ടായി. പലതവണ സഖാവ് യാക്കൂബ് പൈലാൻ അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിലടക്കപ്പെട്ടു.

തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും വേണ്ടി, അവരുടെ അവകാശപ്പോരാട്ടങ്ങൾക്കും മോചനസമരങ്ങൾക്കും വേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ട ഒന്നായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. സഖാവ് ശിബ്ദാസ് ഘോഷിന്റെ വിപ്ലവപാഠങ്ങൾ ജീവിതത്തിൽ സ്വാംശീകരിക്കുവാനായി അദ്ദേഹം നടത്തിയ സമരങ്ങളിലൂടെ വളരെ ഉന്നതമായ വിപ്ലവ നിലവാരത്തിൽ അദ്ദേഹമെത്തി. ഒരു പ്രഫഷണൽ വിപ്ലവകാരിയായി അദ്ദേഹം മാറി. സ്വന്തം ജീവിതത്തെ അദ്ദേഹം പാർട്ടിയുമായും വിപ്ലവവുമായും താദാത്മ്യപ്പെടുത്തിയെടുത്തു. പാർട്ടി സെന്ററും പാർട്ടി ഓഫീസും അദ്ദേഹത്തിന്റെ വാസസ്ഥലമാക്കിമാറ്റി. അദ്ദേഹത്തിന് ജീവിതത്തിൽ വ്യക്തിപരമായി ഒന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വ്യക്തിജീവിതം പാർട്ടിയുമായും വിപ്ലവവുമായും ഇഴുകിച്ചേർന്നിരുന്നു.

**സ. യാക്കൂബ് പൈലാന് ലാൽസലാം.**

# മോഡി സർക്കാർ അടിച്ചേൽപ്പിച്ച റെയിൽവേ ചാർജ്ജ് വർദ്ധനവിനെതിരെ എൽ. യു. എഫിന്റെ നേതൃത്വത്തിൽ കേരളത്തിലെമ്പാടും പ്രതിഷേധം

കേന്ദ്ര ബിജെപി സർക്കാർ കടുത്ത ജനദ്രോഹ നടപടികളുടെ പരമ്പര ആരംഭിച്ചിരിക്കുകയാണ്. പെട്രോളിനും ഡീസലിനും പാചകവാതകത്തിനുമെല്ലാം ദിനംപ്രതി വിലവർദ്ധനവ് ഒരു കൂസലുമില്ലാതെ മോഡി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. ജനക്ഷേമരംഗത്തുള്ള എല്ലാ ആനുകൂല്യങ്ങളും സബ്സിഡികളും പിൻവലിക്കുകയാണ്. പൊതുമേഖലയുടെ വിറ്റുതുലയ്ക്കൽ അനിവാര്യമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. തങ്ങളുടേത് കഴിഞ്ഞ യു.പി.എ.സർക്കാരിന്റെ ഭരണത്തിന്റെ തുടർച്ചതന്നെയാണെന്ന് തെളിയിച്ചുകൊണ്ടാണ് മോഡി സർക്കാർ മുന്നോട്ടുപോകുന്നത്. ജനജീവിതം അക്ഷരാർത്ഥത്തിൽ ദുരിതത്തീയിലാണ്. ജനങ്ങൾക്ക് ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയ ദിശ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിഭീമവും അന്യായവുമായ റെയിൽവേ ചാർജ്ജ് വർദ്ധനവിനെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ നേതൃത്വത്തിൽ കേരളത്തിലെമ്പാടും ജൂൺ 24,25 തീയതികളിൽ റെയിൽവേ സ്റ്റേഷൻമാർച്ച് സംഘടിപ്പിക്കപ്പെട്ടു.

**തിരുവനന്തപുരം**

റെയിൽവേ ചാർജ് വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് ആർ.എം.പി, എസ്.യു.സി.ഐ(സി), എം.സി.പി.ഐ(യു) എന്നീ പാർട്ടികൾ ചേർന്ന് രൂപം കൊടുത്ത ഇടതുപക്ഷ ഐക്യമുന്നണിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയ

*(ശേഷം 8-ാം പേജിൽ)*




**തിരുവനന്തപുരം തമ്പാനൂർ റെയിൽവേസ്റ്റേഷൻ മാർച്ച് സഖാവ് ശ്രീനിവാസദാസ് ഉദ്ഘാടനം ചെയ്യുന്നു**

## യു.എസ്. സാമ്രാജ്യത്വം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ഭീകരവാദത്തെയും ഉപജാപത്തെയും ജനങ്ങൾ തിരസ്കരിക്കുന്നതിന്റെ തിളങ്ങുന്ന ഉദാഹരണം

# സിറിയൻ തെരഞ്ഞെടുപ്പ്

**അടുത്തയിടെ സിറിയയിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് ബാഷർ അൽ അസ്സാദ് ജനങ്ങളുടെ ഭീമമായ അനുകൂലവിധിയോടെ മൂന്നാം തവണയും വിജയിച്ച് പ്രസിഡന്റായത് ലോക ശ്രദ്ധയാകർഷിച്ചിരുന്നു. അസ്സാദിന്റെ വിജയ സാധ്യത വ്യക്തമായി പുറത്തുവന്നതോടൊപ്പം തന്നെ തെരഞ്ഞെടുപ്പ് ഒരു പ്രഹസനമായിരുന്നു എന്നുള്ള ലജ്ജാരഹിതമായ കപട അവകാശവാദങ്ങൾ യു.എസ്. സാമ്രാജ്യത്വവാദികൾ മുന്നോട്ടുവച്ചിട്ടുമുണ്ട്. ഈ വിഷയത്തിൽ അഭിപ്രായം പറയുന്നതിന് മുൻപ് ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ പശ്ചാത്തലവിവരം എന്ന നിലയിൽ സൂചിപ്പിക്കേണ്ടിയിരിക്കുന്നു.**

### ഈജിപ്തിൽ നടന്ന തെരഞ്ഞെടുപ്പ്

സിറിയയിലേതിൽ നിന്ന് നേർവിപരീതമായി ഈജിപ്തിൽ ഒരു മുൻ പട്ടാള മേധാവി അബ്ദുൾ ഫത്താ എൽസിസിയുടെ പട്ടാള അട്ടിമറിയിലൂടെ വന്ന ഗവൺമെന്റ് നടത്തിയ തെരഞ്ഞെടുപ്പിന്റെയും ഉക്രൈനിൽ കോടീശ്വരനും അധികാരപ്രഭുവുമായ പെട്രോ പൊറൊഷെങ്കോയുടെ ഫാസിസ്റ്റ് അട്ടിമറി ശക്തികൾ നടത്തിയ തെരഞ്ഞെടുപ്പിന്റെയും ഫലങ്ങളെ യു.എസ്. സാമ്രാജ്യത്വ ഭരണാധികാരികൾ പുകഴ്ത്തുകയും കൈനീട്ടിസ്വീകരിക്കുകയും ചെയ്തു. ഈ രണ്ട് രാജ്യങ്ങളിലും ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ശക്തികൾ അവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിച്ച് എല്ലാ പ്രതിപക്ഷ ശക്തികളെയും ക്രൂരമായി അടിച്ചമർത്തിയശേഷം കൈപ്പിടിയിലൊതുങ്ങിയ അധികാരത്തിന്റെ റബ്ബർസ്റ്റാമ്പായി തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുകയാണ് ചെയ്തത്. ഇരുരാജ്യങ്ങളിലും ദശലക്ഷങ്ങൾ വോട്ടുചെയ്യാൻ വിസമ്മതിച്ചുകൊണ്ടാണ് പ്രതികരിച്ചത്.

ഇവയിൽ ഈജിപ്ത് 2011ലെ അറബ് വസന്ത പ്രക്ഷോഭങ്ങൾക്ക് ജന്മം നൽകിയ അറബ് ലോകത്തെ പ്രമുഖ രാജ്യമാണ്. ആ നാടുകളിലെ ഭരണാധികാരികളുടെ പതിറ്റാണ്ടുകൾ നീണ്ട ഏകാധിപത്യ അഴിമതിഭരിത നിഷ്ഠുരവാഴ്ചക്കെതിരെ ജനങ്ങളുടെ ഭീമമായ മുന്നേറ്റങ്ങളായിരുന്നു അറബ് വസന്തം. ഈജിപ്ഷ്യൻ ചരിത്രത്തിലോ ലോകത്തെ ജനകീയ സമരങ്ങളുടെ ചരിത്രത്തിലോ സമാനതകളില്ലാത്തവിധം ലക്ഷക്കണക്കിന് ജനങ്ങൾ രാഷ്ട്രീയ അഭിപ്രായ ഭേദങ്ങൾക്കും മത വിശ്വാസങ്ങൾക്കും സാമൂഹ്യ-സാമ്പത്തിക പദവികൾക്കും ഉപരിയായി ഒന്നിച്ചുകൊണ്ട് തെരുവിലിറങ്ങി, തഹ്‌രീസ്ക്വയറിലും മറ്റ് കേന്ദ്രങ്ങളിലും നിലയുറപ്പിച്ചുകൊണ്ട് ചരിത്രം തിരുത്തിയെഴുതി. യു.എസ് സാമ്രാജ്യത്വത്തിന്റെ സഹായസഹകരണങ്ങളോടെയും നിയന്ത്രണത്തിലും ഫലത്തിൽ പട്ടാള ഭരണകൂടമായിമാറിയ ഒരു സർക്കാരിനെ നയിച്ച് ദശാബ്ദങ്ങളായി മുതലാളിത്ത ഭരണകൂടം നിയന്ത്രിച്ചിരുന്ന തങ്ങളുടെ പ്രസിഡന്റ് ഹോസ്നി മുബാരക്കിനെ അവർ പുറത്താക്കി. പക്ഷേ ഞങ്ങൾ അന്ന് ആശങ്കപ്പെട്ടതുപോലെ ഈജിപ്തിലെ സമരത്തിന്, വാസ്തവത്തിൽ അറബ് ലോകത്തെ സമാന സമരങ്ങൾക്കൊന്നും തന്നെ, ഏകാധിപത്യത്തിൽനിന്നും മർദ്ദനത്തിൽ നിന്നും ചൂഷണത്തിൽ നിന്നുമുള്ള മോചനമെന്ന അവയുടെ ഏറെ അഭിലഷിക്കപ്പെട്ട ലക്ഷ്യത്തിൽ എത്താനായില്ല. അതിന്റെ കാരണം അവരുടെ സാഹചര്യങ്ങളെ അടിസ്ഥാനപരമായി മാറ്റിത്തീർക്കുന്ന സുസംഘടിതവും നീണ്ടുനിൽക്കുന്നതുമായ സമരത്തിലേക്ക് അവരെ നയിക്കാൻ കഴിയുന്ന ശരിയായ ഒരു വിപ്ലവ നേതൃത്വം അവർക്കില്ലായിരുന്നു എന്നതാണ്. ഈജിപ്തിൽ മുസ്ലിംബ്രദർഹുഡ് എന്ന ഇസ്ലാമിക മൗലികവാദസംഘടന, സമരത്തിലെ ഏറ്റവും സംഘടിത ശക്തിയെന്ന് സ്വയം തെളിയിച്ചുകൊണ്ട് നേതൃത്വം പിടിച്ചെടുക്കുകയും, പിന്നീട് അതിന്റെ നേതാവ് മുഹമ്മദ് മോർസി രാജ്യത്തെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റാവുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പ് കൃത്രിമം നിറഞ്ഞതാണെന്ന് വിമർശിക്കപ്പെട്ടിരുന്നു. രാജ്യത്തെ പുരോഗമന മതേതര ശക്തികൾ ഭയപ്പെട്ടതുപോലെ അധികാരത്തിലേറിയ ദിനങ്ങൾ മുതൽ മോർസി സർക്കാർ പൊതുജീവിതത്തിൽ ഇസ്ലാമിക നിയമം കൊണ്ടുവരികയെന്ന അവരുടെ മതമൗലികവാദ അജണ്ട നടപ്പിലാക്കാൻ തുടങ്ങി. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ അവർ കണ്ടില്ലെന്നു നടിച്ചു. ഒപ്പം തന്നെ മുബാരക് ഭരണത്തിലെ വ്യക്തികളെ അധികാരസ്ഥാനങ്ങളിൽ നിന്ന് നീക്കാൻ വിസമ്മതിച്ചു. സിയോണിസ്റ്റ് ഇസ്രായേലിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ടും സിറിയൻ സർക്കാരിനെ അട്ടിമറിക്കാൻ വേണ്ടിയുമുള്ള ലജ്ജാരഹിതമായ സാമ്രാജ്യത്വ അനുകൂല നയങ്ങൾ മുന്നോട്ടുവച്ചു. ഭക്ഷ്യവസ്തുക്കൾക്കും വൈദ്യുതിക്കുമുള്ള സബ്സിഡികൾ വെട്ടിക്കുറക്കുക എന്ന ഐ.എം.എഫ് നിർബന്ധങ്ങൾക്ക് വഴങ്ങി. വൈകാതെ തന്നെ വഞ്ചന മനസ്സിലാക്കിയ ജനങ്ങൾ മോർസി സർക്കാരിനെതിരെ കലാപം എന്നർത്ഥം വരുന്ന തവറുദ് എന്ന പേരിൽ ഒന്നരക്കോടി ഒപ്പുകൾ ഉള്ള പരാതി തയ്യാറാക്കി. മോർസി സർക്കാരിനെതിരെയുള്ള ജനങ്ങളുടെ ഈ പ്രതിഷേധത്തെയും വെറുപ്പിനെയും മുതലാക്കി ജനറൽ സിസി മുസ്ലിം ബ്രദർഹുഡിന്റെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെതിരെ താൻ നയിച്ച ഒരു പട്ടാള അട്ടിമറിയിലൂടെ അധികാരത്തിലേക്കു വന്നു. പിന്നീട് ജനറൽ സിസി രൂപീകരിച്ച ഗവൺമെന്റ് ഈജിപ്ഷ്യൻ ചരിത്രത്തിലെ ഏറ്റവും ക്രൂരമായ സൈനിക അടിച്ചമർത്തൽ നടപ്പിലാക്കി. അയാൾ ഭരണഘടന മരവിപ്പിച്ചു, മോഴ്സിയേയും നൂറുക്കണക്കിന് ബ്രദർഹുഡ് നേതാക്കളേയും അറസ്റ്റ് ചെയ്തു, ആയിരക്കണക്കിന് നിരപരാധികളായ ബ്രദർഹുഡിന്റെ അനുഭാവികളെ കൊന്നൊടുക്കി. രാജ്യത്തെ സംഘടിത പ്രതിപക്ഷങ്ങളിൽ ഏറ്റവും ശക്തമായതിനെ അങ്ങിനെ ഉൻമൂലനം ചെയ്തുകൊണ്ട് സിസി 96% വോട്ടു നേടി വിജയിച്ചു. പക്ഷേ ഈജിപ്തിലെ 5.4 കോടി വോട്ടർമാരിൽ 46-ശതമാനം മാത്രമേ വോട്ടു ചെയ്തുള്ളു. ഇത് മോഴ്സി തെരഞ്ഞെടുക്കപ്പെട്ട 2012-ലെ കൃത്രിമം നടന്ന തെരഞ്ഞെടുപ്പിലെ 52 ശതമാനം പോളിംഗിനേക്കാൾ കുറവാണ്. ഈ തെരഞ്ഞെടുപ്പിൽ കഷ്ടിച്ച 10% വോട്ടർമാർ മാത്രം എത്തിയ കാലിയായിക്കിടന്ന പോളിംഗ് സ്റ്റേഷനുകൾ ഉണ്ടായിരുന്നു. ഇതിൽ പരിഭ്രാന്തരായ സിസി സർക്കാർ രണ്ടാം ദിവസത്തേക്കും പിന്നെ മൂന്നാം ദിവസത്തേക്കും വോട്ടെടുപ്പ് നീട്ടിക്കൊടുത്തു. രാജ്യത്ത് അവധി പ്രഖ്യാപിച്ചു, പോളിംഗ് സ്ഥലത്തേക്ക് സൗജന്യയാത്രാസൗകര്യം ഒരുക്കി, വോട്ടുചെയ്യാത്തവർക്ക് ഭീമമായ 70 ഡോളർ പിഴയിടുമെന്ന് പ്രഖ്യാപിച്ചു. ഏറ്റവും ദരിദ്രരായ ദശലക്ഷക്കണക്കിന് ഈജിപ്തുകാർക്ക് അതൊരു പിടിച്ചു പറിയായിട്ടാണ് അനുഭവപ്പെട്ടത്. അവരുടെ കാഴ്ചപ്പാടിൽ വോട്ടിംഗ് ശതമാനം കുറഞ്ഞതിന് കാരണം രാഷ്ട്രീയമായ നിസ്സംഗതയും, സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അടിച്ചമർത്തുന്നതിൽ യുവാക്കൾക്കിടയിലുള്ള പ്രതിഷേധവും, തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനുള്ള മുസ്ലിം ബ്രദർഹുഡിന്റെ ആഹ്വാനവുമാണ്. എല്ലാറ്റിനുമുപരി മറ്റൊരു പട്ടാളക്കാരൻ പ്രസിഡന്റാകുന്നതുവഴി, തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് എന്ന മുഖംമൂടിക്ക് പുറകിൽ അദൃശ്യമായ പട്ടാള സർവ്വാധിപത്യം നടപ്പിലാവുന്നതിനോടും, അതിലൂടെ അഴിമതി നിറഞ്ഞ പട്ടാളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോടും, സമ്പദ് വ്യവസ്ഥയുടെ ദുർഭരണത്തോടുമുള്ള എതിർപ്പായിരുന്നു കാരണം. അതിനാലവർ തെരഞ്ഞെടുപ്പിനെ ഒരു പ്രഹസനമെന്ന് വിളിക്കുന്നു, ഒറ്റ ഒരാളുടെ താൽപര്യങ്ങൾക്ക് വേണ്ടി മാധ്യമങ്ങൾ ജനങ്ങളോട് നുണ പറയുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ. മറുവശത്ത് ബിസിനസ്കാരും കോർപ്പറേറ്റുകളും ചേരുന്ന മൂലധനശക്തികളും, സൗദി അറേബ്യ, യു.എ.ഇ കുവൈറ്റ് തുടങ്ങിയഅറബ് ലോകത്തെ ഏറ്റവും പിന്തിരിപ്പൻ ശക്തികളും ഈ ഫലത്തെ സാഗതം ചെയ്തു. ലോക ബാങ്കിന്റെയും ഐ.എം.എഫിന്റെയും കുറിപ്പടികൾക്കനുസരിച്ചുള്ള ഊർജ്ജസ്വലമായ പുത്തൻ ഉദാര പരിഷ്കാരങ്ങളാണ് സിസിയിൽ നിന്ന് അവർ പ്രതീക്ഷിക്കുന്നത്. എല്ലാറ്റിനുമുപരി ഈജിപ്തിന്റെ പാശ്ചാത്യ ഉപദേഷ്ടാവായ അമേരിക്കൻ സാമ്രാജ്യത്വം ആദ്യം ചില വിമർശന സ്വരങ്ങൾ ഉയർത്തിയെങ്കിലും ഈ മേഖലയിലെ അവരുടെ ആധിപത്യത്തിന്റെ അടിക്കല്ലായ ഈജിപ്ഷ്യൻ പട്ടാളത്തെ അവർക്കുപേക്ഷിക്കാൻ കഴിയാത്തതിനാൽ വിജയിയെ കയ്യടിച്ച് പ്രോൽസാഹിപ്പിച്ചു. സംഭവങ്ങൾ ഇത്തരത്തിൽ ഉരുത്തിരിഞ്ഞപ്പോൾ ഈജിപ്ഷ്യൻ ജനത പിന്തിരിപ്പത്വത്തിന്റെ രണ്ട് മുഖങ്ങൾക്കിടയിൽപെട്ട് ഞെരുങ്ങുന്ന സാഹചര്യമായണുണ്ടായത്. മൗലികവാദികളായ മുസ്ലിം ബ്രദർഹുഡും ഇപ്പോൾ സിസി നയിക്കുന്ന നിഷ്ഠുരമായ പട്ടാളഭരണവും. ഒരിക്കൽ കൂടി ദിശാസൂചനകൾ നഷ്ടപ്പെട്ടെന്ന് തോന്നിയ ഈജിപ്ഷ്യൻ ജനതക്ക് അവരുടെ സമരങ്ങൾക്കുമുൻപിൽ അവരാഗ്രഹിച്ച ഏതെങ്കിലുമൊരു ലക്ഷ്യത്തിലേക്കവയെ നയിക്കാൻ ഒരു യഥാർത്ഥ വിപ്ലവനേതൃത്വത്തിന്റെ വേദനാകരമായ അഭാവം അനുഭവപ്പെട്ടിരിക്കണം.

### ഉക്രൈനിലെ തെരഞ്ഞെടുപ്പ്


ഒരു കാലത്ത് യു.എസ്.എസ്.ആർ ന്റെ ഭാഗമായിരുന്ന ഉക്രൈൻ സോഷ്യലിസം തകർന്ന് യു.എസ്.എസ്.ആർ വിഘടിച്ച ശേഷം പ്രതിസന്ധിഗ്രസ്തമായ അഴിമതി നിറഞ്ഞ മുതലാളിത്തിന്റെ മർദ്ദക-ചൂഷക ഭരണത്തിന് വിധേയമാണ്. അതേസമയം ഉക്രൈനിലെ ജനങ്ങളുടെ താൽപര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിൽ കമ്പോളം കൈപ്പിടിയിലൊതുക്കാനും സ്വാധീന മേഖലകൾ വിപുലീകരിക്കാനും വേണ്ടിയുള്ള താൽപര്യങ്ങളുടെ പുറത്ത് റഷ്യൻ മുതലാളിത്തവും യൂറോപ്യൻ യൂണിയനും യു.എസ് സാമ്രാജ്യത്വവും തമ്മിലുള്ള ശണ്ഠയുടെ കേന്ദ്രമായി ഉക്രൈൻ വേഗം തന്നെ മാറി. ഏതാനും മാസങ്ങൾക്കുമുൻപ് ഒരു മുതലാളിത്ത സർക്കാരിൽ കവിഞ്ഞ മറ്റൊന്നുമല്ലാത്ത ഉക്രൈൻ ഗവൺമെന്റിനെ നയിച്ചിരുന്ന പ്രസിഡന്റ് വിക്ടർ യാനുക്കോവിച്ചിനെതിരെ ജനങ്ങളുടെ പ്രതിഷേധവും വിദ്വേഷവും ഉപയോഗപ്പെടുത്തിക്കൊണ്ട് പശ്ചാത്യ സാമ്രാജ്യത്വ അനുകൂലികളെന്ന് പരക്കെ അറിയാവുന്ന ജനവിരുദ്ധ ശക്തികളും പേപിടിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധ ഫാസിസ്റ്റ് ശക്തികളും ചേർന്ന് അദ്ദേഹത്തെ താഴെയിറക്കുകയും സ്വന്തം ഉപദേഷ്ടാക്കളായ യൂറോപ്യൻ യൂണിയൻ-യു.എസ്. സാമ്രാജ്യത്വ ശക്തികളുടെ പൂർണ്ണ സംരക്ഷണയിലും പിന്തുണയിലും അധികാരത്തിൽ വരികയും ചെയ്തു. മറുവശത്ത് രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഉക്രൈനിയൻ ഭാഷ സംസാരിക്കുന്ന എണ്ണത്തിൽ കുറവായ ജനത ഒരു വശത്തും കിഴക്കു തെക്കും ഭാഗങ്ങളിലുള്ള റഷ്യൻ ഭാഷ സംസാരിക്കുന്ന വിപുലമായ ജനത മറുവശത്തുമായുള്ള സംഘർഷം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉക്രൈനിൽ നിന്ന് ക്രിമിയൻ പ്രദേശം റഷ്യ തിരിച്ചുപിടിച്ചു. ഇവിടെ റഷ്യക്ക് ഒരു നാവികത്താവളമുണ്ട്. ഏതാനും ആഴ്ചകൾക്ക് മുൻപ് കിഴക്കും തെക്കുമുള്ള ഉക്രൈൻ പ്രദേശങ്ങളുടെ സ്വയംഭരണത്തിന് വേണ്ടിയുള്ള ഒരു ജനകീയഹിതപരിശോധനയിൽ ദശലക്ഷങ്ങൾ വോട്ടു ചെയ്തു. ഉക്രൈനിയൻ ഉദ്യോഗസ്ഥരും സാമ്രാജ്യത്വശക്തികളും ആ തെരഞ്ഞെടുപ്പ് നിയമ വിരുദ്ധമെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞു. പക്ഷേ ഈ പശ്ചാത്തലത്തിൽ പാശ്ചാത്യ സാമ്രാജ്യത്വ അനുകൂലിയും കോടീശ്വരനുമായ അധികാരപ്രഭു പെട്രോ പൊറൊഷെങ്കോ അവസാനം നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ചപ്പോൾ, യു.എസിലേയും യൂറോപ്യൻ യൂണിയനിലേയും സാമ്രാജ്യത്വവാദികൾ വിജയിയായ അധികാരപ്രഭുവിനുമേൽ അനുമോദനങ്ങൾ ചൊരിഞ്ഞു. അവർ അയാളിൽനിന്ന് വിധേയത്വമുള്ള ഒരു ഭരണകർത്താവിനെ പ്രതീക്ഷിക്കുന്നുണ്ട്. പക്ഷേ അവരുടെ ദൗർഭാഗ്യമെന്നുപറയട്ടെ ഈ വിജയത്തിൻമേൽ ശ്രദ്ധേയമായ ഒരു പൊരുത്തക്കേട് നിഴൽ വീഴ്ത്തിയിരുന്നു. ഏതാനും ആഴ്ചകൾക്ക് മുൻപ് ഹിതപരിശോധനയിൽ ആവേശപൂർവ്വം വോട്ടുചെയ്ത ഉക്രൈനിലെ ജനസാന്ദ്രതയേറിയ നഗര പ്രദേശങ്ങളായ തെക്കൻ-കിഴക്കൻ മേഖലകളിലെ ദശലക്ഷക്കണക്കിന് വോട്ടർമാർ ഈ തെരഞ്ഞെടുപ്പിൽ ശ്രദ്ധേയമായ നിസ്സംഗതപുലർത്തി. വിശാലമായ ഈ മേഖലയിലെ പോളിംഗ് സ്റ്റേഷനുകൾ ശൂന്യമായിരുന്നു. അതിനാൽ ഉക്രൈനിലെ ഔദ്യോഗിക തെരഞ്ഞടുപ്പിനെ ദശലക്ഷങ്ങൾ ബഹിഷ്കരിച്ചു, ഈജിപ്തിലേതുപോലെ. ഈ ബഹിഷ്കരണം അവിടങ്ങളിലെ ഏകാധിപത്യങ്ങൾക്ക് വിശാലമായ പിന്തുണയുണ്ടെന്ന അവകാശവാദങ്ങളെ ഗൗരവമായി ചോദ്യം ചെയ്യുന്നുണ്ട്. മറുഭാഗത്ത് ഈജിപ്തിലെയും ഉക്രൈനിലെയും ഈ കളങ്കിതമായ വേട്ടെടുപ്പുകൾക്ക് യു.എസ് മറ്റ് സാമ്രാജ്യത്വശക്തികളും നൽകിയ ഉദാരമായപിന്തുണ കാണിക്കുന്നത് അവരുടെ സ്വാധീന മേഖലകൾ നിലനിർത്താനോ വികസിപ്പിക്കാനോ ഉതകുന്ന വിധത്തിൽ അവർ ആഗ്രഹിക്കുന്ന ഒരു ശക്തി ഈ രാജ്യങ്ങൾ ഭരിച്ചുകാണാനുള്ള ഉൽസാഹം എത്രയുണ്ടെന്നാണ്.

### സിറിയൻ ജനതക്കുമേൽ കെട്ടിയേൽപ്പിച്ച യുദ്ധം സാമ്രാജ്യത്വ ശക്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

അറബ് ലോകത്ത് പശ്ചിമേഷ്യയിലുള്ള മറ്റൊരു രാജ്യമായ സിറിയയും ശക്തമായ, തികഞ്ഞ മുതലാളിത്ത വാഴ്ചക്ക് വിധേയമാണ്, ഇപ്പോൾ പ്രസിഡന്റ് ബാഷർ അൽ ആസ്സദിനു കീഴിൽ. അതിനാൽ ജീർണ്ണമായ മുതലാളിത്തത്തിന്റെ ഇക്കാലത്ത് മറ്റേതൊരു മുതലാളിത്ത രാജ്യത്തെയും പോലെ സിറിയൻ ജനങ്ങളും മുതലാളിത്ത വ്യവസ്ഥയുടെ നിർദ്ദയമായ ഭരണത്തിൽ കീഴിൽ ചൂഷിതരും മർദ്ദിതരുമാണ്. പക്ഷേ അതുകൊണ്ട് ഒരു കാരണവശാലും പശ്ചിമേഷ്യയിലെ സാമ്രാജ്യത്വ അനുകൂലികളായ ഏതെങ്കിലും രാജ്യത്തിന് സിറിയയിൽ ഒരു ഭരണമാറ്റം നടത്തിയെടുക്കാനായി പ്രസിഡന്റ് ആസ്സദിനെ താഴെയിറക്കി, അവർ തീരുമാനിക്കുന്ന ചില പിന്തിരിപ്പൻമാർ ചേരുന്ന ഒരു പാവസർക്കാരിനെ അധികാരത്തിൽ ഇരുത്താനുദ്ദേശിച്ച് അവിടെ ഇടപെടാനും വിമത പ്രവർത്തനം പ്രോൽസാഹിപ്പിക്കാനും യാതൊരവകാശവും ലഭിക്കുന്നില്ല. പക്ഷേ സാമ്രാജ്യത്വ ശക്തികളും അവരുടെ കൂട്ടാളികളും നടത്തുന്ന അപലപനീയമായ ഈ പരിശ്രമമാണ് മൂന്ന് വർഷമായി ആ രാജ്യത്തിന് സഹിക്കേണ്ടിവന്നിരിക്കുന്ന നിരന്തരയുദ്ധത്തിലൂടെ തെളിയുന്നത്. യുദ്ധം മൂലം ഒന്നര ലക്ഷം സിറിയക്കാർ കൊല്ലപ്പെടുകയും മൂന്ന് ലക്ഷംപേർ രാജ്യം വിട്ട് ഓടിപ്പോകാൻ നിർബന്ധിരാവുകയും ചെയ്തു. മറിച്ചുള്ള എല്ലാ പ്രചരണവുമുണ്ടെങ്കിലും വിമതർ എന്നു വിളിക്കപ്പെടുന്നവർ അമേരിക്കൻ, യൂറോപ്യൻ യൂണിയൻ സാമ്രാജ്യത്വ ശക്തികളും സൗദിഅറേബ്യയും ചെലവുവഹിക്കുന്ന ഭീകരവാദികളും കലാപകാരികളും അറബ് ലോകത്തെ മറ്റ് അറുപിന്തിരിപ്പൻ സർക്കാരുകളിൽ നിന്ന് സഹായങ്ങൾ ലഭിക്കുന്ന പതിനായിരക്കണ

(ശേഷം 10-ാം പേജിൽ)

# സഖാവ് എ.ജലാലുദ്ദീന് ലാൽസലാം!



എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയംഗവും എ.ഐ. യു.റ്റി.യു.സി സംസ്ഥാന വൈസ്പ്രസിഡന്റുമായ സ.എ.ജലാലുദ്ദീൻ അന്തരിച്ചു. ജൂൺ 12-ന് തിരുവനന്തപുരത്ത് ഒരു വാഹനാപകടത്തെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സഖാവ് ജലാലുദ്ദീൻ (67) ജൂൺ 19 രാത്രി 9.45-ന് മരണത്തിന് കീഴടങ്ങുകയായിരുന്നു.

ചരമവാർത്തയറിഞ്ഞയുടൻ തന്നെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റി ഓഫീസിൽ പതാക താഴ്ത്തിക്കെട്ടി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പാർട്ടി ഓഫീസുകളിലെ പതാക താഴ്ത്തിക്കെട്ടി. ജൂൺ 20 രാവിലെ 11 മണിക്ക് മൃതദേഹം സ.ജലാലുദ്ദീൻ താമസിച്ചിരുന്ന നേതാജിനഗറിലെ ഗവ.ക്വാർട്ടേഴ്സിൽ കൊണ്ടുവന്നു. റെസിഡന്റ്സ് അസോസിയേഷന്റെ അന്ത്യോപചാരങ്ങൾക്കുശേഷം മൃതദേഹം പാർട്ടി സംസ്ഥാനകമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വെച്ചു. വിവിധ രാഷ്ട്രീയപ്പാർട്ടി നേതാക്കളും ട്രേഡ്‌യൂണിയൻ നേതാക്കളും വിവിധ തുറകളിലുള്ള പ്രമുഖ വ്യക്തികളും അന്ത്യോപചാരമർപ്പിച്ചു. എസ്.യു. സി.ഐ(സി) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സ.സി. കെ.ലൂക്കോസ് മൃതദേഹത്തിൽ ചെമ്പതാക പുതപ്പിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവരും ഇതര സംസ്ഥാനകമ്മിറ്റിയംഗങ്ങളും, വിവിധ ജില്ലാക്കമ്മിറ്റി സെക്രട്ടറിമാരും മുന്നണി ബഹുജനസംഘടനകളുടെ സംസ്ഥാനനേതാക്കളും അന്ത്യോപചാരമർപ്പിച്ചു. തുടർന്ന് വിവിധ-ജനകീയ-രാഷ്ട്രീയ നേതാക്കൾ ഉപചാരങ്ങൾ അർപ്പിക്കാനെത്തി. എം.എൽ.എ മാരായ കെ. മുരളീധരൻ, വി.ശശി, കടകംപള്ളി സുരേന്ദ്രൻ (സിപിഐ(എം) ജില്ലാ സെക്രട്ടറി), തിരുവനന്തപുരം നഗരസഭാ മേയർ ചന്ദ്രിക, ട്രേഡ് യൂണിയൻ നേതാക്കളായ കെ.പി.ശങ്കരദാസ് (എഐറ്റിയുസി), കെ.വരദരാജൻ (സിഐടിയു), എസ്.യു.റ്റി മുൻ ഡയറക്ടർ ഡോ.കെ.ഭരത്ചന്ദ്രൻ, സേവ സെക്രട്ടറി സോണിയാജോർജ്ജ്, സ്വീറ്റാദാസൻ, സുജനപ്രിയൻ (എഐറ്റിയുസി) വി.കെ.സദാനന്ദൻ (എഐയുറ്റിയുസി), ജ്യോതിഷ്കുമാർ (ബിഎംഎസ്) ഷൈല.കെ.ജോൺ(എഐഎംഎസ്എസ്), ഇ.എൻ.ശാന്തിരാജ് (എഐഡിഎസ്ഒ) തുടങ്ങി നിരവധി നേതാക്കൾ അന്ത്യോപചാരമർപ്പിച്ചു. വൈകിട്ട് 5 മണിക്ക് നൂറുകണക്കിന് സഖാക്കളുടെയും അനുഭാവികളുടെയും അകമ്പടിയോടെ മൃതദേഹം തൈക്കാട് വൈദ്യുതശ്മശാനത്തിലേയ്ക്ക് ഘോഷയാത്രയായി കൊണ്ടുപോയി. അന്തരിച്ച പ്രിയ സഖാവിന് അന്ത്യോപചാരമർപ്പിച്ചുകൊണ്ട് സഖാവ് സി.കെ.ലൂക്കോസ് നടത്തിയ പ്രസംഗത്തെത്തുടർന്ന് മൃതദേഹം സംസ്കരിച്ചു.

## എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയുടെ ആദരാഞ്ജലികൾ

എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയംഗവും എ.ഐ.യു.റ്റി. യു.സി സംസ്ഥാന വൈസ്പ്രസിഡന്റുമായ സ.എ.ജലാലുദ്ദീൻ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. അന്തരിച്ച പ്രിയസഖാവിന് എസ്.യു.സി.ഐ(സി) കേരള സംസ്ഥാന കമ്മിറ്റി ആദരാഞ്ജലികളർപ്പിക്കുന്നു.

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കേരളത്തിലെ ആദ്യകാല സംഘാടകരിലൊരാളായിരുന്നു സഖാവ് ജലാലുദ്ദീൻ. മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന്റെ ആശയങ്ങളിൽ ആകൃഷ്ടരായി, ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ അവസാനം കേരളത്തിൽ എസ്.യു.സി.ഐ(സി) കെട്ടിപ്പടുക്കാനായി മുന്നോട്ടുവന്ന കൊല്ലം ടി.കെ. എം.എഞ്ചിനിയറിംഗ് കോളേജിലെ ഒരു സംഘം വിദ്യാർത്ഥികളിൽ ഒരാളായിരുന്നു അദ്ദേഹം. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിമോചനപ്പോരാട്ടം വളർത്തിയെടുക്കാനായി ആത്മാർപ്പണം ചെയ്യുകയെന്നതാണ് ഈ കാലഘട്ടത്തിലെ മഹത്തായ ജീവിതമാതൃക എന്ന് മനസ്സിലായ നാൾ മുതൽ അദ്ദേഹം എസ്.യു.സി.ഐ(സി) കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിനായി സ്വയം സമർപ്പിച്ച് പാർട്ടിയുടെ മുഴുവൻസമയ പ്രവർത്തകനായി. രാഷ്ട്രീയ എതിരാളികളുടെയും പ്രതിലോമശക്തികളുടെയും ഭാഗത്തുനിന്നും വധശ്രമമുൾപ്പെടെയുള്ള പലവിധ ആക്രമണങ്ങളുണ്ടായപ്പോഴും അദ്ദേഹം അചഞ്ചലം തന്റെ ആദർശത്തിൽ ഉറച്ചുനിന്നു. അടിയന്തിരാവസ്ഥക്കാലത്ത് അദ്ദേഹം അദ്ധ്യാപകനായി ജോലിചെയ്തിരുന്ന സാങ്കേതികവിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാരുടെ അവകാശസമരം സംഘടിപ്പിച്ചതിന്റെ പേരിൽ ജോലിയിൽ നിന്ന് പിരിച്ചയയ്ക്കപ്പെട്ടു. ദീർഘകാലം പാർട്ടിയുടെ കൊല്ലം ജില്ലാ സെക്രട്ടറിയുമായിരുന്നു.

സ.ശിബ്ദാസ് ഘോഷിന്റെ ആശയനേതൃത്വത്തിലുള്ള ട്രേഡ്‌യൂണിയൻ പ്രസ്ഥാനം കേരളത്തിൽ വളർത്തിയെടുക്കുന്നതിൽ സ.ജലാലുദ്ദീൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. ദീർഘകാലം എ.ഐ. യു.റ്റി.യു.സിയുടെ കേരളത്തിലെ ചുമതല വഹിച്ചിരുന്നയാളെന്ന നിലയിൽ അദ്ദേഹം വൈദ്യുതിബോർഡ്, എച്ച്.എൻ.എൽ, മലബാർ സിമന്റ്സ്, കെ.എം.എം.എൽ, പുനലൂർ പ്ലൈവുഡ് തുടങ്ങിയ വ്യവസായങ്ങളിലും കയർ, കശുവണ്ടി, മത്സ്യബന്ധനം, മത്സ്യസംസ്കരണം, നിർമ്മാണം തുടങ്ങിയ മേഖലകളിലും തൊഴിലാളി യൂണിയനുകൾക്ക് നേതൃത്വം നൽകിയിരുന്നു. തൊഴിലാളിതാല്പര്യം സംരക്ഷിക്കാനായി കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി തൊഴിലാളികളെ ഒന്നിപ്പിക്കുക എന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ ആശയം അദ്ദേഹം സർഗ്ഗാത്മകമായി നടപ്പിലാക്കി. അന്തരിച്ച തലമുതിർന്ന ട്രേഡ്‌യൂണിയൻ നേതാവ് സ.കെ.പി.കോസലരാമദാസുമായി സഹകരിച്ച് അത്തരത്തിലുള്ള നിരവധി യൂണിയനുകൾ കെട്ടിപ്പടുക്കുകയും നയിക്കുകയും ചെയ്തു.

സ.ജലാലുദ്ദീൻ ഏതാനും വർഷം എ.ഐ.യു.റ്റി.യു.സിയുടെ അഖിലേന്ത്യാ വൈസ്പ്രസിഡന്റുമാരിൽ ഒരാളായിരുന്നു. കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി യോജിച്ച സമരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്ത കാലങ്ങളിൽ കേന്ദ്ര ട്രേഡ്‌യൂണിയനുകൾ രൂപം കൊടുത്തിട്ടുള്ള നാഷണൽ ക്യാംപെയ്ൻ കമ്മിറ്റി, സ്പോൺസറിംഗ് കമ്മിറ്റി, ട്രേഡ്‌യൂണിയൻ ഐക്യവേദി തുടങ്ങിയ സമരവേദികളിൽ നേതൃത്വപരമായ പങ്ക് വഹിച്ചു. ഈയടുത്ത ഏതാനും വർഷങ്ങളായി അനാരോഗ്യം മൂലം പല ചുമതലകളിൽ നിന്നും ഒഴിഞ്ഞുനില്ക്കുകയായിരുന്നുവെങ്കിൽപ്പോലും വ്യത്യസ്ത വിഭാഗം തൊഴിലാളികളുടെ അവകാശസമരങ്ങൾക്ക് തന്റെ വിപുലമായ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം ആശയനേതൃത്വം നൽകിയിരുന്നു. ആഗോളവൽക്കരണ നയങ്ങൾക്കെതിരെ വീറുറ്റ തൊഴിലാളിപ്രസ്ഥാനം ദേശവ്യാപകമായി വളർത്തിയെടുക്കുകയെന്നത് അടിയന്തിര കർത്തവ്യമായിരിക്കുന്ന ഈ നാളുകളിൽ, പരിണതപ്രജ്ഞനായ ഈ തൊഴിലാളി നേതാവിന്റെ പൊടുന്നനെയുള്ള ഈ വിയോഗം നമ്മുടെ നാട്ടിലെ ഇടതുപക്ഷ ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിന് വളരെ കനത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നത്.

**സഖാവ് ജലാലുദ്ദീന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റി ആദരാഞ്ജലികളർപ്പിക്കുന്നു.**

## സഖാവ് ജലാലുദ്ദീൻ അനുസ്മരണയോഗം

# സർവ്വാശ്ലേഷിയായ ജീവിതസമരം കൂടാതെ വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കാനാവില്ല

**– സഖാവ് കൃഷ്ണചക്രവർത്തി**

അന്തരിച്ച പ്രിയസഖാവ് എ.ജലാലുദ്ദീന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 27 ഉച്ച തിരിഞ്ഞ് 3 മണിക്ക് കൊല്ലം വൈ.എം.സി.എ ഹാളിൽ വച്ച് അനുസ്മരണയോഗം നടന്നു. പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സ.സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ച യോഗം പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടേറിയറ്റംഗം സ.വി.വേണുഗോപാൽ, എംസിപിഐ(യു) ജില്ലാസെക്രട്ടേറിയറ്റംഗം സ.മോഹൻലാൽ, എഐയുറ്റിയുസി സംസ്ഥാനസെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, യുറ്റിയുസി ദേശീയപ്രസിഡന്റ് സ.എ.എ.അസീസ് എംഎൽഎ, എഐറ്റിയുസി സംസ്ഥാനസെക്രട്ടറി സ.ജെ.ഉദയഭാനു, ബിഎംഎസ് കൊല്ലം ജില്ലാസെക്രട്ടറി ശ്രീ.ശിവജി സുദർശനൻ, ഐഎൻടിയുസി കൊല്ലം ജില്ലാപ്രസിഡന്റ് ശ്രീ.അയത്തിൽ തങ്കപ്പൻ, ടൈറ്റാനിയം കോംപ്ലെക്സ് എംപ്ലോയീസ് യൂണിയൻ - യുടിയുസി(ബി) പ്രസിഡന്റ് ശ്രീ.ഡാരിയസ് ഡിക്രൂസ്, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജനറൽസെക്രട്ടറി സ.എസ്.സീതിലാൽ തുടങ്ങി നിരവധി രാഷ്ട്രീയ ട്രേഡ്‌യൂണിയൻ നേതാക്കൾ പ്രസംഗിച്ചു. സ.കൃഷ്ണചക്രവർത്തിയുടെ പ്രസംഗത്തിന്റെ സംക്ഷിപ്ത പരിഭാഷ താഴെക്കൊടുക്കുന്നു.




കൊല്ലത്തു നടന്ന അനുസ്മരണയോഗത്തിൽ എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി മുഖ്യപ്രഭാഷണം നടത്തുന്നു.

സഖാവ് അദ്ധ്യക്ഷൻ, വിവിധ ട്രേഡ്‌യൂണിയനുകളുടെ നേതാക്കളേ, എഐയുറ്റിയുസിയുടെയും എസ്‌യുസിഐ(സി)യുടെയും പ്രവർത്തകരേ, സഖാക്കളേ സുഹൃത്തുക്കളേ,

ഇത്രയും ദുഃഖകരമായ ഒരവസരത്തിൽ സംസാരിക്കുകയെന്നത് വളരെ പ്രയാസകരമാണ്. പഴയകാലത്തെ ഓർമ്മകൾ മനസ്സിൽ തിക്കിത്തിരക്കി വരുന്നു. നമ്മെ വിട്ടുപിരിഞ്ഞ സഖാക്കളുടെ സ്മരണകൾ. കേരളത്തിലെ ആദ്യകാല സഖാക്കൾ കോളേജ് വിദ്യാർത്ഥികളായിരുന്ന കാലത്ത്, മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)-ന്റെ നേതൃത്വത്തിലുള്ള വിപ്ലവപ്രസ്ഥാനത്തിൽ ചേർന്ന നാളുകൾ ഓർമ്മയിലെത്തുകയാണ്. 1970-ലാണ് സഖാവ് ജലാലുദ്ദീൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളാൽ ആകൃഷ്ടനായി, മറ്റ് ചില സഖാക്കളോടൊപ്പം പാർട്ടിയിൽ ചേർന്നത്. കേരളത്തിൽ പാർട്ടിയുടെ ആദ്യനാളുകളായിരുന്നു അത്.

കേരളം ഇടതുപക്ഷശക്തികളുടെ, വിശിഷ്യ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ, ശക്തികേന്ദ്രമായാണ് അറിയപ്പെട്ടിരുന്നത്. 1957-ൽ കേരളത്തിലെ ജനങ്ങൾ സി.പി.ഐ-യെ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറ്റി. പശ്ചിമബംഗാളിൽ ആ പാർട്ടി അധികാരത്തിലേറുന്നതിനും പത്തുവർഷം മുമ്പ്. 1964-ൽ ആ പാർട്ടി സി.പി.ഐ എന്നും സി.പി.ഐ(എം) എന്നും രണ്ടായി പിളർന്നു. രണ്ട് പാർട്ടികൾക്കും അന്ന് ഈ സംസ്ഥാനത്ത് വലിയ ജനശ്രദ്ധ ലഭിച്ചിരുന്നു. 1969-ൽ സി.പി.ഐ(എം)-ൽ നിന്ന് ഒരു വിഭാഗം പുറത്തുവന്ന് സി.പി.ഐ(എം.എൽ) രൂപീകരിച്ചു. കേരളത്തിൽ സിപിഐ(എംഎൽ)-ൽ ചേരാൻ നല്ലൊരു വിഭാഗമുണ്ടായിരുന്നു. കേരളത്തിൽ നമ്മുടെ പാർട്ടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോഴത്തെ പശ്ചാത്തലം ഇതായിരുന്നു. പ്രവർത്തനം ആരംഭിച്ചവരാകട്ടെ വളരെ ചെറുപ്പവുമായിരുന്നു. ആദ്യം മുന്നോട്ടു വന്നത് ടി.കെ.എം.എഞ്ചിനിയറിംഗ് കോളേജിലെ ഏതാനും വിദ്യാർത്ഥികളും ഒന്നുരണ്ട് അദ്ധ്യാപകരുമായിരുന്നു. പാർട്ടിയുടെ പ്രവർത്തനം അക്കാലത്ത് ആരംഭിച്ചില്ല. അത് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഘട്ടമായിരുന്നു. 1970-ൽ പാർട്ടിയുടെ ഒരു സ്കൂൾ ഓഫ് പൊളിടിക്സ് സംഘടിപ്പിക്കപ്പെട്ടു. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയെ സംബന്ധിച്ച ഒരു ക്ലാസ്സായിരുന്നു അത്. ടി.കെ.എം.എഞ്ചിനിയറിംഗ് കോളേജിൽ നിന്ന് ഒരു കൂട്ടം വിദ്യാർത്ഥികൾ ആ സ്കൂളിൽ പങ്കെടുത്തു. പങ്കെടുത്ത വിദ്യാർത്ഥികളെല്ലാവരും അതിനെത്തുടർന്ന് പാർട്ടിയെ പിന്തുണച്ചുവെങ്കിലും അവരിൽ ഏതാനും പേരാണ് പാർട്ടി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറായത്. അവർ കേരളത്തിൽ പാർട്ടി കെട്ടിപ്പടുക്കുകയെന്ന ഏറ്റവും ദുഷ്കരമായ കർത്തവ്യം ഏറ്റെടുത്തു.

കമ്മ്യൂണിസ്റ്റെന്നറിയപ്പെട്ടിരുന്ന പഴയ പാർട്ടിയുടെ നേതാക്കൾ ഒരു യഥാർത്ഥ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിരുന്നുവെങ്കിലും അവർ അതിൽ ദയനീയമായി പരാജയപ്പെട്ടുവെന്ന് നമുക്കറിയാം. പാർട്ടിയുടെ നേതാക്കളുടെയും കേഡർമാരുടെയും ജീവിതത്തെത്തന്നെ പരിവർത്തനപ്പെടുത്താനുള്ള സമരപ്രക്രിയ, ഒരാളെ കമ്മ്യൂണിസ്റ്റാക്കി മാറ്റുന്ന സമരപ്രക്രിയ, അനുവർത്തിക്കാൻ അവർക്ക് സാധിച്ചില്ല എന്നതാണ് കാരണം. ദ്വന്ദാത്മക ഭൗതികവാദപരമായ സമീപനവും വീക്ഷണവും സ്വാംശീകരിക്കുകയും, വ്യക്തിതാല്പര്യത്തെ സമൂഹത്തിന്റെ താല്പര്യവുമായി താദാത്മ്യപ്പെടുത്താനുള്ള സമരത്തിലൂടെ ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരമായ സാമൂഹികതയുടെ സംസ്കാരം ആർജ്ജിക്കുകയും ചെയ്യുന്നതിനായുള്ള ശരിയായ സമരപ്രക്രിയ. അങ്ങേയറ്റം ദുഷ്കരവും അതേസമയം തന്നെ ശ്രേഷ്ഠവുമായ സമരമാണത്. മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ് എന്നീ മഹാന്മാരായ ചരിത്രപുരുഷന്മാരെയും, ഇന്ത്യയിൽ മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് ശിബ്ദാസ് ഘോഷിനെയും സൃഷ്ടിച്ച സമരമാണത്.

കേരളത്തിന്റെ മണ്ണിൽ നമ്മുടെ പാർട്ടി കെട്ടിപ്പടുക്കുകയെന്നത് അന്ന് അങ്ങേയറ്റം ദുഷ്കരമായ ദൗത്യമായിരുന്നു. അത്രയും കഠിനതരമായ ഒരു കർത്തവ്യം ഏറ്റെടുക്കണമെങ്കിൽ വിപ്ലവകരമായ നിശ്ചയദാർഢ്യം അനിവാര്യമായിരുന്നു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമരത്തിലൂടെ യഥാർത്ഥ തൊഴിലാളിവർഗ്ഗ വിപ്ലവസംസ്കാരവും ധാർമ്മികതയും സ്വാംശീകരിക്കേണ്ടത് അതിനാവശ്യമായിരുന്നു. അങ്ങനെ ജീവിതത്തിൽ ഒരു പുതിയ സംസ്കാരം, ശ്രേഷ്ഠമായ ഒരു സംസ്കാരം പ്രതിഫലിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. വിപ്ലവകാരിയുടെ പെരുമാറ്റത്തിൽ, സംസാരത്തിൽ, ജീവിതശൈലിയിൽ എല്ലാം ആ പുതിയ സംസ്കാരം പ്രകാശിതമാകുന്നത് ജനങ്ങൾക്ക് കാണാൻ കഴിയണം. അത്തരമൊരു സമരം ആ സഖാക്കൾ ഏറ്റെടുത്തു. വളരെ ഗൗരവബുദ്ധിയുള്ള ഒരു കൂട്ടം സഖാക്കളായിരുന്നു അവർ. അങ്ങനെ ടി.കെ.എം.എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ കേരളത്തിൽ പാർട്ടി കെട്ടിപ്പടുക്കാൻ ആരംഭിച്ചു.

ആ സമയത്ത് ആ കോളേജിലെ വലിയ തമാശക്കാരനും സരസനുമായ ഒരു ചെറുപ്പക്കാരനായി അറിയപ്പെട്ടിരുന്നയാളാണ് ജലാലുദ്ദീൻ. എല്ലാവരോടും സൗഹാർദ്ദപൂർവ്വം പെരുമാറുകയും ഏവരോടും ഇടപഴകുകയും ചെയ്തിരുന്നയാൾ. അങ്ങനെയൊരാൾ നമ്മുടെ ആ സഖാക്കളുമായിച്ചേർന്ന് പാർട്ടി കെട്ടിപ്പടുക്കാനുള്ള ഇത്രയും ഗൗരവപൂർവ്വവും ശ്രമകരവുമായ ജീവിതസമരം ഏറ്റെടുക്കുമെന്ന് ഒരാൾക്കും വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. മറ്റ് സംസ്ഥാനങ്ങളിലെന്ന പോലെ കേരളത്തിലും തുടക്കം മുതൽ തന്നെ നമ്മൾ പാർട്ടിസഖാക്കൾ ഒന്നിച്ചുജീവിക്കുന്ന സെന്റർ ആരംഭിച്ചിരുന്നു. 1970-ൽത്തന്നെ കേരളത്തിൽ പാർട്ടി സെന്റർ ആരംഭിച്ചു. മറ്റെല്ലാം ഉപേക്ഷിച്ച് പൂർണ്ണമനസ്സോടെ പാർട്ടി കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള സമരത്തിലേർപ്പെട്ടിരുന്ന സഖാക്കൾ സെന്റർജീവിതത്തിലേയ്ക്ക് വന്നു. പുതിയ ഒരു ജീവിതസങ്കല്പവും മൂല്യബോധവും ജീവിതത്തിൽ സ്വാംശീകരിക്കാൻ വേണ്ടിയുള്ള സമരത്തിൽ അവർ മുഴുകി.

തുടർന്ന് ഒരു കൂട്ടം മെഡിക്കൽവിദ്യാർത്ഥികൾ പാർട്ടിയിൽ വന്നു. അവരിൽ ചിലർ പാർട്ടിയ്ക്കുള്ളിലെ സമരപ്രക്രിയയ്ക്ക് പൂർണ്ണമായും വിധേയരാകാൻ തയ്യാറായി. കുറെ കോളേജ്‌വിദ്യാർത്ഥികളും ബുദ്ധിജീവികളും ചേർന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാൻ പോകുന്നത് എന്നുപറഞ്ഞ്, മറ്റ് പാർട്ടികളിൽ പെടുന്നവർ അന്ന് നമ്മെ പരിഹസിച്ചിരുന്നു. കേരളത്തിന്റെ മണ്ണിൽ ഇത്രയും മഹത്തായ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ നമുക്ക് സാധിക്കുമെന്ന് അവർക്ക് വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. അക്കാലത്തേയ്ക്ക് തിരിഞ്ഞുനോക്കുകയാണെങ്കിൽ, നിങ്ങൾക്കും അത് സാദ്ധ്യമായി തോന്നണമെന്നില്ല. പക്ഷെ, അത് സാദ്ധ്യമായി. അത് കേരളത്തിൽ സജീവമായൊരന്തരീക്ഷം, അത്തരമൊരു പ്രത്യയശാസ്ത്ര സാംസ്കാരികപ്രസ്ഥാനം, സൃഷ്ടിക്കുകയുണ്ടായി. അങ്ങനെ നമുക്ക് കേരളത്തിൽ പാർട്ടി കെട്ടിപ്പടുക്കാൻ സാധിച്ചു. പാർട്ടി വളർന്നുകൊണ്ടിരിക്കുകയുമാണ്.

അങ്ങേയറ്റം യാതനാപൂർണ്ണവും അസാദ്ധ്യമെന്നുതന്നെ തോന്നുന്ന തരത്തിൽ ദുഷ്കരവുമായ സമരമായിരുന്നു അത്. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകളിൽ അഗാധമായ ബോദ്ധ്യം അതിനാവശ്യമായിരുന്നു. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്ത അംഗീകരിക്കുന്നതുകൊണ്ട് മാത്രം അത് സാധിക്കുമായിരുന്നില്ല. ആഴത്തിലുള്ള വിശ്വാസം, ആ ആദർശം ശരിയാണെന്ന ധാരണ, അത് മഹത്തായ കാര്യമാണ്. പക്ഷെ, ആ ധാരണയും തകർന്നു പോകാം. പക്ഷെ, ആഴത്തിലുള്ള ബോദ്ധ്യപ്പെടലുണ്ടാകുമ്പോൾ എത്ര വലിയ പ്രതിസന്ധിയിലും ഒരു ചാഞ്ചല്യവുമുണ്ടാകുന്നില്ല. സാമൂഹ്യമാറ്റത്തിന്റെ അനിവാര്യതയെപ്പറ്റി ഉറച്ച ബോദ്ധ്യമുണ്ടാകുന്നു. സമൂഹം മാറുന്നു. അളവിലുള്ള മാറ്റത്തിൽ നിന്ന് ഗുണപരമായ മാറ്റത്തിലേയ്ക്ക്. മുമ്പ് നിലനിന്നിരുന്ന സമൂഹം അപ്രകാരം ഗണപരമായും ഗുണപരമായുമുള്ള മാറ്റത്തിന് വിധേയമായി പുതിയൊരു സമൂഹത്തിന്, പുതിയ സാമൂഹ്യഘടനയ്ക്ക് രൂപം നൽകി. സാമ്പത്തികം, സാമൂഹ്യം, രാഷ്ട്രീയം, വിദ്യാഭ്യാസം, നിയമപരം, ധാർമ്മികം എന്നിങ്ങനെ സർവ്വ മണ്ഡലങ്ങളിലും മാറ്റം സംഭവിച്ചു. അതിനെയാണ് നാം വിപ്ലവമെന്ന് വിളിക്കുന്നത്.

മാർക്സ് പറഞ്ഞ വിപ്ലവം കേവലം ഒരു ആഗ്രഹചിന്തയല്ല. സാമൂഹ്യവികാസനിയമങ്ങളുടെ അനിവാര്യഫലമാണത്. പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ പോലെ തന്നെ വസ്തുനിഷ്ഠമായ നിയമങ്ങളുടെ പ്രവർത്തനഫലമായി സംഭവിക്കുന്നതാണത്. അളവിലുള്ള മാറ്റം ഗുണപരമായ മാറ്റത്തിലേയ്ക്ക് നയിക്കുന്നതെങ്ങനെയെന്ന് മാർക്സ് ചൂണ്ടിക്കാട്ടി. പ്രകൃതിയിൽ സംഭവിക്കുന്നതുപോലെ സമൂഹത്തിലും അളവിലുള്ള മാറ്റം ഗുണത്തിലുള്ള മാറ്റത്തിലേയ്ക്ക് നയിക്കുകയും, പഴയ സാമൂഹ്യഘടന തകർന്ന് തൽസ്ഥാനത്ത് പുതിയ സാമൂഹ്യസംവിധാനവും പുതിയ ധാർമ്മികതയും സംസ്കൃതിയും ഉടലെടുക്കുകയും ചെയ്യുമെങ്കിൽപ്പിന്നെ ഇത്രയേറെ കഷ്ടപ്പെട്ട് വിപ്ലവപ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെന്തെന്ന് ചോദിച്ചേയ്ക്കാം. മാർക്സിസം അതിനും ഉത്തരം നൽകിയിട്ടുണ്ട്. സാമൂഹ്യമാറ്റം കേവലം പ്രകൃതിയിലെ മാറ്റങ്ങളെപ്പോലെയല്ല. പ്രകൃതിയിൽ അളവിലുള്ള മാറ്റം സ്വയമേവ ഗുണപരമായ മാറ്റത്തിലേയ്ക്ക് നയിക്കുന്നു. എന്നാൽ, സാമൂഹ്യമാറ്റത്തെ സംബന്ധിച്ചിടത്തോളം മനുഷ്യബോധത്തിന് അതിലൊരു പങ്ക് വഹിക്കാനുണ്ട്. ചിലപ്പോൾ

(ശേഷം 5-ാംപേജിൽ)

# സഖാവ് ജലാലുദ്ദീൻ അനുസ്മരണം

(4-ാംപേജിൽ നിന്ന് തുടർച്ച)

ബോധം നിർണ്ണായകമായ പങ്ക് തന്നെ വഹിക്കാറുണ്ട്. പ്രബുദ്ധമായ ഒരു പ്രസ്ഥാനമില്ലാതെ വിപ്ലവമുണ്ടാവുക സാദ്ധ്യമല്ല. അതില്ലാതെ എത്രയെല്ലാം പോരാട്ടങ്ങൾ നടത്തിയാലും ഫലമില്ല. പഴയ അവിഭജിത സിപിഐ എത്രമാത്രം പോരാട്ടങ്ങളാണ് നടത്തിയത്. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? പ്രതിലോമശക്തികൾ രാജ്യത്തെങ്ങും മേൽക്കൈ നേടിയിരിക്കുകയാണ്. എന്തുകൊണ്ട്? ഇത് ഇടതുപക്ഷപ്രസ്ഥാനത്തിന്റെ പരാജയം കൊണ്ടാണ്.

ജനങ്ങൾക്ക് സമരമാണ് ആവശ്യം. പക്ഷെ, അതിനുള്ള ശരിയായ നേതൃത്വം ഉണ്ടായിരുന്നില്ല. നേതൃത്വത്തിന്റെ അഭാവമാണ് പ്രശ്നം. ശരിയായ രാഷ്ട്രീയലൈൻ, ശരിയായ പ്രത്യയശാസ്ത്രം- അതാണാവശ്യം. ഒരുയർന്ന സംസ്കാരം – അതാണാവശ്യം. **ഉയർന്ന സംസ്കാരമില്ലാതെ ഒരുയർന്ന പ്രസ്ഥാനമുണ്ടാവുക സാദ്ധ്യമല്ല. ഒരു നാൾ ഒരു കമ്മ്യൂണിസ്റ്റ് സമുദായം, ഇന്നത്തെ സാഹചര്യത്തിൽ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കാൻ പോന്ന ഉന്നതമായ സംസ്കാരമില്ലാതെ വിപ്ലവമുണ്ടാവുകയില്ല. മുതലാളിത്തം ഇന്ന് അവസരവാദത്തിനും വ്യക്തികേന്ദ്രീയതയ്ക്കും ജന്മം നൽകുകയാണ്. വ്യക്തിവാദസംസ്കാരത്തിൽ നിന്ന് ഇന്ന് അനിവാര്യമായും അതുണ്ടാകാതെ വയ്യ. മുതലാളിത്തത്തിന്റെ ഇന്നത്തെ ഈ മരണാസന്ന ദശയിൽ അത് വഷളായ വ്യക്തിവാദമാണ് സൃഷ്ടിക്കുന്നത്.** അഴിമതി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്നുവരുന്ന കുറ്റകൃത്യങ്ങൾ ഇവയെല്ലാം എവിടെ നിന്നാണ് വരുന്നത്? ജീർണ്ണമായ വ്യക്തിവാദത്തിൽ നിന്നുണ്ടാകുന്ന സമ്പൂർണ്ണമായ സാംസ്കാരികത്തകർച്ചയാണ് ഇതിനെല്ലാം കാരണം.

അതിനാൽ, സാംസ്കാരികപ്രസ്ഥാനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. സഖാവ് ജലാലുദ്ദീൻ മേൽസൂചിപ്പിച്ച സഖാക്കൾക്കൊപ്പം ആ സമരത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. കമ്മ്യൂണിസ്റ്റെന്നറിയപ്പെടുന്ന മറ്റ് പാർട്ടികൾ സൃഷ്ടിച്ച ആശയക്കുഴപ്പങ്ങളെ ദൂരീകരിച്ചുകൊണ്ട് ഇവിടെ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാൻ തങ്ങൾക്ക് കഴിയും എന്നവർക്ക് ബോദ്ധ്യപ്പെട്ടത് നമ്മുടെ പാർട്ടിയുടെ നേതാക്കളെക്കണ്ടിട്ടാണ്. സഖാവ് ശിബ്ദാസ് ഘോഷ് തുടങ്ങി എല്ലാ നേതാക്കളും അവരുടെ വ്യക്തിപരമായ ജീവിതവും വ്യക്തിനിഷ്ഠമായ ജീവിതരീതിയും ഉപേക്ഷിച്ചവരായിരുന്നു. അവർ പഴയ സ്വപ്നങ്ങൾ, പെറ്റിബൂർഷ്വാ സ്വപ്നങ്ങൾ ഉപേക്ഷിച്ചു. 'കരിയറിനെ'പ്പറ്റിയുള്ള പഴയ സ്വപ്നങ്ങൾ ഉപേക്ഷിച്ചു. വിപ്ലവജീവിതവും ഒരു കരിയറാണ്. പക്ഷെ, ആ കരിയർ പഴയ സങ്കല്പത്തിലുള്ള കരിയറിൽ നിന്ന് ഗുണപരമായിത്തന്നെ ഭിന്നമാണ്. പഴയ സങ്കല്പത്തിലുള്ള കരിയർ ഒരാളുടെ വ്യക്തിപരമായ സ്ഥാനമാനങ്ങളെയും പദവിയെയുമാണ് കുറിക്കുന്നത്. എന്നാൽ വിപ്ലവകരമായ കരിയർ വ്യക്തിനിഷ്ഠമല്ല, അത് അവൈയക്തികമാണ്. അതാണതിന്റെ സംസ്കാരം.

സ.ജലാലിന്റെ സമരത്തെ മനസ്സിലാക്കണമെങ്കിൽ, ഇക്കാര്യം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ അനുസ്മരിക്കുന്നതുകൊണ്ട് മാത്രം കാര്യമില്ല. മറിച്ച് ആ സമരം മനസ്സിലാക്കണം. ആ സമരത്തിന് ഇന്നും പ്രസക്തിയുണ്ട്. വർഗ്ഗവിഭജനം നിലനിൽക്കുവോളം, മനുഷ്യൻ മനുഷ്യന് മേൽ നടത്തുന്ന ചൂഷണം നിലനിൽക്കുവോളം, ആ സമരത്തിന് പ്രസക്തിയുണ്ട്. ആ സമരം തുടരുകയും ചെയ്യും. അതാണ് കമ്മ്യൂണിസത്തിന്റെ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മഹത്വം. ആ ശ്രേഷ്ഠത അന്ന് ആ സഖാക്കൾ സ്ഥാപിച്ചു. നിങ്ങൾ സഖാക്കളും നിങ്ങളുടേതായ രീതിയിൽ ആ ശ്രേഷ്ഠത സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. സഖാവ് ജലാലിനെ സ്മരിക്കുമ്പോൾ നാം ഈ സമരം അനുസ്മരിക്കണം. സഖാവ് ലൂക്കോസ് ചില കാര്യങ്ങൾ അവതരിപ്പിച്ചു. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അടിയന്തിരാവസ്ഥയുടെ നാളുകളിൽ പോലീസ് അദ്ദേഹത്തെ കള്ളക്കേസിൽപ്പെടുത്തി തടങ്കലിലാക്കി. അദ്ദേഹം അന്നൊരു സാങ്കേതികവിദ്യാഭ്യാസ സ്ഥാപനത്തിൽ ജോലിചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് നിലപാടിന്റെയും സാമൂഹ്യപ്രവർത്തനങ്ങളുടെയും പേരിൽ ആ സ്ഥാപനത്തിന്റെ മാനേജ്മെന്റിന് അദ്ദേഹത്തോട് എതിർപ്പുണ്ടായിരുന്നു. അവരാണ് ആ കള്ളക്കേസിന് പിന്നിൽ പ്രവർത്തിച്ചത്. പക്ഷെ, ഒരു വിപ്ലവകാരിയെ സംബന്ധിച്ചിടത്തോളം അത്ര സാരമുള്ള കാര്യമല്ല. ജയിലിലോ പോലീസ് കസ്റ്റഡിയിലോ ആകുകയെന്നത് വിപ്ലവകാരിയെ സംബന്ധിച്ചിടത്തോളം അസാധാരണമായ കാര്യമല്ല. യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ അതിനെ ഒരു സമ്മാനമായാണ് കാണുന്നത്. അത് വലിയ കാര്യമൊന്നുമല്ല. മറ്റ് പാർട്ടികളുടെ ഗൂണ്ടകൾ അദ്ദേഹത്തെ മർദ്ദിച്ചിട്ടുണ്ട്. അദ്ദേഹം ധൈര്യശാലിയായിരുന്നു. അദ്ദേഹത്തെ അധീരനാക്കാൻ യാതൊന്നിനും കഴിഞ്ഞിരുന്നില്ല. അദ്ദേഹം സ്നേഹസമ്പന്നനായിരുന്നു. അടുത്തറിയുന്നവർക്ക് അതറിയാം.

നമ്മുടെ രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ, പ്രത്യേകിച്ചും മുസ്ലീങ്ങൾക്കെതിരെ, നിരവധിയായ ലഹളകളും അക്രമങ്ങളും നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വളരെ വർഗ്ഗീയമായ ഒരന്തരീക്ഷമാണ് നിലനിൽക്കുന്നത്. തന്മൂലം ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളിൽ ഒരു പ്രത്യേകതരത്തിലുള്ള സാമുദായിക മനോഭാവം കാണപ്പെടാറുണ്ട്. അതിന് അവരെ കുറ്റപ്പെടുത്താനുമാവില്ല. നമ്മുടെ സാമൂഹ്യാവസ്ഥയുടെ സൃഷ്ടിയാണത്. പക്ഷെ, സ.ജലാൽ ന്യൂനപക്ഷ മതവിഭാഗത്തിൽ നിന്ന് വരുന്നയാളാണെങ്കിലും, അദ്ദേഹം അത്തരം മനോഭാവത്തിൽ നിന്ന് പൂർണ്ണമായും മുക്തനായിരുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതാണ് കമ്മ്യൂണിസ്റ്റ് സംസ്കാരം. തൊഴിലാളി വർഗ്ഗ സംസ്കാരം. നമ്മൾ കമ്മ്യൂണിസ്റ്റുകൾക്ക് മതമോ ജാതിയോ ഇല്ല. നാം ഹിന്ദുക്കളോ മുസ്ലീങ്ങളോ അല്ല. ഉയർന്ന ജാതിക്കാരോ താണജാതിക്കാരോ അല്ല. നാം കമ്മ്യൂണിസ്റ്റുകളാണ്. കമ്മ്യൂണിസ്റ്റെന്നാൽ പ്രബുദ്ധതയുള്ള തൊഴിലാളിയെന്നർത്ഥം. കമ്മ്യൂണിസ്റ്റിന്റെ സംസ്കാരം തൊഴിലാളിവർഗ്ഗ സംസ്കാരമാണ്. അയാൾ വർഗ്ഗവിഭജനത്തെയും വർഗ്ഗസമരത്തെയും പറ്റി സൂക്ഷ്മമായ ധാരണ പുലർത്തുകയും, സഹജാവബോധത്താലെന്നപോലെ തൊഴിലാളി വർഗ്ഗത്തിന്റെ താല്പര്യം മനസ്സിലാക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. അയാളുടെ താല്പര്യം തൊഴിലാളിവർഗ്ഗ താല്പര്യമാണ്. അയാൾ ഉദ്ദേശ്യപൂർവ്വം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നയാളാണ്. നർമ്മസംഭാഷണങ്ങളിൽപ്പോലും അയാൾ വിപ്ലവകരമായ ഉദ്ദേശ്യം പുലർത്തുന്നു. തന്റെ വാക്കും ചിന്തയും പ്രവൃത്തിയുമെല്ലാം വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അനുരോധമാക്കിത്തീർക്കാൻ അയാൾ യത്നിക്കുന്നു. അയാൾ ഈ യുഗത്തിലെ ഏറ്റവും ഉയർന്ന ജ്ഞാനം ആർജ്ജിക്കാൻ വേണ്ടിയുള്ള സമരത്തിലേർപ്പെട്ടിരിക്കുന്നു. മാർക്സിസം ശാസ്ത്രത്തിന്റെ ഏറ്റവും വികസിതമായ ധാരണയിൽ അധിഷ്ഠിതമാണ്. വ്യത്യസ്ത ശാസ്ത്രശാഖകളുടെ ഉദ്ഗ്രഥനത്തിലൂടെയാണത് വികസിച്ചുവന്നത്. മാർക്സിസം തന്നെ മഹത്തായ ഒരു ശാസ്ത്രമാണ്. ദ്വന്ദ്വാത്മകമായ ശാസ്ത്രം. ശാസ്ത്രങ്ങളുടെയെല്ലാം ശാസ്ത്രം. പ്രത്യേകിച്ചും പ്രകൃതിയുടെയും സമൂഹത്തിന്റെയും ചിന്തയുടെയും വികാസപരിണാമങ്ങളെ നിയന്ത്രിക്കുന്ന പൊതു നിയമങ്ങൾ അനാവരണം ചെയ്യുന്ന ശാസ്ത്രം.

ഇന്ന് ലോകത്തെമ്പാടും പ്രതിലോമശക്തികൾ മുൻതൂക്കം കൈവരിച്ചിരിക്കുന്നു. സോഷ്യലിസത്തിന്റെ പതനത്തോടെ ലോകത്താകമാനം സാംസ്കാരികമായ അധഃപതനം ദൃശ്യമായിരിക്കുന്നു. അന്ധവും ഭ്രാന്തവുമായ വികാരങ്ങളും മൗലികവാദവും വളരുന്നു. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിങ്ങനെ വ്യത്യസ്ത മതങ്ങളുടെ പേരിലുള്ള ഭ്രാന്ത് വളരുന്നു. യുക്തിബോധം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രീയമനോഭാവം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ശാസ്ത്രം പഠിപ്പിക്കുന്നത് കേവലം അതിന്റെ സാങ്കേതികവശങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ടാണ്. എഞ്ചിനീയറെയോ ഡോക്ടറെയോ ഒക്കെ സാങ്കേതികവൈദഗ്ദ്ധ്യമുള്ളവരെന്ന നിലയിൽ വളർത്തിയെടുക്കുന്നതിന് വേണ്ടി. അതുകൊണ്ട് ഡോക്ടർ ഓപ്പറേഷൻ തിയ്യറ്ററിൽ ശസ്ത്രക്രിയയ്ക്ക് തയ്യാറെടുക്കുമ്പോൾ ആദ്യം അവിടത്തെ ഉപകരണങ്ങളെ തൊട്ടുതൊഴുന്നു. സത്യസന്ധരെങ്കിലും പലരും അങ്ങനെ ചെയ്യുന്നു. അതാണ് ഈ വിദ്യാഭ്യാസത്തിലൂടെ അവർക്ക് കിട്ടുന്ന മനോഭാവം. ഇന്ന് ലോകത്തെങ്ങും ഇതാണവസ്ഥ.

വിപ്ലവപ്രസ്ഥാനം വളർന്ന് മുന്നേറുകയും, മഹാനായ ലെനിന്റെ നേതൃത്വത്തിൽ വിജയം വരിച്ച റഷ്യൻവിപ്ലവത്തിലൂടെ മൂർത്തമായി പ്രകാശിതമാകുകയും ചെയ്ത കാലത്ത്, ലോകത്തെങ്ങും പുരോഗമനശക്തികൾ വളർന്നുവരികയുണ്ടായി. സഖാവ് സ്റ്റാലിൻ അത് മുന്നോട്ടുകൊണ്ടുപോയി. അദ്ദേഹം സോഷ്യലിസത്തെ ദൃഢീകരിച്ചു. അദ്ദേഹം അന്ന് യൂറോപ്പിലെ ഏറ്റവും രോഗഗ്രസ്തമെന്ന് വിളിക്കാവുന്ന അവസ്ഥയിലായിരുന്ന റഷ്യയെ ലോകത്തെ മറ്റൊരു രാജ്യത്തിന്റെയും സഹായമില്ലാതെ തന്നെ മഹത്തായ ഒരു നാഗരികതയാക്കി വളർത്തിയെടുത്തു. സോവിയറ്റ് ജനതയെ അദ്ദേഹം അജയ്യമായ ഒരു ശക്തിയായി വളർത്തി. സഖാവ് സ്റ്റാലിന്റെ മഹത്തായ നേതൃത്വത്തിൻകീഴിൽ ആ അധൃഷ്യ ശക്തിക്ക് രണ്ടാം ലോകയുദ്ധത്തിൽ ജർമ്മനി, ഇറ്റലി, ജപ്പാൻ ഫാസിസ്റ്റ് അച്ചുതണ്ട് ശക്തികളെ സൈനികമായിപ്പോലും പരാജയപ്പെടുത്താൻ സാധിച്ചു. അന്ന് അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ വമ്പൻശക്തികൾക്ക് സാധിക്കാതെയിരുന്ന കാര്യമാണത്. സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ കരുത്തിനെയാണത് കാണിക്കുന്നത്. റഷ്യ സാമ്പത്തികമായും അത്തരത്തിൽ വളർന്നതുകൊണ്ടാണ് അവർക്ക് ലോകത്തെ രക്ഷിക്കാൻ കഴിഞ്ഞത്. ഇന്നോ? വർഗ്ഗവഞ്ചകനായ ക്രൂഷ്ചേവിന്റെ നേതൃത്വത്തിൻകീഴിൽ തിരുത്തൽവാദം വളരുകയും അത് നിരന്തരം തുടരുകയും ചെയ്തതിനെത്തുടർന്ന് ഗോർബച്ചേവിന്റെ കാലത്തെത്തിയപ്പോൾ അത് പ്രതിവിപ്ലവത്തിൽ കലാശിച്ചു. ഇന്ന് റഷ്യയിൽ ജനങ്ങൾ പട്ടിണി അനുഭവിക്കുകയാണ്. ജോലിയിൽ നിന്ന് വിരമിച്ച പ്രായമായ ആൾക്കാർ, സോഷ്യലിസത്തിൻ കീഴിൽ സുഖസൗകര്യങ്ങളോടുകൂടി ജീവിച്ചിരുന്ന ജനങ്ങൾ, ഇന്ന് തെരുവിലേയ്ക്കെറിയപ്പെട്ടുകൊണ്ടിരിക്കുന്നു.

അതിൽ അത്ഭുതമില്ല. സോഷ്യലിസം മഹത്തായ ഒരു സാമൂഹ്യവ്യവസ്ഥയാണ്. അത് മനുഷ്യനെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുന്നു. സമ്പദ്വ്യവസ്ഥയെ ഒരുപിടി വരുന്ന വ്യക്തികളുടെ, മുതലാളിമാരുടെ, പിടിയിൽ നിന്ന് മോചിപ്പിക്കുന്നു. സാമൂഹ്യ ഉൽപ്പാദനോപാധികളുടെ മേൽ സാമൂഹ്യ ഉടമസ്ഥത സ്ഥാപിക്കുന്നു. മുതലാളിത്തത്തിലെന്നപോലെ ലാഭത്തിന് വേണ്ടിയല്ല അവിടെ ഉൽപ്പാദനം നടത്തുന്നത്. മറിച്ച് സമൂഹത്തിന്റെ, ജനങ്ങളുടെ, ആവശ്യങ്ങൾ നിറവേറ്റുകയെന്നതാണ് സോഷ്യലിസത്തിൻ കീഴിൽ ഉൽപ്പാദനത്തിന്റെ ലക്ഷ്യം. ആവശ്യങ്ങളെന്ന് പറയുമ്പോൾ, ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ എന്നർത്ഥം. അത് പുതിയ സംസ്കാരം സൃഷ്ടിക്കുന്നു. പുതിയ സമൂഹത്തിന്, പുതിയ സംസ്കൃതിക്ക്, ജന്മം നൽകുന്നു. ആ പുതിയ സംസ്കൃതിയെ അരുംകൊല ചെയ്തവരാണ് ക്രൂഷ്ചേവും മറ്റ് വർഗ്ഗവഞ്ചകന്മാരും. ഏറ്റവും നീചമായ കുറ്റകൃത്യമാണവർ ചെയ്തത്. ഒരു വ്യക്തിയെ കൊലപ്പെടുത്തിയാൽ അതൊരു കുറ്റകൃത്യമാണ്. ഒരു സംസ്കൃതിയെ കൊലപ്പെടുത്തുകയെന്നാൽ അത് അതിലും എത്രയോ കൊടിയ പാതകമാണ്. കൊലപാതകം നടത്തുന്ന കുറ്റവാളികൾക്ക് വധശിക്ഷ നൽകാറുണ്ട്. ഒരു നാഗരികതയെ വകവരുത്തിയവർക്ക് എന്ത് ശിക്ഷയാണ് നൽകേണ്ടത്. അവരുടെ പാതകത്തിന്റെ ഫലമായാണ് ഇന്ന് നാം ഈ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആ വർഗ്ഗവഞ്ചകന്മരുടെ ചതി മൂലം ലോകമപ്പാടെ ദുരിതങ്ങൾ അനുഭവിക്കുകയാണ്.

**അതിനാൽ, സഖാക്കളേ, നാം നമ്മുടെ ഏതെങ്കിലും സഖാവിനെ അനുസ്മരിക്കുമ്പോൾ ഈ സമരവും ഓർക്കണം. നമ്മുടേതുപോലെയുള്ള ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുകയെന്നു പറഞ്ഞാൽ അതിനർത്ഥം സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവും ധാർമ്മികവും നൈതികവുമായ മണ്ഡലങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന സർവ്വാശ്ലേഷിയായ ഒരു സമരം ഏറ്റെടുത്തിരിക്കുന്നു എന്നാണ്. പുതിയ ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ പുതിയൊരു ജീവിതസങ്കല്പം, പുതിയൊരു സംസ്കൃതി, കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള സമരമാണത്. പഴയതിനെക്കാൾ എത്രയോ ഉന്നതമായ സംസ്കൃതിയാണത്. മനുഷ്യനെ ചൂഷണത്തിൽ നിന്നും ധാർമ്മികാധഃപതനത്തിൽ നിന്നും മോചിപ്പിക്കുന്ന പുതിയ സംസ്കൃതി. സാഹചര്യം അതാവശ്യപ്പെടുമ്പോൾ കേവലം ഒരു വ്യക്തി തന്നെ അത്തരമൊരു സമരത്തിന് തുടക്കം കുറിക്കാം. ലെനിൻ അതാണ് ചെയ്തത്. മാവോ സെ തുങ് അതാണ് ചെയ്തത്. സഖാവ് ശിബ്ദാസ് ഘോഷും ചെയ്തത് അതാണ്.** സഖാവ് ശിബ്ദാസ്

(ശേഷം 9-ാംപേജിൽ)



അനുസ്മരണയോഗം: സദസ്സ്

# ആന്തരിക ദൗർബല്യത്താൽ ഉലയുന്ന സിപിഐ(എം)

**കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായ തിരച്ചടിയെതുടർന്ന് സിപിഐ(എം) പ്രവർത്തകരാകെ നിരാശരാണ്. മാധ്യമ റിപ്പോർട്ടുകളനുസരിച്ച് അവരുടെ നേതാക്കളുടെ സ്ഥിതിയും വ്യത്യസ്തമല്ല. നേതൃമാറ്റമെന്ന ആവശ്യത്തിന് ഇതോടെ ആക്കം വർദ്ധിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ചരിത്രത്തിലാദ്യമായി ഈ ആവശ്യവുമായി സിപിഐ(എം)ന്റെ പശ്ചിമബംഗാൾ പാർട്ടി ഹെഡ് ക്വാർട്ടേഴ്സിനു മുൻപിൽ പ്രതിഷേധ പ്രകടനവും നടന്നു. പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട ചില നേതാക്കളും അസംതൃപ്തരായ പ്രവർത്തകരുമൊക്കെ ഇതിൽ പങ്കെടുത്തിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ നിന്ന് തുടച്ചു നീക്കപ്പെടേണ്ടെങ്കിൽ നേതൃത്വത്തിൽ മാറ്റം വരുത്തണമെന്നാണവർ വിളിച്ചു പറഞ്ഞത്.**

തെരഞ്ഞെടുപ്പ് പരാജയത്തിനു ശേഷവും നേതൃത്വത്തിൽ കടിച്ചു തൂങ്ങുന്നതിനെ ചോദ്യം ചെയ്തതിന്റെ പേരിൽ പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ട പാർട്ടിയുടെ വെബ്സൈറ്റ് കൈകാര്യം ചെയ്തിരുന്ന ഒരു പ്രമുഖൻ, സമാനമനസ്കരായ പാർട്ടി പ്രവർത്തകർക്ക് അയച്ച ഇ-മെയിൽ സന്ദേശത്തിൽ ഇങ്ങനെ പറയുന്നു. "രാഷ്ട്രീയവും തന്ത്രപരമായ പിശകുകളും അരോചകമായ പെരുമാറ്റവും മൂലം രാഷ്ട്രീയത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം പാടെ തകർന്നിരിക്കുന്നു. തെരഞ്ഞെടുപ്പിൽ അമ്പേ പരാജയപ്പെട്ടിട്ടും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവച്ചൊഴിയാൻ ഇവരാരും തയ്യാറല്ല." പോളിറ്റ് ബ്യൂറോ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ അടുത്തയിടെ നടന്ന പശ്ചിമബംഗാൾ സംസ്ഥാന സമിതി യോഗം ബഹളമയമായിരുന്നു. ആരോപണപ്രത്യാരോപണങ്ങളും പരസ്പരം പഴിചാരലും യഥേഷ്ടം നടന്നു. എയർ കൺണ്ടീഷൻഡ് ഓഫീസുകളും കാറുകളും വിട്ട് നേതാക്കള് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങണമെന്നാവശ്യപ്പെടുന്ന പോസ്റ്ററുകൾ പലജില്ലകളിലും പ്രത്യക്ഷപ്പെട്ടിരുന്നു. പാർട്ടിയിലെ കലഹം തെരുവിലെത്തിയപ്പോൾ ഉയർന്നുകേട്ട മുദ്രാവാക്യം കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും പാർട്ടിയിൽ അഴിച്ചുപണി വേണം എന്നതായിരുന്നു. എന്നാൽ കഴിഞ്ഞ നാലുപതിറ്റാണ്ടുകാലമായി സിപിഐ(എം) പിന്തുടരുന്ന രാഷ്ട്രീയം പരിഗണിക്കുമ്പോൾ, തലപ്പത്തുനിന്ന് ഏതാനം ചില നേതാക്കളെ മാറ്റി നിർത്തുന്നതുകൊണ്ട് മാത്രം എല്ലാം ഭദ്രമാകും എന്നതല്ലല്ലോസ്ഥിതി. പ്രശ്നം കുറേക്കൂടി ആഴത്തിലുള്ളതാണ്. പാർട്ടിയിൽ ഇടഞ്ഞു നിൽക്കുന്നവർ ഇടതുപക്ഷരാഷ്ട്രീയത്തോട് യഥാർത്ഥത്തിൽ കൂറുള്ളവരും സമീപകാല തിരിച്ചടികളിൽ നിന്ന് ഗൗരവാവഹമായ പാഠങ്ങൾ പഠിക്കാൻ സന്നദ്ധരുമാണെങ്കിൽ അവരുടെ പരിചിന്തനത്തിനുവേണ്ടി ചിലകാര്യങ്ങൾ ഞങ്ങൾ അവതരിപ്പിക്കട്ടെ.

**അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായല്ല പിറവികൊണ്ടത്**

തെരഞ്ഞെടുപ്പിലെ പ്രകടനത്തിൽ പ്രവർത്തകർ നിരാശരാണ് എന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ പാർട്ടിയുടെ ഈ സ്ഥിതിക്ക് കാരണമെന്താണ്? നേതൃത്വത്തിലുള്ള ചില സഖാക്കളുടെ പരാജയമോ അല്ലെങ്കിൽ അവർ ഇടതുപക്ഷീയതയിൽ നിന്ന് വ്യതിചലിച്ചതോ ആണോ കാരണം? ഇത് അമിത ലളിതവല്കരണമായിപ്പോകും. അവരുടെ പാർട്ടി എന്നെങ്കിലും മാർക്സിസ്റ്റ് തത്വങ്ങൾ പിന്തുടർന്നിട്ടുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. പേരുകൊണ്ട് മാത്രം കമ്മ്യൂണിസ്റ്റ് പാർട്ടിയാകില്ല. പാർട്ടിയെ നയിക്കുന്ന മാർക്സിസ്റ്റ് തത്വചിന്തയുടെ സത്ത ഉൾക്കൊള്ളാനും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും അത് പ്രയോഗത്തിൽ വരുത്താനും കഴിയണം. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ അതു പിളർന്നുണ്ടായ സിപിഐ(എം)നോ എന്നെങ്കിലും ഈ പാത പിന്തുടരാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല. ആത്മാർത്ഥത, സത്യസന്ധത, വമ്പിച്ച ത്യാഗം, മാർക്സിസം ലെനിനിസത്തോടുള്ള അഭിനിവേശം എന്നിവയൊക്കെ ഉണ്ടായിരുന്നെങ്കിലും ശാസ്ത്രങ്ങളുടെ ശാസ്ത്രമെന്ന നിലയിൽ മാർക്സിസത്തെ മനസ്സിലാക്കാനോ ലെനിനിസ്റ്റ് സംഘടനാ തത്വങ്ങൾക്കനുസരിച്ച് പാർട്ടി കെട്ടിപ്പടുക്കാനോ അവിഭക്ത സിപിഐ നേതൃത്വത്തിന് കഴിഞ്ഞില്ല. കമ്മ്യൂണിസ്റ്റ് എന്ന പേര് സ്വീകരിച്ചെങ്കിലും അടിസ്ഥാനപരമായി കമ്മ്യൂണിസ്റ്റിതരമായിത്തന്നെ അത് നിലകൊണ്ടു. കമ്മ്യൂണിസത്തെ ഒരു രാഷ്ട്രീയ മുദ്രാവാക്യമായാണ് അവർ കണ്ടത്. ഒരു ജീവിത തത്വചിന്തയായി മനസ്സിലാക്കാനവർക്കായില്ല. മാർക്സിസം-ലെനിനിസത്തിന്റെ സമീപനപദ്ധതി ഉൾക്കൊള്ളാനോ ഇന്ത്യയുടെ മൂർത്തസാഹചര്യത്തിൽ അത് പ്രയോഗിക്കാനോ അവർക്കായില്ല. ജന്മനായുള്ള ഈ വൈകല്യം സ്വാതന്ത്ര്യസമരകാലത്ത് ഗുരുതരമായ പലതെറ്റുകളും വരുത്തുന്നതിന് ഇടയാക്കി. കോൺഗ്രസ്സിന്റെ ബൂർഷ്വാ നേതൃത്വത്തിനെതിരെ വിപ്ലവ പെറ്റി ബൂർഷ്വാ വിഭാഗവുമായി സഖ്യം സ്ഥാപിച്ചുകൊണ്ട് ഒരു ഇടതുപക്ഷ ബദൽ ഉയർന്നുവരാനുള്ള അവസരമൊരുക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സന്ധിചെയ്തുകൊണ്ട് അധികാരം കൈക്കലാക്കാനുള്ള ഇന്ത്യൻ ദേശീയ മുതലാളി വർഗ്ഗത്തിന്റെ ഗൂഢപദ്ധതിയെ തകർക്കുകയും ചെയ്യുക എന്നതായിരുന്നു അന്നത്തെ ആവശ്യകത. മഹാനായ സ്റ്റാലിൻ നൽകിയ മാർഗ്ഗ നിർദ്ദേശവും ഇതായിരുന്നു. എന്നാൽ, സിപിഐ നേതൃത്വം സുഭാഷ് ചന്ദ്ര ബോസിനെ എതിർക്കുക മാത്രമല്ല ബ്രിട്ടീഷ് ഏജന്റ് എന്നാക്ഷേപിക്കുക പോലും ചെയ്തു. സന്ധി മനോഭാവക്കാരായ ഗാന്ധിയൻ നേതൃത്വത്തിന് സ്വാതന്ത്ര്യസമരത്തിനുമേൽ പിടിമുറുക്കാനും ചൈനയിൽ നടന്നതു പോലുള്ള ഒരു പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ സാദ്ധ്യതയെ തകർക്കാനും ഇത് സഹായകമായി. എന്നു മാത്രമല്ല, ഫാസിസത്തിനെതിരായ ജനകീയ മുന്നേറ്റത്തിന്റെ പേരിൽ അവർ ബ്രിട്ടീഷ് ഭരണാധികാരികളെ പിന്തുണക്കുകയും രാജ്യത്തിന്റെ വിഭജനത്തെ അനുകൂലിക്കുകയും ഫലത്തിൽ ഇന്ത്യൻ ദേശീയ ബൂർഷ്വാ വർഗ്ഗത്തിനും അതിന്റെ രാഷ്ട്രീയ സംഘടനയായ കോൺഗ്രസ്സിനും അധികാരത്തിലേക്കുള്ള പാത സുഗമമാക്കികൊടുക്കുകയും ചെയ്തു. ഇതു വെറുമൊരു പിശകായിരുന്നില്ല, ഒരു ആനമണ്ടത്തരമായിരുന്നു. ഇന്നും ജനങ്ങൾ ഇതിന് വില നൽകേണ്ടിവരുന്നു. സിപിഐ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ആയിരുന്നില്ല എന്നതിനാലും ഏതെങ്കിലുമൊരു ദേശീയമോ അന്തർദ്ദേശീയമോ ആയ പ്രശ്നത്തെ മാർക്സിസ്റ്റ് സമീപന രീതിയുടെയും പ്രയോഗ പദ്ധതിയുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ അവർക്കായില്ല എന്നതിനാലുമാണ് ഇങ്ങനെ സംഭവിച്ചത്.

**വർഗ്ഗ സ്വഭാവത്തിലും സമീപനത്തിലും വീക്ഷണത്തിലും അവിഭക്ത സിപിഐയും സിപിഐ(എം)ഉം തമ്മിൽ ഭേദമില്ല**

സിപിഐ പിളർന്ന് സിപിഐ(എം) രൂപം കൊള്ളുമ്പോൾ, ഇന്ത്യൻ വിപ്ലവഘട്ടം, വർഗ്ഗവിന്യാസം തുടങ്ങിയ അടിസ്ഥാന രാഷ്ട്രീയ വിഷയങ്ങളിലൊന്നും അഭിപ്രായ ഭിന്നത ഉണ്ടായിരുന്നില്ല. സോവിയറ്റ് ലൈനെന്നും ചൈനീസ് ലൈനെന്നും പറഞ്ഞ് നേതൃത്വത്തെ സംബന്ധിച്ച വെറും കലഹം മാത്രമായിരുന്നു അത്. മുൻകാല പിശകുകളിൽ നിന്നോ ശരിയായ സമരത്തിലൂടെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് സ്വഭാവമാർജ്ജിക്കാനോ ഒന്നും അവർ മിനക്കെട്ടില്ല. സിപിഐയിലുണ്ടായിരുന്ന ചില ഗ്രൂപ്പുകള് പുറത്തുവന്നാണ് സിപിഐ(എം) രൂപീകരിച്ചതെന്ന് അവർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. അവിഭക്ത സിപിഐയിൽ ഗ്രൂപ്പുകൾ ഉണ്ടായിരുന്നുവെന്ന് സിപിഐ(എം) പരിപാടിയെ സംബന്ധിച്ചുള്ള ഇ.എം.എസിന്റെ ലഘുലേഖയുടെ 90-ാം ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്. 1967ൽ ബംഗാളി മുഖപത്രത്തിൽ, അന്തരിച്ച നേതാവ് പ്രമോദ് ദാസ് ഗുപ്ത എഴുതിയ ലേഖനത്തിലും അദ്ദേഹം തന്നെ നേതൃത്വം നൽകിയതും ജ്യോതിബാസു നേതൃത്വം നൽകിയതുമൊക്കെയായ ഗ്രൂപ്പുകൾ പുറത്തുവന്ന് സിപിഐ(എം) രൂപീകരിച്ചതായി പ്രതിപാദിക്കുന്നുണ്ട്. ഗ്രൂപ്പും സമാന്തര നേതൃത്വവും വ്യത്യസ്ത ചിന്താധാരകളുമൊക്കെ അതിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തം. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വഭാവത്തിന് നിരക്കുന്നതല്ല ഇതൊന്നും. സമാന്തര നേതൃത്വമെന്നാൽ സമാന്തരചിന്ത എന്നാണർത്ഥം. ചിന്തയിലുള്ള ഏകമാനത ഒരു പ്രാഥമിക ഉപാധിയായിട്ടുള്ള, ഏകശിലാ സമാനമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സമാന്തര ചിന്താധാരകൾ നിലനിൽക്കുന്നതെങ്ങനെ? ഒരു വർഗ്ഗ വിഭജിത സമൂഹത്തിൽ ഏതൊരു ചിന്തയും വർഗ്ഗത്തിന്റെ ചിന്തയാണ് എന്നതും മാർക്സിസത്തിന്റെ ബാലപാഠമാണ്. സമാന്തര ചിന്താഗതികൾ എന്നാലർത്ഥം സമാന്തര വർഗ്ഗ ചിന്താഗതികൾ എന്നാണ്. എന്നാൽ, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിലാകട്ടെ ഒരു ചിന്ത, അതായത് തൊഴിലാളി വർഗ്ഗ ചിന്ത മാത്രമേ നിലനിൽക്കൂ. അതായത്, സമാന്തര നേതൃത്വം ചിന്തകളുമൊക്കെയുള്ള വ്യത്യസ്ത ഗ്രൂപ്പുകളുടെ ഒരു സമാഹാരമായിരുന്നു അവിഭക്ത സിപിഐ എന്നാണിത് വ്യക്തമാക്കുന്നത്. ഈ നേതാക്കൾ വ്യത്യസ്ത വീക്ഷണവും ചിന്താപദ്ധതികളും സമീപന രീതികളുമൊക്കെ പിന്തുടർന്നിരുന്നു എന്നർത്ഥം. അപ്പോളതിനെ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി എന്നെങ്ങനെ വിളിക്കാനാകും? ഇതേ പാരമ്പര്യം തന്നെയാണ് സിപിഐ(എം) പേറുന്നത്. സമീപന രീതി, ചിന്താപദ്ധതി, വിശകലനരീതി, വീക്ഷണം, പെരുമാറ്റ രീതി, ജീവിതശൈലി തുടങ്ങി എല്ലാക്കാര്യങ്ങളിലും പഴയ മാർക്സിസ്റ്റിതരമായ രീതി തന്നെ പിന്തുടർന്നു എന്നുമാത്രമല്ല സൈദ്ധാന്തിക നിലപാടുകളും പഴയതുതന്നെയായിരുന്നു. പേരിൽ മാത്രം ചെറിയ മാറ്റം വരുത്തി. പാർട്ടി പരിപാടിയിലെ പദാവലികളിലും ചില ഭേദഗതികൾ വരുത്തി. അത്രമാത്രം. പഴയപാർട്ടിയുടെ മാർക്സിസ്റ്റിതരമായ ചിന്താരീതിയിലും വിശകലന പദ്ധതിയിലും നിന്ന് വിടുതൽ നേടാനുള്ള ഒരു പ്രയത്നവും സിപിഐ(എം) നേതൃത്വം നടത്തിയില്ല. അതുകൊണ്ടുതന്നെ അവരുടെ സ്വഭാവത്തിലും അത് തുടർന്നു. പാർട്ടി നേതൃത്വത്തിൽ മാറ്റമാഗ്രഹിക്കുന്നവർ പാർട്ടിക്കുപറ്റിയ ഈ തെറ്റുകളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ തയ്യാറായെങ്കിൽ മാത്രമേ അവർക്ക് സത്യം ബോദ്ധ്യപ്പെടൂ.

**സിപിഐ(എം)ന്റെ സിദ്ധാന്തങ്ങൾ**

വിപ്ലവഘട്ടത്തെക്കുറിച്ചുള്ള സിപിഐ(എം)ന്റെ വിലയിരുത്തലിനെക്കുറിച്ച് അല്പം പറയേണ്ടതുണ്ട്. സിപിഐ(എം) നേതൃത്വത്തിന്റെ മുതലാളിത്താനുകൂല നിലപാടുകൾ മനസ്സിലാക്കാൻ ഇത് സഹായകമാകും. പഴയപാർട്ടിയെ തിരുത്തൽവാദികൾ എന്ന് ആക്ഷേപിക്കുമ്പോഴും അതേ അടിസ്ഥാന ലൈൻ തന്നെയാണ് വിപ്ലവഘട്ടത്തിന്റെ കാര്യത്തിൽ സിപിഐ(എം)യും പിന്തുടരുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയെ സംബന്ധിച്ച തെറ്റായ മനസ്സിലാക്കലിന്റെ അടിസ്ഥാനത്തിൽ, സാമ്രാജ്യത്വ വിരുദ്ധവും ജന്മിത്തവിരുദ്ധവുമായ ജനകീയ ജനാധിപത്യ വിപ്ലവലൈൻ തന്നെ അവർ മുറുകെപ്പിടിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സന്ധി ചെയ്ത് ഇന്ത്യൻ ദേശീയ മുതലാളി വർഗ്ഗം ഭരണകൂടാധികാരം കൈക്കലാക്കിയത് സിപിഐയെ പോലെതന്നെ സിപിഐ(എം)ഉം അംഗീകരിക്കുന്നില്ല. ഇതോടെ ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രമായി. ലെനിന്റെ പാഠങ്ങളനുസരിച്ച് അതോടെ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. എന്നാൽ സിപിഐഎം ഇപ്പോഴും ഇത് സാമ്രാജ്യത്വവിരുദ്ധവും ജന്മിത്തവിരുദ്ധവുമായ ജനകീയ ജനാധിപത്യ വിപ്ലവ ഘട്ടമെന്ന തെറ്റായ വിലയിരുത്തലിൽതന്നെ ഉറച്ചു നിൽക്കുകയാണ്. വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ അവർക്ക് കഴിയുന്നില്ല. വർഗ്ഗവിന്യാസത്തിന്റെ കാര്യത്തിലും ഇതുതന്നെ സ്ഥിതി. ദേശീയ മുതലാളി വർഗ്ഗവും ധനിക കർഷകരും അവരുടെ വിപ്ലവ സഖ്യശക്തികളാണ്. ഇന്ത്യയിൽ മുതലാളിവർഗ്ഗമാണ് അധികാരത്തിലെന്നും തൊഴിലാളിവർഗ്ഗം ദരിദ്ര കർഷകരുമായി സഖ്യമുണ്ടാക്കി നേതൃത്വം നൽകുന്ന മുതലാളിത്ത വിരുദ്ധവിപ്ലവത്തിലൂടെയാണ് അതിനെ നിഷ്കാസനം ചെയ്യേണ്ടതെന്നും അവർ അംഗീകരിക്കുന്നില്ല. തെറ്റായ ഈ ലൈൻ പിന്തുടരുന്നതുകൊണ്ടുതന്നെ പുരോഗമനകാരിയായ മുതലാളിവർഗ്ഗത്തെയും അതിന്റെ രാഷ്ട്രീയ പ്രതിനിധിയെയും കണ്ടെത്തി സഖ്യം സ്ഥാപിക്കാനുള്ള നിരന്തര അന്വേഷണത്തിലാണവർ. അങ്ങനെ അധികാരത്തിൽ നിന്ന് തൂത്തെറിയേണ്ട കുത്തകമുതലാളിവർഗ്ഗത്തെ തന്നെ ചങ്ങാതിയായിക്കാണുന്ന ഗതികേടിലാണവർ. അവിഭക്ത സിപിഐ ഒരിക്കൽ നെഹ്റുവിന്റെ പിന്നിൽ അണിനിരന്ന് കുത്തകമുതലാളിത്തത്തിന്റെ ദൃഢീകരണത്തിന് ശക്തി പകർന്നു. സിപിഐ(എം) പിന്നീട് ഇന്ദിരാഗാന്ധി നയിച്ച കോൺഗ്രസ്സിൽ പുരോഗമന മുതലാളിവർഗ്ഗത്തെ കണ്ടെത്തി. സിപിഐ(എം) മുഖപത്രമായ പീപ്പിൾസ് ഡെമോക്രസി പറഞ്ഞു. ഇന്ദിരാഗാന്ധിയും കൂട്ടരും കുത്തകമുതലാളിമാർക്കും വൻകിട ജന്മിമാർക്കും എതിരാണ്... അവരുടെ ചില മുദ്രാവാക്യങ്ങളും നടപടികളും കുത്തകവിരുദ്ധവും ജനങ്ങളുടെ ജനാധിപത്യമോഹങ്ങൾക്ക് നിരക്കുന്നതുമാണ് (15-2-1970). സ്ഥാപിതതാല്പര്യക്കാർക്കെതിരെ പൊരുതാൻ തയ്യാറുള്ള ഇന്ദിരാ കോൺഗ്രസ്സ് വിഭാഗവുമായി ചേർന്ന് ഒരു വിശാല ജനാധിപത്യ സഖ്യം രൂപപ്പെടുത്താവുന്നതാണ്. സിപിഐ(എം)ൽ നിന്ന് ഈ നല്ല സർട്ടിഫിക്കറ്റ് കിട്ടി അഞ്ച് വർഷങ്ങൾക്കുള്ളിലാണ് ഇന്ദിരാ കോൺഗ്രസ്സ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് അവരുടെ ഫാസിസ്റ്റ് സ്വഭാവം വെളിപ്പെടുത്തിയതെന്നോർക്കണം. കുത്തകകളും അവരുടെ രാഷ്ട്രീയ പാർട്ടികളുമായി ചങ്ങാത്തം കൂടുന്ന അവസരവാദ നിലപാടുകൾക്ക് ഒരു മറയായി ഈ പാർട്ടി പരിപാടിയും ജനകീയ ജനാധിപത്യ വിപ്ലവ ലൈനും വർത്തിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെ, ഇന്ദിരാഗാന്ധിയെയോ മൻമോഹൻ സിംഗിനെയോ പിന്തുണക്കാനും ടാറ്റാക്കുവേണ്ടി സിംഗൂരിൽ പാവപ്പെട്ട കർഷകരെ അടച്ചമർത്താനുമൊന്നും അവർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകേണ്ട കാര്യമില്ല. അപ്പോൾ സിപിഐ(എം)ന്റെ വ്യതിചലനത്തിന്റെയും പിശകുകളുടെയുമൊക്കെ അടിസ്ഥാനകാരണം മാർക്സിസ്റ്റു വിരുദ്ധമായ ഈ നയവും പരിപാടിയുമൊക്കെയാണെന്ന് കാണാം. ദേശീയ മുതലാളിവർഗ്ഗവുമായി സഖ്യം എന്ന

(ശേഷം 7-ാംപേജിൽ)

# സിപിഐ(എം)ന്റെ അധഃപതനത്തിനുകാരണമെന്ത്?

(6-ാംപേജിൽ നിന്ന് തുടർച്ച)

സിദ്ധാന്തം മുറുകെപ്പിടിക്കുവോളം, പാർലമെന്ററി അവസരവാദരാഷ്ട്രീയത്തിൽ മുഴുകി അധികാര മോഹവുമായി കഴിഞ്ഞുകൂടുന്നതും ഒഴിവാക്കാനാവില്ല.

വോട്ടിനുവേണ്ടിയെങ്കിലും സമരങ്ങൾ നടത്തുന്ന രീതിയും 1950കളിലും 60കളിലും സംരക്ഷിച്ചുപോന്ന ഒരു ഇടതുപക്ഷ പ്രതിച്ഛായയും കയ്യൊഴിഞ്ഞു എന്നതാണ് ഇതിന്റെയൊക്കെ അനന്തരഫലം. 1977ൽ ബംഗാളിൽ അധികാരത്തിൽ വന്നതോടെ അവശേഷിച്ച ഇടതുപക്ഷീയതയോടും അവർ വിടചൊല്ലി. പിന്നെ ഏതൊരു ബൂർഷ്വാ പാർട്ടിയെയും പോലെ അധികാരരാഷ്ട്രീയത്തിന്റെ ചളിക്കുണ്ടിൽ പതിച്ചു. സമരപാത വെടിഞ്ഞതിന് ന്യായീകരണമായി അവർ പറഞ്ഞത് അവർ അധികാരത്തിലിരിക്കുമ്പോൾ തൊഴിലാളികൾക്ക് സമരം ചെയ്യേണ്ട അവസ്ഥ ഉണ്ടാകുന്നില്ലത്രേ. സർക്കാർ അവർക്കുവേണ്ടതെല്ലാം നൽകുമത്രെ. തൊഴിലാളി വർഗ്ഗത്തെ പാർലമെന്ററി വ്യാമോഹത്തിൽ നിന്ന് മുക്തമാക്കാൻ ഏതൊരു വിപ്ലവ പ്രസ്ഥാനത്തിനും ബാധ്യതയുണ്ടെന്നിരിക്കെ സിപിഐ(എം) അധികാരത്തിലിരുന്നുകൊണ്ട് അവരിൽ പാർലമെന്ററി വ്യാമോഹം വളർത്തിയെടുക്കുകയാണ് ചെയ്തത്. ജനങ്ങളിൽ വിപ്ലവത്തിന്റെ ആവശ്യകത സ്ഥാപിച്ചെടുക്കുന്നതിനു പകരം മാർക്സിസ്റ്റ് മേലങ്കിയണിഞ്ഞ് അവർ രാഷ്ട്രീയത്തെ തെരഞ്ഞെടുപ്പിലേക്ക് ചുരുക്കി. തൊഴിലാളിവർഗ്ഗത്തെ ഉള്ളിൽ നിന്ന് വന്ധ്യംകരിച്ച സിപിഐ(എം) നേതൃത്വം, ഇടതു-ജനാധിപത്യ പ്രക്ഷോഭങ്ങളുടെ നടുക്കോട്ടയായിരുന്ന, എല്ലാ അനീതികൾക്കും തെറ്റുകൾക്കുമെതിരെ ഉറച്ച നിലപാടെടുത്തിരുന്ന പശ്ചിമബംഗാളിന്റെ വിപ്ലവവീര്യം ചോർത്തിക്കളഞ്ഞ്, മരണാസന്ന മുതലാളിത്തത്തിന്റെ എല്ലാ ജീർണ്ണതയും പേറുന്ന മണ്ണാക്കി അതിനെ മാറ്റിത്തീർത്തു. ഇടതുപക്ഷ വിശ്വാസികൾക്കുമാത്രമല്ല വിപ്ലവസ്വപ്നം മനസ്സിൽ സൂക്ഷിക്കുന്ന സത്യസന്ധരായ സിപിഐ(എം) അണികൾക്കും ഇത് വലിയ ആഘാതമായി. വസ്തുതകൾ ഇത് ശരിവയ്ക്കുന്നു.

### ഇടതുപക്ഷീയതയുടെ ശവക്കുഴി തോണ്ടുന്നു

1967ൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി ആദ്യഐക്യമുന്നണി ഗവണ്മെന്റ് അധികാരമേറ്റ നാൾ മുതൽ തന്നെ പ്രതിപക്ഷത്തെ അമർച്ചചെയ്യാൻ കയ്യൂക്കിന്റെ മാർഗ്ഗം അവലംബിക്കുന്ന രീതി സിപിഐ(എം) അനുവർത്തിച്ചു തുടങ്ങിയിരുന്നു. ഭരണം കിട്ടി ആഭ്യന്തര വകുപ്പും കയ്യാളിയതോടെ അവർ ലോകത്തെത്തന്നെ വെല്ലുവിളിച്ചു. സ്വന്തം സംഘടനാസ്വാധീനം വിപുലപ്പെടുത്തുവാനും മുന്നണിയിലെ സഖ്യകക്ഷികളുടെ പോലും സംഘടനാ സംവിധാനം തകർക്കുവാനും അവർ പോലീസിനെ ഉപയോഗിച്ചു. അധികാരം തലക്കുപിടിച്ചതോടെ എല്ലാവരെയും ഒതുക്കി ഒറ്റയ്ക്ക് അധികാരം കയ്യാളുന്നതിനെക്കുറിച്ചുള്ള ചിന്തയായി. ആഭ്യന്തരവകുപ്പ് കൈപ്പിടിയിലായിരുന്നതുവരെ ഈ പരാക്രമങ്ങൾ തുടർന്നു. സർക്കാർ നിലം പതിച്ചതോടെ ഇന്നവർ മാളത്തിലൊളിച്ചു.യോജിച്ച ജനാധിപത്യ സമരം വളർത്തിയെടുക്കാനുള്ള എസ്‌യുസിഐ (സി)യുടെ അഭ്യർത്ഥനയും അവർ ചെവിക്കൊണ്ടില്ല. 1972-ലെ കോൺഗ്രസ്സ് സർക്കാർ അഴിച്ചുവിട്ട ഭീകരതയ്ക്കുമുന്നിൽ പിടിച്ചു നില്ക്കാനവർക്കായില്ല. എന്നാൽ, ബംഗാളിന്റെ മണ്ണിൽ നിന്ന് പ്രതിഷേധത്തിന്റെ ആന്തരികഭാവം ചോർത്തിക്കളയാൻ സിപിഐ(എം)നെപ്പോലെ ഒരു പാർട്ടിയുടെ ആവശ്യകത മുതലാളിവർഗ്ഗത്തിന് ബോദ്ധ്യപ്പെട്ടിരുന്നു. പേരും കൊടിയുടെ നിറവുമൊക്കെ ഉപയോഗപ്പെടുത്തി വർഗ്ഗ-ബഹുജന സമരങ്ങളുടെ പാതയിൽ നിന്ന് ജനങ്ങളെ തന്ത്രപൂർവ്വം പിന്തിരിപ്പിച്ച് മുതലാളിവർഗ്ഗത്തിന് വിടുപണി ചെയ്യാൻ അവർക്കേ കഴിയൂ എന്ന് മുതലാളിവർഗ്ഗം തിരിച്ചറിഞ്ഞു. എന്നുമാത്രമല്ല അവരുടെ വർഗ്ഗ പദ്ധതികൾക്ക് വിലങ്ങുതടിയാകും വിധം ഒരു എതിർശക്തിയായി എസ്‌യുസിഐ(സി) വളർന്നുവരുന്നില്ല എന്നുറപ്പാക്കേണ്ടതും ആവശ്യമായിരുന്നു. എസ്‌യുസിഐ(സി)യെ ഒതുക്കുന്നതിന്റെ ഭാഗമായി ഐക്യമുന്നണിയിൽ നിന്ന് എസ്‌യുസിഐ(സി)യെ ഒഴിവാക്കാൻ സിപിഐ(എം) ചരടുവലികൾ നടത്തി. അങ്ങനെ മുന്നണിയുടെ അരുണിമ ചോർത്തിക്കളയുകയും ചെയ്തു. യഥാർത്ഥ ഇടതുപക്ഷ ഉള്ളടക്കവും ഇതോടെ മുന്നണിക്ക് നഷ്ടമായി.

1977ലെ ഇലക്ഷനുമുൻപ് ജ്യോതിബസു നടത്തിയ ഒരു റേഡിയോ പ്രഭാഷണം ഇത് ശരിവയ്ക്കുകയും ചെയ്തു. പുതിയ മുന്നണിയിൽ എസ്‌യുസിഐ(സി) ഇല്ലാത്തതിനാൽ ഇനി അരാജകത്വവും അസ്വസ്ഥതയും ഒന്നും ഉണ്ടാകില്ല എന്നായിരുന്നു അദ്ദേഹത്തന്റെ പരാമർശം. സിപിഐ(എം) ഇനി മിലിറ്റന്റായ സമരങ്ങളൊന്നും നടത്തില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. തുടർന്ന് സിപിഐ (എം) അധികാരത്തിലെത്തി. ഈ വാക്കുകളുടെ പൊരുളറിയാത്ത സിപിഐ(എം) പ്രവർത്തകർ സന്തോഷംകൊണ്ട് മതിമറന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ഒരു കണികയെങ്കിലുമുണ്ടായിരുന്നോ? ആരെയാണ് അദ്ദേഹം സംബോധന ചെയ്തത്,ആർക്കാണ് ഉറപ്പുകൊടുത്തത്? എസ്‌യുസിഐയെ ഒഴിവാക്കണമെന്നോ സമരപാത വെടിയണമെന്നോ ആവശ്യപ്പെടാത്ത ജനങ്ങളെ അല്ല എന്ന് ഉറപ്പാണ്. ഈ ഉറപ്പ് വേണ്ടിയിരുന്നത് തീർച്ചയായും ഭരണമുതലാളിവർഗ്ഗത്തിനാണ്. പോലീസ് ഇടപെടൽ ഒഴിവാക്കി ജനാധിപത്യസമരങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ രണ്ട് ഐക്യമുന്നണി ഗവണ്മെന്റുകളെ എങ്ങനെയാണ് എസ്‌യുസിഐ(സി) ഉപയോഗിച്ചത് എന്നത് അവരെ അലോസരപ്പെടുത്തിയിരുന്നു. അതുകൊണ്ടു തന്നെ എസ്‌യുസിഐ(സി)യെ ഒഴിവാക്കി എല്ലാം ഭദ്രമാക്കിയിരിക്കുന്നുവെന്ന് ഉറപ്പുകൊടുക്കാൻ സിപിഐ(എം)ന് തിടുക്കമായിരുന്നു. ചെങ്കൊടി അവർക്ക് വോട്ട് പിടിക്കാനുള്ള ഒരു പാസ്സ്പോർട്ട് മാത്രമായിരുന്നു. മുതലാളിവർഗ്ഗം കയറുകണ്ട് പാമ്പാണെന്ന് തെറ്റിദ്ധരിക്കരുത് എന്നാണവർ ഉദ്ദേശിച്ചത്. ഇതിലൂടെ സിപിഐ(എം) അധികാരത്തിലേക്കുള്ള പാതസുഗമമാക്കിയപ്പോൾ ഇടതുപക്ഷ രാഷ്ട്രീയത്തിന് അത് കനത്ത തിരിച്ചടിയായി. ഈ പാർട്ടിയുടെ അധഃപതനം കണ്ട് അന്ധാളിച്ചു നിൽക്കുന്ന ആത്മാർത്ഥതയുള്ള പ്രവർത്തകരും ജനങ്ങളും ഇന്ന് ഇതിന് കനത്ത വില നൽകേണ്ടി വന്നിരിക്കുന്നു.

### സിപിഐ(എം)ന്റെ മുപ്പത്തിനാല് വർഷത്തെ ബംഗാൾ ഭരണം

സിപിഐ(എം)ന്റെ 34 വർഷം തുടർച്ചയായുള്ള ബംഗാൾ ഭരണത്തിന്റെ അനുഭവമെന്താണ്? ഗവണ്മെന്റിന്റെ നയവും കാഴ്ചപ്പാടും എന്തായിരുന്നു? അതിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ലാഞ്ചനയെങ്കിലുമുണ്ടായിരുന്നോ? ജനങ്ങളെ ആശ്രയിക്കുന്നതിനു പകരം ആ സർക്കാർ പോലീസിനെയും ഉദ്യോഗസ്ഥ സംവിധാനത്തെയും മാത്രം ആശ്രയിച്ചു. ഭരണസംവിധാനത്തിന്റെ സാപേക്ഷമായ നിഷ്പക്ഷത കാറ്റിൽപ്പറത്തപ്പെട്ടു. അത് ഭരണകക്ഷിയുടെ ഒരു അനുബന്ധമായിത്തീർന്നു. താഴെത്തലം വരെയുള്ള സിപിഐ(എം) നേതാക്കളാണ് പോലീസിനെ നിയന്ത്രിച്ചിരുന്നത്. ഒരു സമാന്തര ഭരണം പോലെ. പോലിസിനെ മാത്രമല്ല പാർട്ടി ഗുണ്ടകളെ ഉപയോഗിച്ചും ഏത് ജനകീയ സമരവും അവർ അടിച്ചമർത്തി. കൽക്കട്ട നഗരത്തിലെയും സമീപപട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും തെരുവുകൾ എത്രതവണയാണ് സമരം ചെയ്ത എസ്‌യുസിഐ(സി) പ്രവർത്തകരുടെ ചോരകൊണ്ട് കുതിർന്നത്! സമരം ന്യായമാണോ എന്നതല്ല സിപിഐ(എം) നോട് അചഞ്ചലമായ കൂറുണ്ടോ എന്നതായിരുന്നു ഏക പരിഗണന. ജനങ്ങളുടെ സ്വകാര്യജീവിതത്തിലും കുടുംബപ്രശ്നത്തിലും വരെ സിപിഐ(എം) ദല്ലാളന്മാർ തലയിട്ടു. പ്രശ്നപരിഹാരമെന്നോണം ആജ്ഞകൾ പുറപ്പെടുവിച്ചു. അവരുടേത് അവസാനവാക്കായി. ജനങ്ങൾ അനുസരണയോടെ എല്ലാആജ്ഞകളെയും ശിരസാവഹിക്കുമെന്നുറപ്പാക്കി. സ്വജന പക്ഷപാതം, അഴിമതി, പൊതുമുതൽ തിരിമറി, ഭീഷണി, ഭീകരത എല്ലാം നിർലജ്ജം അവർ പയറ്റി. എല്ലാ കൊള്ളരുതായ്മകളും താഴെത്തട്ടിൽ മുതൽ പാർട്ടി നേതൃത്വങ്ങളാൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. പഞ്ചായത്ത് ഭരണം അഴിമതിയുടെ കൂത്തരങ്ങായി. എല്ലാ തലങ്ങളിലുമുള്ള നേതാക്കൾ പണം വാരിക്കൂട്ടി. തെരുവിൽ കിടന്നവർ ഒരു സുപ്രഭാതത്തിൽ കോടീശ്വരൻമാരായി. നേതാക്കളുടെയും പ്രവർത്തകരുടെയും ജീവിതശൈലിതന്നെ മാറി. പാർട്ടി സംഘടനയുടെ യാന്ത്രികമായ അച്ചടക്കത്തിന്റെ മറവിൽ ഈ തിന്മകളെല്ലാം ഭദ്രമായി അരങ്ങേറിക്കൊണ്ടിരുന്നു. ഇവരുടെ ഒത്താശയോടെ എല്ലാ രംഗത്തെയും കച്ചവടക്കാരും മാഫിയകളും തടിച്ചുകൊഴുത്തു. സാമൂഹ്യ വിരുദ്ധരെല്ലാം പാർട്ടിയിൽ ചേരാൻ ക്യൂ നിന്നു. പാർട്ടി അവരെ ഉൾക്കൊണ്ട് ശക്തി പെരുകി. എന്തുചെയ്താലും ആരും ചോദിക്കാനില്ല എന്ന സ്ഥിതിവന്നു. കള്ളവോട്ട്, ബൂത്തുപിടുത്തം, വിരട്ടൽ തുടങ്ങി തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾക്കും ഈ തെമ്മാടികൾ നിയോഗിക്കപ്പെട്ടു. എത്ര മഹത്തായ ഇടതുപക്ഷീയതയാണ് നടമാടിയതെന്നു നോക്കൂ! ബംഗാളികളുടെ സമരവീര്യവും പ്രതിഷേധ മനോഭാവവും തച്ചുതകർത്തതിന്റെ പേരിൽ മുതലാളിവർഗ്ഗം സന്തുഷ്ടരായി. എല്ലാത്തരം നീചപ്രവൃത്തികളും വർദ്ധിച്ചു. സ്വാർത്ഥത, അവസരവാദം, വഞ്ചന തുടങ്ങിയവയ്ക്കെല്ലാം ആക്കം കൂടി, കളവ്, കൊള്ള, പിടിച്ചുപറി എല്ലാം വ്യാപകമായി. അശ്ലീലതയും ആഭാസത്തരങ്ങളും മദ്യവും ലോട്ടറിയും വ്യാപകമായി. സമൂഹത്തിന്റെ അധഃപതനം സിപിഐ(എം) ഭരണത്തിൽ സമ്പൂർണ്ണമായി. ജനങ്ങളുടെ ധാർമ്മിക നട്ടെല്ല് തകർന്നാൽ അവർക്ക് അനീതിക്കെതിരെ നിലകൊള്ളാനാവില്ലെന്നും അതുകൊണ്ടുതന്നെ ചൂഷണവും അടിച്ചമർത്തലും നിർബ്ബാധം തുടരാമെന്നും മനസ്സിലാക്കിയ മുതലാളിവർഗ്ഗം ഈ പതനത്തിൽ ഏറെ സന്തോഷിച്ചു. മുതലാളിമാർ ഈ സർക്കാരിനെ വാനോളം പുകഴ്ത്തി. ഔദ്യോഗിക ഇടതുപക്ഷപ്പട്ടം അവർക്ക് സമ്മാനിച്ചു. അതിന് ഇളക്കം തട്ടുന്നില്ല എന്നുറപ്പാക്കി. മതിയാവോളം അധികാരത്തിൽ തുടരാൻ പാകത്തിൽ മാധ്യമ പിന്തുണ കോരിച്ചൊരിഞ്ഞു. സിംഗൂർ പദ്ധതി ഉപേക്ഷിക്കാൻ ടാറ്റ നിർബ്ബന്ധിതമായപ്പോൾ അവർ പ്രമുഖ പത്രങ്ങളിലെല്ലാം സ്വന്തം ചെലവിൽ അരപ്പേജ് പരസ്യം നൽകിയിരുന്ന കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്. സിപിഐ(എം) നെ പിന്തുണക്കാനായിരുന്നു പരസ്യത്തിലൂടെ അവർ ജനങ്ങളെ ഉപദേശിച്ചത്. ഇവ്വിധം പാർട്ടി മുന്നോട്ടു പോകുന്തോറും ഒരു വിഭാഗം നേതാക്കളും പ്രവർത്തകരും ധനസമ്പാദനത്തിൽ മുഴുകി. എന്നാൽ, മറ്റൊരു കൂട്ടർ ഇടതുപക്ഷ രാഷ്ട്രീയത്തിന് വില കല്പിക്കുന്നവർ, പാർട്ടിയുടെ അധഃപതനത്തിൽ മനം നൊന്ത് നിഷ്ക്രിയരായി. നേതൃമാറ്റം ആവശ്യപ്പെടുന്നവർ മനസ്സിലാക്കേണ്ട കാര്യം പാർട്ടിയുടെ ഈ പതനത്തിന് ഏതാനും നേതാക്കൾ മാത്രമല്ല ഉത്തരവാദികൾ എന്നും അവരെ മാറ്റുന്നതുകൊണ്ടു മാത്രം പാർട്ടി രക്ഷപെടില്ല എന്നുമാണ്. സിപിഐ(എം) ഒരു പാർട്ടി എന്ന നിലയിൽ അതിന്റെ തുടക്കം മുതൽ പിന്തുടർന്നുവന്ന മുതലാളിത്താനുകൂലവും ഇടതുപക്ഷേതരവുമായ നയങ്ങളുടെയും അടിസ്ഥാന സമീപനങ്ങളുടെയും ഫലമാണിത്.

### സിംഗൂർ-നന്ദിഗ്രാമിൽ അരങ്ങേറിയ പൈശാചികത്വം

കുത്തകകളുമായി സിപിഐ(എം) നേതാക്കൾക്കുള്ള ചങ്ങാത്തത്തിന്റെ കാര്യമെടുക്കാം. സിംഗൂരിലെ ഫലഭൂയിഷ്ഠമായ കൃഷിഭൂമി വിട്ടുനൽകാൻ കർഷകരെ നിർബ്ബന്ധിതമാക്കാനായി സിപിഐ(എം) സർക്കാർ ഭീകരതാണ്ഡവം തന്നെ നടത്തി. ടിവി ചാനലുകൾ ഇത് ലൈവ് ആയി കാണിച്ചു. രാജ്കുമാർ ഫൂൾ എന്ന സമര പ്രവർത്തകനെ തല്ലിക്കൊന്നു. മറ്റൊരു പ്രവർത്തകയായ താപസി മാലികിനെ ബലാൽസംഗത്തിനു ശേഷം ചുട്ടുകൊന്നു. ഇതിൽ ഖേദം പ്രകടിപ്പിക്കുന്നതിനു പകരം കൊല്ലപ്പെട്ട യുവതിയുടെ സ്വഭാവശുദ്ധിയെ ചോദ്യം ചെയ്യുകയാണ് സിപിഐ(എം) നേതാക്കൾ ചെയ്തത്. ഒരു യഥാർത്ഥ ഇടതുപക്ഷ പ്രസ്ഥാനത്തിൽ നിന്ന് ഇത്തരം കാര്യങ്ങൾ പ്രതീക്ഷിക്കാനാകുമോ? "ടാറ്റയുടെ ഒരു രോമത്തിൽ സ്പർശിക്കാൻ ആരെയും അനുവദിക്കില്ല" എന്നതാണ് സിപിഐ(എം) മുഖ്യമന്ത്രിയായ ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത്. ആരുടെ താല്പര്യമാണ് സിപിഐ(എം) സംരക്ഷിക്കുന്നത്? ദരിദ്രകർഷകരുടെയോ അതോ ടാറ്റയെപ്പോലുള്ള കുത്തകകളുടെയോ? ഇത്തരം നിലപാടുകളിലൂടെ എന്തുതരം ഇടതുപക്ഷീയതയാണ് സിപിഐ(എം) പിന്തുടരുന്നത്? സ്വാഭാവികമായും കുത്തകകൾ ആനന്ദത്തിലാറാടി. ബുദ്ധദേവിന്റെ വിഗ്രഹ ........ മാർക്സിസത്തെ (!) "ബുദ്ധ ബ്രാൻഡ്" എന്ന് കുത്തകപത്രങ്ങൾ പ്രകീർത്തിച്ചു. ചെങ്കൊടിയും പിടിച്ചുകൊണ്ട് കുത്തകകളുടെ വക്കാലത്ത് എടുക്കുന്ന ഈ കാഴ്ചപ്പാട്, ബുദ്ധദേവിനെ നേതൃത്വത്തിൽ നിന്ന് മാറ്റി നിർത്തിയാൽ ഇല്ലാതാക്കാൻ കഴിയുമോ? ഇത് ബുദ്ധദേവിന്റെ മാത്രം കാര്യമാണോ അതോ പാർട്ടിയാകെ ഈ സമീപനത്തിലും വീക്ഷണത്തിലുമാണോ? ആത്മാർത്ഥതയുള്ള സിപിഐ(എം) പ്രവർത്തകർ ഇതിനെക്കുറിച്ചെല്ലാം ആലോചിക്കണം.

നന്ദിഗ്രാമിൽ ഒരു കെമിക്കൽ ഹബ്ബ് സ്ഥാപിക്കാൻ വേണ്ടിയാണ് കുപ്രസിദ്ധ ഇന്തോനേഷ്യൻ കുത്തകയായ സാലിം ഗ്രൂപ്പ് വന്നത്. ഇതാനായി ബലം പ്രയോഗിച്ച് ഫലഭൂയിഷ്ഠമായ കൃഷിഭൂമി പിടിച്ചെടുത്ത് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ കർഷകർ ചെറുത്തുനിന്നു. അവർക്കുമേൽ സിപിഐ(എം) അഴിച്ചുവിട്ട ഫാസിസ്റ്റ് ഭീകരതയെ എല്ലാവരും ഒരുപോലെ അപലപിച്ചു. 2007 മാർച്ച് 14ന്റെ കറുത്ത പ്രഭാതത്തിൽ ആയിരക്കണക്കിന് പോലീസുകാരും അർദ്ധ സൈനികരും അവരുടെ തണലിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സിപിഐ(എം) ഗുണ്ടകളും കൂടിയാണ് നിരായുധരായ കർഷകർക്കുമേൽ ഭീകരാക്രമണം അഴിച്ചുവിട്ടത്. പോലീസ് യൂണിഫോമിട്ട ഗുണ്ടകൾ ചെരുപ്പ് ധരിച്ചിരുന്നതുകൊണ്ടാണ് തിരിച്ചറിയപ്പെട്ടത്. ആയുധങ്ങൾ ചുഴറ്റി അവർ നടത്തിയ ആക്രമണം ഒരു പരിഷ്കൃത സമൂഹത്തിനും അംഗീകരിക്കാനാവാത്തതും രാജ്യം ഇന്നുവരെ ദർശിച്ചിട്ടില്ലാത്തവിധമുള്ള കൂട്ടക്കൊലയുമായിരുന്നു. പലരും കൊല്ലപ്പെട്ടു. നൂറുകണക്കിന് ആളുകൾക്ക് മാരകമായി പരുക്കേറ്റു, കുഞ്ഞുങ്ങൾ അരുംകൊല ചെയ്യപ്പെട്ടു. അമ്മമാരുടെ മുന്നിൽ വച്ച് പിച്ചിച്ചീന്തപ്പെട്ടു. ഇതിനെല്ലാം പുറമേ നിരവധി സ്ത്രീകൾ ഭീകരമാം വിധം കൂട്ടബലാൽസംഗത്തിനിരയായി. പൊരുതുന്ന ജനങ്ങളുടെ മനോവീര്യം തകർക്കാനായിരുന്നു ഏറ്റവും ഹീനമായ ഈ മാർഗ്ഗം അവലംബിച്ചത്! വിഷലിപ്തമായ വർഗ്ഗീയ കലാപങ്ങളിൽ സ്ത്രീകൾ ഇവ്വിധം ആക്രമണലക്ഷ്യമാകാറുണ്ട്. എന്നാൽ ഒരു ജനാധിപത്യ പ്രക്ഷോഭത്തെ ഇവ്വിധം നേരിടാൻ ഇന്ത്യാചരിത്രത്തിൽ ഏറ്റവും വൃത്തികെട്ട ഭരണാധികാരികൾ പോലും തുനിഞ്ഞിട്ടില്ല! ഈ ഭീകരതയ്ക്ക് ഇരയായവരും അവരുടെ കുടുംബാംഗങ്ങളും ഇന്നും ആഭീതിദമായ ഓർമ്മകളാൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു. നന്ദിഗ്രാമിലെ ജനങ്ങളുടെ ജീവിതം നരകതുല്യമാക്കുമെന്നാണ് അന്ന് ഒരു മുതിർന്ന സിപിഐ(എം) നേതാവ് ആക്രോശിച്ചത്. സമരത്തിലണിനി

(ശേഷം 10-ാംപേജിൽ)

# റെയിൽചാർജ്ജ് വർദ്ധനവിനെതിരെ ഇടത

(1-ാംപേജിൽനിന്നും തുടർച്ച)

റ്റിനുമുന്നിൽനിന്ന് തമ്പാനൂർ സെൻട്രൽ റെയിൽവേ സ്റ്റേഷനിലേക്ക് മാർച്ച് നടത്തി.

നരേന്ദ്രമോഡി സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളാണ് ഇത്രയും വലിയ റെയിൽവേ ചാർജ് വർദ്ധനവിലൂടെ വെളിവാക്കപ്പെട്ടിരിക്കുന്നതെന്നും ഇതിനെതിരെ ശക്തമായ ജനസമരം വളർത്തിയെടുക്കാൻ ജനങ്ങൾ മുന്നോട്ടുവരണമെന്നും മാർച്ച്

കെ.ജോൺ, എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.എസ്.രാധാകൃഷ്ണൻ, എം.സി.പി.ഐ(യു) ജില്ലാസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.എസ്. മോഹൻലാൽ, ഡെന്നിസ് എന്നിവർ പ്രസംഗിച്ചു.

**പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ ഇടതുപക്ഷ




കൊല്ലം റെയിൽവേസ്റ്റേഷൻ മാർച്ച് സഖാക്കൾ അഡ്വ.രാജാദാസ്, ജ്യോതികൃഷ്ണൻ, ഷൈല കെ.ജോൺ, വി.എസ്.മോഹൻലാൽ, എസ്.രാധാകൃഷ്ണൻ തുടങ്ങിയവർ മുൻനിരയിൽ.

ഉദ്ഘാടനം ചെയ്തുകൊണ്ട് എം.സി.പി.ഐ (യു) ജില്ലാസെക്രട്ടറി സ: ശ്രീനിവാസദാസ് പറഞ്ഞു.

എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം ആർ.ബിജു അദ്ധ്യക്ഷത വഹിച്ചു. ആർ.എം.പി ജില്ലാസെക്രട്ടറി ജി.ബാലകൃഷ്ണപിള്ള, ഡി.സുന്ദരേശൻ, എം.ഷാജർഖാൻ, പേരൂർക്കട മോഹനൻ, മുകുന്ദേഷ്, വി.കെ.സുരേഷ് എന്നിവർ പ്രസംഗിച്ചു.

**കൊല്ലം**

റെയിൽവേ സ്റ്റേഷൻ മാർച്ച് റസ്റ്റ്ഹൗസിന് മുന്നിൽ നിന്നാരംഭിച്ചു. കൊല്ലം ജങ്ഷൻ റെയിൽവേ സ്റ്റേഷനുമുന്നിൽ നടന്ന പ്രതി

ഐക്യമുന്നണിയുടെ നേതൃത്വത്തിൽ തിരുവല്ല റെയിൽവേസ്റ്റേഷനിലേക്ക് നടന്ന മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. എസ്.രാധാമണി, കെ.ജി.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

**ആലപ്പുഴ**

റെയിൽവേ സ്റ്റേഷൻ മാർച്ച് എം.സി.പി.ഐ(യു) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ.ഇ.റ്റി.ശശി ഉദ്ഘാടനം ചെയ്തു. എസ്.യു.സി.ഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എം.സി.പി.ഐ(യു) സംസ്ഥാനകമ്മിറ്റി




തിരുവല്ല റെയിൽവേസ്റ്റേഷൻ മാർച്ച് സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

ഷേധയോഗം എം.സി.പി.ഐ(യു) ജില്ലാസെക്രട്ടറി അഡ്വ.രാജാദാസ് ഉൽഘാടനം ചെയ്തു. എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി സ.ജ്യോതികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എം.സി.പി.ഐ(യു) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ.രാജേന്ദ്രൻ, എ.ഐ.എം.എസ്.എസ് സംസ്ഥാന സെക്രട്ടറി സ.ഷൈല

യംഗം സ.കെ.എസ്.യശോധരാദേവി, എസ്.യു.സി.ഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സ.വർഗ്ഗീസ് എം.ജേക്കബ്ബ്, ജില്ലാസെക്രട്ടേറിയറ്റംഗം സ.ആർ.പാർത്ഥസാരഥി വർമ്മ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ കെ.ആർ.ശശി, അഡ്വ.എം.എ.ബിന്ദു, കെ.ജെ.ഷീല, കെ.പി.മനോഹരൻ, എൻ.കെ.ശശികുമാർ, പി.ആർ.




ആലപ്പുഴ റെയിൽവേസ്റ്റേഷൻ മാർച്ച് സഖാവ് ഇ.റ്റി.ശശി ഉദ്ഘാടനം ചെയ്യുന്നു.




കോട്ടയത്ത് നടന്ന പ്രതിഷേധപ്രകടനം സഖാക്കൾ ടി.ജെ.ജോണിക്കുട്ടി, മിനി.കെ.ഫിലിപ്പ്, വി.പി.കൊച്ചുമോൻ, എൻ.വേണുഗോപാലൻ തുടങ്ങിയവർ നയിക്കുന്നു.

സതീശൻ, ടി.കോശി, കെ.ആർ.ഓമനക്കുട്ടൻ, എൻ.ആർ.അജയകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

**കോട്ടയം**

ഭീമമായ റെയിൽവേചാർജ്ജ് വർദ്ധനവിനെതിരെ കോട്ടയത്തുനടന്ന പ്രതിഷേധ മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മി

ക്യമാണ് ഇന്നാവശ്യം- അദ്ദേഹം കൂട്ടിച്ചേർത്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ടി.കെ സുധീർകുമാർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന വൈസ് പ്രസിഡന്റും എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗവുമായ




ആലുവ റെയിൽവേസ്റ്റേഷൻ മാർച്ച് സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

റ്റിയംഗം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എൻ.കെ.ബിജു, ഇ.വി.പ്രകാശ് എന്നിവർ പ്രസംഗിച്ചു. ടി.ജെ.ജോണിക്കുട്ടി, കെ.സദാനന്ദൻ, വി.പി.കൊച്ചുമോൻ തുടങ്ങിയവർ നേതൃത്വം നൽകി.

**എറണാകുളം**

ഇടതുപക്ഷ ഐക്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ ജൂൺ 24 ന് ആലുവ റയിൽവേ സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടന്നു.

കെ.ആർ സദാനന്ദൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം പി.പി അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിച്ച മാർച്ചിന് ഇ.കെ മുരളി, സി.ബി അശോകൻ, വിശ്വകലാ തങ്കപ്പൻ, വി.പി നാരായണ പിള്ള, കെ.കെ ശോഭ, കെ.ഒ സുധീർ, എം.കെ ഉഷ, പി.പി സാജു, ആനീസ് ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകി.




തൃശൂർ റെയിൽവേസ്റ്റേഷൻ മാർച്ച് ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു

എംസിപിഐ(യു) ജില്ലാ സെക്രട്ടറി ടി.എസ്. നാരായണൻ മാസ്റ്റർ പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിൽ യുപിഎ ഗവൺമെന്റ് നടപ്പിലാക്കിയിരുന്ന ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെ പിൻതുടർച്ചക്കാരാണ് ബിജെപി ഗവൺമെന്റുമെന്ന് അദ്ദേഹം പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് ഈ റെയിൽവേ ചാർജ്ജ് വർദ്ധനവ്. നിത്യോപയോഗ സാധനങ്ങളുടെ ഭീമമായ വിലക്കയറ്റത്തിന് ഇത് ഇടവരുത്തും. ഇടതുപക്ഷ പാർട്ടികളുടെ യോജിച്ച സമരൈ

**തൃശൂർ**

ഇടതുപക്ഷ ഐക്യമുന്നണി തൃശൂർ ജില്ലാഘടകം സംഘടിപ്പിച്ച റെയിൽവേസ്റ്റേഷൻ മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ഡോ:പി.എസ്.ബാബു ഉൽഘാടനം ചെയ്തു.

ആർ.എം.പി. ജില്ലാ സെക്രട്ടറി പി.ജെ. മോൻസി അദ്ധ്യക്ഷത വഹിച്ചു. എം.സി.പി.ഐ.(യു) ജില്ലാ സെക്രട്ടറി പി.ആർ.സിദ്ധാർത്ഥൻ, എസ്.യു.സി.ഐ.(സി) ജില്ലാക്കമ്മിറ്റിയംഗം ഇ.എൻ.ശാന്തിരാജ്, ആർ.എം.പി. ജില്ലാക്കമ്മിറ്റിയംഗം സി.പി.ചാമി, അനിൽ ഏ

(ശേഷം 9-ാംപേജിൽ)

# തുപക്ഷ ഐക്യമുന്നണിയുടെ പ്രതിഷേധം

*(8–ാംപേജിൽ നിന്നും തുടർച്ച)*

റത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

കോർപ്പറേഷൻ പരിസരത്തുനിന്നും ആരംഭിച്ച് പോസ്റ്റ് ഓഫീസ് റോഡിലൂടെ റെയിൽവേസ്റ്റേഷനിൽ എത്തിയ മാർച്ചിന് രഞ്ജിത് തളിക്കുളം, അനീഷ് കുന്നംകുളം, എം.പ്രദീപൻ, എം.യു.ആൽബിൻ, എ.എം.സുരേഷ്, സുജാ ആന്റണി എന്നിവർ നേതൃത്വം നൽകി.

### കോഴിക്കോട്

ജൂൺ 24 ന് ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ മുതലക്കുളം മൈതാനിയിൽനിന്ന് പാളയം വഴി റെയിൽവേസ്റ്റേഷനിലേക്ക് പ്രതിഷേധ പ്രകടനം നടന്നു. റെയിൽവേസ്റ്റേഷൻ കവാടത്തിൽ പോലീസ് മാർച്ച് തടഞ്ഞു. തുടർന്നുനടന്ന യോഗം ആർ.എം.പി. സംസ്ഥാന സെക്രട്ടറി എൻ.വേണു ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എ.ശേഖർ, കെ.പി.പ്രകാശൻ, പി.എം.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. കെ.കെ.കുഞ്ഞിക്കണാരൻ അദ്ധ്യക്ഷത വഹിച്ചു. സഹദേവൻ, സ്മിത പ്രകാശൻ, അഡ്വ. ടി.ജെ.ഡിക്സൺ, പി.കെ.പ്രഭാഷ്, സോമൻ തുടങ്ങിയവർ റെയിൽവേസ്റ്റേഷൻ മാർച്ചിന് നേതൃത്വം നൽകി.

### പാലക്കാട്

പാലക്കാട് ജങ്ഷൻ റെയിൽവേ സ്റ്റേഷനിലേയ്ക്ക് പ്രതിഷേധ മാർച്ച് നടന്നു. എസ്.യു.സി.ഐ(സി) ജില്ലാസെക്രട്ടറി സ.കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. ആർ.എം.പി ജില്ലാസെക്രട്ടറി സ.രാധാകൃഷ്ണൻ മണ്ണാർക്കാട്, എസ്.യു.സി.ഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ.കെ.എം.ബീവി എന്നിവർ പ്രസംഗിച്ചു. ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ നേതാക്കളായ സഖാക്കൾ കെ.പ്രദീപ്, കെ.പ്രസാദ്, സി.രാജൻ, എ.ഹസീന, കെ.ഉണ്ണിക്കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.




**പാലക്കാട് റെയിൽവേസ്റ്റേഷൻ മാർച്ച്**

### കണ്ണൂർ

കേന്ദ്ര–ബിജെപി സർക്കാരിന്റെ അന്യായമായ റയിൽ യാത്രനിരക്ക് വർദ്ധനവിനും ചരക്കു കടത്തുകൂലി വർദ്ധനവിനുമെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ ജൂൺ 25 ന് കണ്ണൂർ റെയിൽവേ സ്റ്റേഷനുമുന്നിൽ പ്രതിഷേധ യോഗം നടന്നു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ.ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. ആർ.എം.പി. ജില്ലാ സെക്രട്ടറി സഖാവ് പി.പി.മോഹനൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് പോൾ ടി.സാമൂവൽ പ്രസംഗിച്ചു. ●




**കോഴിക്കോട് റെയിൽവേസ്റ്റേഷൻ മാർച്ച് സഖാക്കൾ എൻ.വേണു, എ.ശേഖർ, കെ.കെ.കുഞ്ഞിക്കണാരൻ എന്നിവർ മുൻനിരയിൽ**




**കണ്ണൂർ റെയിൽവേസ്റ്റേഷൻ മാർച്ച് സഖാവ് പി.പി.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.**

# സഖാവ് ജലാലുദീൻ അനുസ്മരണയോഗത്തിൽ സഖാവ് കൃഷ്ണചക്രവർത്തി

*(5–ാംപേജിൽ നിന്ന് തുടർച്ച)*

ഘോഷ് ഇൻഡ്യയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള സമരം ആരംഭിച്ചപ്പോൾ, ഇൻഡ്യയെപ്പോലെ അതിവിശാലമായ ഒരു രാജ്യത്ത് യാതൊരു വിഭവങ്ങളുമില്ലാതെ ഒരു വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നത് വ്യഥാശ്രമമാണെന്ന് പലരും പറഞ്ഞു. അന്ന് സി.പി.ഐ വളരെ പ്രബലമായ ഒരു പാർട്ടിയായിരുന്നു. അതുപോലെ വേറെയും പല പാർട്ടികളുണ്ടായിരുന്നു. ആർ.എസ്.പി ഇന്നുകാണുന്നതുപോലെ ചെറിയൊരു പാർട്ടിയായിരുന്നില്ല. ആ പാർട്ടി സ്വാതന്ത്ര്യസമരത്തിലെ വിപ്ലവധാരയിൽ നിന്ന് ഉടലെടുത്ത പാർട്ടിയാണ്. സ.ശിബ്ദാസ് ഘോഷും ആ വിപ്ലവധാരയിലുണ്ടായിരുന്നയാളാണ്. അദ്ദേഹം ആർ.എസ്.പിയിലുമുണ്ടായിരുന്നു. ആ പാർട്ടിയിൽ നിന്ന് അദ്ദേഹം പുറത്തുവരികയായിരുന്നു. അവരെല്ലാം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. പക്ഷെ, പ്രക്രിയ വളരെ പ്രധാനമാണ്. സിദ്ധാന്തവും പ്രയോഗവും തമ്മിൽ കൂട്ടിയിണക്കാൻ കഴിയണം. നേതാക്കൾ അവരുടെ ജീവിതത്തിൽ വിപ്ലവസിദ്ധാന്തം പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുന്നുണ്ടോ എന്നത് പ്രധാനമാണ്. സ്വകാര്യതാല്പര്യത്തെ സമൂഹത്തിന്റെ താല്പര്യവുമായി, തൊഴിലാളിവർഗ്ഗത്തെ മോചിപ്പിക്കുന്ന വിപ്ലവത്തിന്റെ താല്പര്യവുമായി, ആത്യന്തികമായി വിപ്ലവത്തെ നയിക്കുന്ന പാർട്ടിയുടെ താല്പര്യവുമായി, താദാത്മ്യപ്പെടുത്താനുള്ള സമരത്തിൽ വിജയം വരിക്കാതെ ഒരാൾക്കും കമ്മ്യൂണിസ്റ്റാകാൻ കഴിയില്ല. ഒരാൾ ഈ സമരം ഒഴിവാക്കിക്കൊണ്ട്, എത്രയൊക്കെ പരിശ്രമിച്ചാലും, എത്രയൊക്കെ പോരാട്ടങ്ങൾ നടത്തിയാലും, എത്രയൊക്കെ പഠനം നടത്തിയാലും, അയാൾക്ക് കമ്മ്യൂണിസ്റ്റാകാൻ സാധിക്കുകയില്ല.

അതിനാൽ, സഖാക്കളേ ഈയവസരത്തിൽ ഞാൻ ആവർത്തിച്ചാവർത്തിച്ച് ഈ സമരത്തിന്റെ പ്രാധാന്യം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ഇന്ന് നമ്മുടെ രാജ്യത്തിന് മാത്രമല്ല, ലോകത്തിന് ഒന്നാകെത്തന്നെ, വിപ്ലവം ആവശ്യമാണ്. തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടിയില്ലാതെ ആ വിപ്ലവം സാദ്ധ്യവുമല്ല. ലെനിൻ അത് ചൂണ്ടിക്കാണിച്ചു. റഷ്യൻമണ്ണിൽ വിപ്ലവം നടത്തിക്കൊണ്ട് അദ്ദേഹം അത് തെളിയിക്കുകയും ചെയ്തു. പ്രതിവിപ്ലവം നടന്നപ്പോൾ അത് ഒന്നുകൂടി തെളിയിക്കപ്പെട്ടു. വിപ്ലവപ്പാർട്ടിയെ കൈവെടിഞ്ഞാൽ, വിപ്ലവസിദ്ധാന്തം ഉപേക്ഷിച്ചാൽ, മാർക്സിസം–ലെനിനിസത്തിൽ നിന്ന് വ്യതിചലിച്ചാൽ പ്രതിവിപ്ലവം അനിവാര്യമാണെന്ന് അതിലൂടെ തെളിയിക്കപ്പെട്ടു. മാർക്സിസം തെറ്റാണെന്നല്ല അത് തെളിയിക്കുന്നത്. മറിച്ച്, മനുഷ്യമനസ്സിനെ നയിക്കാൻ, താണപടിയിൽ നിന്ന് ഉയർന്ന പടവുകളിലേയ്ക്കുള്ള വികാസ പരിണാമങ്ങളിൽ സമൂഹത്തെ നയിക്കാൻ, കഴിവുള്ള ഒരേയൊരു തത്ത്വചിന്ത, ഒരേയൊരു പ്രത്യയശാസ്ത്രം, മാർക്സിസമാണെന്നാണ് അത് തെളിയിക്കുന്നത്. ഈ വിശ്വാസത്തെ ഗാഢമായ ബോദ്ധ്യമായി മാറ്റണം. ആ സമരം, സഖാവ് ജലാലുദ്ദീൻ ഏത് സമരത്തിലാണോ ഏർപ്പെട്ടിരുന്നത് ആ സമരം, ഇപ്പോഴത്തേക്കാൾ കൂടുതൽ ഉയർന്ന തലത്തിൽ, ഇന്നത്തെക്കാൾ തീവ്രമായി, നടത്താൻ കഴിയണം. രാജ്യത്തെ യുവാക്കളും വിദ്യാർത്ഥികളും സ്ത്രീകളും, ചൂഷിതരായ വിശാല ബഹുജനവിഭാഗങ്ങളും, ഈ മുന്നേറ്റം ആഗ്രഹിക്കുന്നു. ഏതാനും പേർ വരുന്ന ഈ സഖാക്കൾ അവരുടെ സമരത്തിലൂടെയാണ് കേരളത്തിൽ പാർട്ടിയുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചത്. അങ്ങനെ ഇന്ന് ചുരുങ്ങിയ പക്ഷം എസ്.യു.സി.ഐ(സി) വളർന്നുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടിയാണെന്ന് ജനങ്ങൾ അംഗീകരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ചുരുക്കം സഖാക്കൾക്ക് ഈ വെല്ലുവിളി ഏറ്റെടുക്കാൻ കഴിഞ്ഞു. ഇന്ന് നമ്മൾ തീരെ കുറച്ചുപേരല്ല ഉള്ളത്. വിപ്ലവത്തിന്റെ ആവശ്യകതയുമായി തട്ടിച്ചു നോക്കുമ്പോൾ നാം വളരെ ചെറിയൊരു ശക്തിയാണെന്ന് നാം എപ്പോഴും ഓർക്കുന്നു. നാം ശക്തിയാർജ്ജിക്കേണ്ടിയിരിക്കുന്നു. അനീതിയും ചൂഷണവും മർദ്ദനവും എല്ലാം നിലനിൽക്കുന്നത് കായികശക്തിയെ ആശ്രയിച്ചാണ്. ചൂഷകവർഗ്ഗം സാമ്പത്തികമായും രാഷ്ട്രീയമായും ശക്തമാണ്. ഭരണകൂടാധികാരം അവരുടെ കൈയിലാണ്. വിപ്ലവത്തിന് മുമ്പ് തൊഴിലാളിവർഗ്ഗത്തിന്റെ കൈയിൽ ഒരേയൊരു ആയുധമാണുള്ളത്. തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടിയാണത്. പാർട്ടി കരുത്താർജ്ജിച്ചുകഴിയുമ്പോൾ പിന്നെ ഭരണകൂടത്തിന്റെ ശക്തി ഒന്നുമല്ലാതാകും. എല്ലാ വിപ്ലവങ്ങളും, റഷ്യയിലെയും ചൈനയിലെയും വിയറ്റ്നാമിലെയും ഉത്തരകൊറിയയിലെയും ക്യൂബയിലെയുമെല്ലാം വിപ്ലവങ്ങൾ, അത് തെളിയിക്കുന്നു. മർദ്ദിതരായ ബഹുജനങ്ങൾ മാർക്സിസം–ലെനിനിസത്താൽ പ്രചോദിതരായിക്കഴിഞ്ഞാൽ ആ ജനശക്തിയുടെ മുന്നിൽ ഭരണകൂടശക്തി തീരെ നിസ്സാരമായിത്തീരും. മാർക്സിസം–ലെനിനിസം ഏറ്റവും കരുത്തുറ്റ ആയുധമാണ്. അതാണ് നമ്മുടെ ശക്തി.

ലോകം ഇന്ന് പ്രക്ഷുബ്ധമാണ്. അമേരിക്കയിലെ വാൾസ്ട്രീറ്റ് കൈയടക്കൽ സമരത്തോടെ ഒരു പ്രക്ഷോഭണപരമ്പര തന്നെ തുടങ്ങി. തുടർന്ന് ടുണീഷ്യ മുതൽ ഈജിപ്ത് വരെ എല്ലാ കിഴക്കൻ രാജ്യങ്ങളും ഇളകിമറിഞ്ഞു. എല്ലാ അറേബ്യൻ രാജ്യങ്ങളിലും വമ്പിച്ച ബഹുജനപ്രക്ഷോഭം വളർന്നുവന്നു. പക്ഷെ, അതിശക്തമായ ഈ പ്രക്ഷോഭത്തിന് യഥാർത്ഥത്തിൽ സാദ്ധ്യമായിരുന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. തീർച്ചയായും എന്തെങ്കിലും നേടാൻ കഴിയേണ്ടിയിരുന്നതാണ്. പക്ഷെ, സാധിച്ചില്ല. എന്തുകൊണ്ട്? വീണ്ടും നാം ലെനിന്റെ പാഠങ്ങളിലേയ്ക്ക് പോകേണ്ടിയിരിക്കുന്നു. അദ്ദേഹം പഠിപ്പിച്ചു: വിപ്ലവപ്പാർട്ടിയില്ലാതെ വിപ്ലവം സാദ്ധ്യമല്ല. വിപ്ലവസിദ്ധാന്തമില്ലാതെ വിപ്ലവമുണ്ടാവില്ല എന്നതുപോലെ തന്നെ, വിപ്ലവപ്പാർട്ടിയില്ലാതെയും വിപ്ലവമുണ്ടാവുകയില്ല. ഈ പ്രക്ഷോഭണങ്ങളിലൊന്നും വിപ്ലവപ്പാർട്ടിയുണ്ടായിരുന്നില്ല. ഇതിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് നാം പാർട്ടി കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. അങ്ങനെ ലോകത്തെ മാറ്റിത്തീർക്കാൻ നമുക്ക് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ പ്രിയസഖാവ് സഖാവ് ജലാലുദ്ദീന് ആദരാഞ്ജലിയർപ്പിക്കാനുള്ള ശരിയായ രീതിയും അതാണ്. എന്റെ പ്രിയസഖാവ് സഖാവ് ജലാലുദ്ദീന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന് വിപ്ലവാഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

*സഖാവ് ജലാലുദ്ദീന് ലാൽസലാം!*

*മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം!*

●

# സിറിയയിലേയും മറ്റും തെരഞ്ഞെടുപ്പുകൾ ലോകത്തിന് നൽകുന്ന പാഠങ്ങൾ

(2-ാം പേജിൽ നിന്ന് തുടർച്ച)

ക്കിന് കൂലിപ്പട്ടാളവുമാണെന്നും, അവരാണ് സിറിയക്കുമേൽ യുദ്ധം അടിച്ചേൽപ്പിച്ചിരിക്കുന്നതെന്നും പരക്കെ അറിയാവുന്ന കാര്യമാണ്. ഈ ഒരു വസ്തുതക്ക് മുൻപിൽ പ്രസിഡന്റ് ആസ്സദിനും അദ്ദേഹത്തിന്റെ മുതലാളിത്ത സർക്കാരിനും സാമ്രാജ്യത്വ ഉപജാപത്തെയും ഇടപെടലിനെയും ഉറച്ചുനിന്നെതിർക്കുന്നതിന്റെ പേരിൽ സ്വാതന്ത്ര്യസ്നേഹികളായ ലോക ജനതയുടെ പിന്തുണനേടാം. രാജ്യത്തിനകത്തുള്ള ഈ പശ്ചാത്തലത്തിലാണ് പ്രസിഡന്റ് ആസ്സദിന്റെ സാമ്രാജ്യത്വ വിരുദ്ധ നിലപാടിൽ ജനങ്ങളുടെ വിശ്വാസം ആവർത്തിച്ച് പ്രഖ്യാപിക്കുകയും സാമ്രാജ്യത്വത്തിന്റെ പദ്ധതികൾ ജനങ്ങൾ തിരസ്കരിക്കുകയും ചെയ്ത തെരഞ്ഞെടുപ്പ് നടന്നത്.

**സിറിയയിലെ തെരഞ്ഞെടുപ്പ്**

അങ്ങിനെ ഈജിപ്തിലെയും ഉക്രൈനിലെയും തെരഞ്ഞെടുപ്പുകൾ സാമ്രാജ്യത്വ ശക്തികൾക്ക് അനുഗ്രഹമായെങ്കിൽ സിറിയൻ തെരഞ്ഞെടുപ്പ് സ്പഷ്ടമായും വിപരീത ചിത്രമാണ് നൽകിയത്. ഈജപ്തിലെയും ഉക്രൈനിലെയും ഫലങ്ങളെ സാമ്രാജ്യത്വ ശക്തികൾ സ്വകരിച്ചപ്പോൾ സിറിയൻ തെരഞ്ഞെടുപ്പ് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒന്നായി പാശ്ചാത്യ മാധ്യമങ്ങൾ ചിത്രീകരിച്ചു. സാമ്രാജ്യത്വ ഭരണകർത്താക്കളും അവരെ സേവിക്കുന്ന മാധ്യമങ്ങളും ആഭ്യന്തരയുദ്ധത്തിന്റെ നടുവിൽ നിൽക്കുന്ന സിറിയയ്ക്ക് ഒരു തെരഞ്ഞെടുപ്പ് നടത്താനുള്ള അവകാശമില്ലെന്നുവരെ പ്രഖ്യാപിച്ചു. യു.എസ്സ് സ്റ്റേറ്റ് സെക്രട്ടറി തെരഞ്ഞെടുപ്പിനെ ഒരു പ്രഹസനമെന്ന് വിളിച്ചു. ഒപ്പം തന്നെ സാമ്രാജ്യത്വ ശക്തികൾ സൈനിക ഉദ്യോഗസ്ഥരെയും രാഷ്ട്രീയ നേതാക്കളെയും കോർപ്പറേറ്റ് പണം പറ്റുന്ന "മനുഷ്യാവകാശ" സംഘടനകളെയും ഗവൺമെന്റിതര സംഘടനകളെയും ആ രാജ്യത്തേക്കയച്ചു. നിഷ്പക്ഷമായി തെരഞ്ഞെടുപ്പിന് മേൽ നോട്ടം വഹിക്കാനെന്ന പേരിൽ ചെയ്ത ഇക്കാര്യങ്ങൾ വ്യത്യസ്ത രൂപത്തിലുള്ള തുടർച്ചയായ സൂക്ഷ്മനിരീക്ഷണ പ്രക്രിയകളായിരുന്നു, കടന്നുകയറ്റവും ബലപ്രയോഗവും എന്നുവരെ ഇതിനെ വിളിക്കാം. തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ഇനിയുമൊരു ശ്രമം എന്ന നിലയിൽ സാമ്രാജ്യത്വ ശക്തികൾ ഒരു വൃത്തികെട്ട അടവുകൂടി പയറ്റി നോക്കി. ലോകമെമ്പാടും വിദേശ രാജ്യങ്ങളിൽ താമസക്കാരായ പൗരൻമാർ തെരഞ്ഞെടുപ്പിൽ സാധാരണ വോട്ടുചെയ്യുന്നത് മാതൃരാജ്യത്തിന്റെ എംബസിയിലോ കോൺസുലേറ്റിലോ ആണ്. ലെബനോണിൽ താമസിക്കുന്ന സിറിയക്കാർ വോട്ടുചെയ്യാൻ മൈലുകൾ നടക്കുകയും കത്തുന്ന വെയിലിൽ ദിവസംമുഴുവൻ കാത്തുനിൽക്കുകയും ചെയ്തപ്പോൾ മൈലുകളോളം നീണ്ട ഗതാഗതസ്തംഭനമുണ്ടായെന്ന് പാശ്ചാത്യ കോർപ്പറേറ്റുകളുടെ ഉടമസ്ഥതയിലുള്ള വാഷിംഗ്ടൺ പോസ്റ്റ്, ന്യൂയോർക്ക് ടൈംസ്, ബിബിസി, റോയിട്ടേഴ്സ് തുടങ്ങിയ മാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്തു. അഞ്ച് ലക്ഷത്തോളം വരുന്ന വോട്ടർമാർ സിറിയൻ പതാകയും പ്രസിഡന്റ് ബാഷർ അൽ ആസ്സദിന്റെ ചിത്രങ്ങളുമായി വോട്ടു ചെയ്യാനെത്തിയതിന്റെ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. പക്ഷേ യുഎസ്, ഫ്രാൻസ്, ജർമ്മനി, ബെൽജിയം, യുഎ.ഇ എന്നീ രാജ്യങ്ങളിൽ തങ്ങളുടെ കോൺസുലേറ്റിൽ വോട്ട് ചെയ്ത് നാട്ടിലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനുള്ള അവകാശം സിറിയക്കാർക്ക് നിഷേധിക്കപ്പെട്ടു. യു.എസ്. തങ്ങൾക്ക് വോട്ടു ചെയ്യാനുള്ള അവസരം നിരസിച്ചതിനെതിരെ ന്യൂയോർക്ക് നഗരത്തിൽ ഐക്യ രാഷ്ട്രസഭാ മന്ദിരത്തിനുമുൻപിൽ സിറിയൻ പൗരൻമാർ ഒത്തുകൂടി പ്രതിഷേധിച്ചു.

സാമ്രാജ്യത്വ ശക്തികൾ ചെലവുചെയ്ത്, നിയന്ത്രിച്ച്, ആയുധമണിയിച്ച്, അനുഗ്രഹിച്ചിട്ടുള്ള സിറിയയിലെ വിമതസൈന്യം എന്നു വിളിക്കപ്പെടുന്നവർ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാൻ ആവശ്യപ്പെട്ടു. വോട്ടുചെയ്യാൻ വരുന്നവരിൽ ഭീതിപടർത്തി ബഹിഷ്കരണം നടപ്പിലാക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി. പക്ഷേ ലബനോണിലും മറ്റ് രാജ്യങ്ങളിലുമുള്ള സിറിയൻ അഭയാത്ഥികൾ വൻതോതിൽ വോട്ടുചെയ്യാൻ എത്തി എന്നത് തെളിയിക്കുന്നത് തെരഞ്ഞെടുപ്പ് ബഹിഷ്കരണ ആഹ്വാനം അപ്പാടെ തള്ളപ്പെട്ടു എന്നാണ്.

രാജ്യത്തിനകത്തെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. പാശ്ചാത്യ മാധ്യമങ്ങൾ സ്വാഭാവികമായും മൗനം പാലിച്ചു. പക്ഷേ സിറിയയിൽ പോയ സാർവ്വദേശീയ പ്രതിനിധി സംഘങ്ങളുടെ പ്രസ്താവനകളും റിപ്പോർട്ടുകളും സത്യം പുറത്തുകൊണ്ടുവന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ, ബ്രിക്സ് രാജ്യങ്ങൾ (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, സൗത്ത് ആഫ്രിക്ക), ഉഗാണ്ട, വെനിസ്വെല, ഇറാൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും പാർലമെന്റ് അംഗങ്ങളും സംശയരഹിതമായി റിപ്പോർട്ട് ചെയ്തത് പാശ്ചാത്യ പ്രചരണത്തിന് വിരുദ്ധമായി തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവും ആയിരുന്നുവെന്നും ജനാധിപത്യ അന്തരീക്ഷത്തിലാണ് അത് നടന്നതെന്നുമാണ്. അതുമാത്രമല്ല സിറിയൻ ജനങ്ങൾക്ക് നേരെ നടന്ന യുദ്ധ കുറ്റകൃത്യങ്ങൾക്ക് യു.എസ്സും സഖ്യശക്തികളും ഉത്തരവാദികളാണെന്നും പ്രതിനിധിസംഘം അഭിപ്രായപ്പെട്ടു.

"ഭരണകൂടങ്ങളുടെ ആഭിമുഖ്യത്തിലുള്ള ഭീകരവാദത്തെ പിന്തുണക്കുന്ന രാജ്യങ്ങളോട് ഇത്തരം കാര്യങ്ങൾക്ക് ഭൗതികസഹായം നൽകുന്നത് നിർത്തണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു."

സിറിയയിലെ ജനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ സന്തുഷ്ടരാണ് എന്ന് കണ്ടു എന്നാണ് പ്രതിനിധികൾ വ്യക്തമായി പറഞ്ഞത്. സിറിയക്കാർ ഈ ഒരു അവസരത്തിനു വേണ്ടി ഇത്രയും കാലം കാത്തിരിക്കുകയായിരുന്നു എന്ന് തോന്നി. നിരവധി പോളിംഗ് ബൂത്തുകൾ സന്ദർശിച്ച ഉഗാണ്ടയിലെ ജനപ്രതിനിധി പറയുന്നു, "തെരഞ്ഞെടുപ്പ് ജനങ്ങളുടെ മേൽ ബലമായി നടത്തിയതാണ് എന്ന വീക്ഷണമാണ് പാശ്ചാത്യ മാധ്യമങ്ങൾ മുന്നോട്ടുവക്കുന്നത്. എന്നാൽ ഒരു ബലപ്രയോഗവും എനിക്ക് കാണാൻ കഴിഞ്ഞില്ല. വോട്ടുചെയ്യാൻ ഏറെ നീണ്ട വരികളിൽ ജനങ്ങൾ നിന്നിരുന്നു. തെരഞ്ഞെടുപ്പിനെക്കുറിച്ച് അവർക്കൊരു ഉൽസാഹമുണ്ടായിരുന്നു". സിറിയൻ അഭയാർത്ഥികളെ എംബസികളിൽ വോട്ട് ചെയ്യാൻ അനുവദിക്കാതെ അവരുടെ ന്യായമായ അവകാശം നിഷേധിച്ച രാജ്യങ്ങളെ പ്രതിനിധിസംഘം വിമർശിച്ചു. സിറിയക്കുമേലുള്ള സാമ്രാജ്യത്വ ആക്രമണത്തോടുള്ള എതിർപ്പ് വ്യക്തമാക്കാൻ ഇന്റർനാഷണൽ

(ശേഷം 12-ാം പേജിൽ)

**ആന്തരിക ദൗർബല്യത്താൽ ഉലയുന്ന സിപിഐ(എം)**

# സത്യസന്ധരായ ഇടതുപക്ഷ അണികളോട് ഒരു അഭ്യർത്ഥന

(7-ാംപേജിൽ നിന്ന് തുടർച്ച)

രന്ന കർഷകസ്ത്രീകളെക്കുറിച്ച് വളരെ മോശമായ ഭാഷയിലാണ് പല സിപിഐ(എം) നേതാക്കളും സംസാരിച്ചത്. 2007 നവംബർ 11ന് നിരായുധരായ കർഷകരുടെ പ്രതിഷേധത്തിനുനേരെ ക്രൂരമായ മറ്റൊരാക്രമണംകൂടി സിപിഐ(എം) ആസൂത്രണം ചെയ്തു. നിരവധി പേർ കൊല്ലപ്പെടുകയും അനേകം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത ഈ സംഭവത്തെ നന്ദിഗ്രാമിലെ പുതിയൊരു സൂര്യോദയം എന്നാണ് അവർ വിശേഷിപ്പിച്ചത്. ഇതാണ് സിപിഐ(എം) പേറുന്ന ഇടതുപക്ഷീയതയുടെ തനിനിറം!

**സിപിഐ(എം)ന്റേത് അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള രാഷ്ട്രീയം**

നേതൃമാറ്റത്തിനുവേണ്ടി നിലകൊള്ളുന്ന സിപിഐ(എം)കാർ മനസ്സിലാക്കേണ്ടത് അവരുടെ പാർട്ടിയിൽ മാർക്സിസമെന്നല്ല ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ തന്നെ ഒരു കണികപോലും അവശേഷിക്കുന്നില്ല എന്നതാണ്. മുൻവിധികൾ മാറ്റിവച്ച് ഒരു ആത്മപരിശോധന നടത്താൻ അവർ തയ്യാറായാൽ, 34 വർഷത്തെ സിപിഐ(എം) മുന്നണിഭരണത്തിനും വളരെമുമ്പേ തന്നെ മാടമ്പിത്തരവും മുഷ്കും ഗൂണ്ടായിസവും രാഷ്ട്രീയപ്രതിയോഗികളെ തെറിവിളിക്കലുമൊക്കെ അവരുടെ മുഖമുദ്രയായിരുന്നു എന്ന് കാണാനാകും. സിപിഐ(എം) ഒരു വമ്പൻപാർട്ടിയാണ്, അതുകൊണ്ടുതന്നെ അവർ പറയുന്നതെന്നും വേദവാക്യംപോലെ സ്വീകരിച്ചുകൊള്ളണം- ഇതായിരുന്നു 1960 കളിലും 70 കളുടെ തുടക്കത്തിലും നാട്ടുനടപ്പ്. എന്തുതരം ഇടതുപക്ഷീയതയാണിത്? അന്ധത, ഭ്രാന്ത്, വിദ്വേഷംപരത്തൽ, യുക്തിരാഹിത്യം, അക്ഷമ, തത്വചിന്താപരമായ അസഹിഷ്ണുത ഉത്തരം പറയുന്നതിനുപകരം ചീത്തവിളിക്കൽ- ഇതൊക്കെ പിന്തിരിപ്പൻമാരുടെ സവിശേഷമായ പെരുമാറ്റരീതികളാണ്. തത്വചിന്താപരമായ ദൗർബല്യമാണ് അസഹിഷ്ണുതയിലേക്ക് നയിക്കുന്നത്. സിപിഐ(എം)ൽ ഇനിയും മനസാക്ഷി പണയപ്പെടുത്തിയിട്ടില്ലാത്തവരും ഇടതുപക്ഷ മനോഭാവം കാത്തുപുലർത്തുന്നവരും ഇപ്പോൾ നേതൃത്വ മാറ്റത്തിനുവേണ്ടി ആഗ്രഹിക്കുകയും ശബ്ദിക്കുകയും ചെയ്യുന്നവരുമായ ആളുകൾ ഈ വസ്തുതകൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ എല്ലാ ദുഷ്പ്രവണതകളും സിപിഐ(എം)ൽ ഉണ്ട്. ഇടതുപക്ഷ മുദ്രാവാക്യങ്ങൾ മുഴക്കുന്ന പല സിപിഐ(എം) നേതാക്കളും അതിനുവിരുദ്ധമായ ജീവിതം നയിക്കുന്നവരാണ്, മതവിശ്വാസികളും അന്ധവിശ്വാസികളുമാണ്, സ്വത്തു കുന്നുകൂട്ടുന്നവരാണ്, രാഷ്ട്രീയ ജീവിതത്തിൽനിന്നും വ്യക്തിജീവിതത്തെ അടർത്തിമാറ്റിയിട്ടുള്ളവരാണ്. എന്നാൽ പ്രവർത്തകർ ഒരിക്കലും ഇതൊന്നും ചോദ്യം ചെയ്തിട്ടില്ല. അധികാരം അവരെ അന്ധരാക്കിത്തീർത്തിരിക്കുന്നു. സിപിഐ(എം)ന്റെ മാർക്സിസ്റ്റേതരവും ഇടതുപക്ഷേതരവുമായ സമീപനവും പെരുമാറ്റവും മൂലം മാർക്സിസം-ലെനിനിസംപോലെ മഹത്തരമായ ഒരു ദർശനം ജനങ്ങൾക്കിടയിൽ ഏറെ അവമതിക്കിരയായിട്ടുണ്ടെന്ന കാര്യം അവർ മനസ്സിലാക്കുന്നതേയില്ല. സിപിഐ(എം)ഉം, മറ്റു ബൂർഷ്വാപാർട്ടികളും തമ്മിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല. ആദരവുളവാക്കേണ്ട "സഖാവ്" എന്ന പദം ഇന്ന് പുച്ഛമാണ് ജനിപ്പിക്കുന്നത്.

സിപിഐ(എം)ന്റെ ഏകലക്ഷ്യം ഇന്ന് വോട്ടുമാത്രമാണ്. വോട്ടിന്റേയും സീറ്റിന്റേയും അടിസ്ഥാനത്തിലാണ് അവർ നേട്ടകോട്ടങ്ങൾ നിർണ്ണയിക്കുന്നത്. പശ്ചിമബംഗാളിൽ 2009-ൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു. 2011-ലെ അസംബ്ലിതെരഞ്ഞെടുപ്പിൽ ദയനീയമായി പരാജയപ്പെട്ടു. 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തുടച്ചുനീക്കപ്പെട്ടു. ഇതോടെ അവരുടെ സാമ്രാജ്യം ചീട്ടുകൊട്ടാരംപോലെ തകർന്നടിഞ്ഞു. ദിശയറിയാത്ത കപ്പൽപോലെയാണ് അധികാരമില്ലാത്ത സിപിഐ(എം). ഇലക്ഷൻ എന്ന വൈതരണിയെ മറികടക്കാനും എല്ലാവരേയും വിരട്ടിനിർത്താനും അവർ ആശ്രയിച്ചിരുന്ന സാമൂഹ്യവിരുദ്ധരും തെമ്മാടികളുമൊക്കെയിന്ന് തൃണമൂൽകോൺഗ്രസ്സിനെയും ഇപ്പോൾ ബിജെപിയെയുമൊക്കെയാണ് പിൻതുണയ്ക്കുന്നത്. ലക്ഷക്കണക്കിന് അംഗസംഖ്യയെക്കുറിച്ചും മുന്നണി സംഘടനകളുടെ വലിപ്പത്തെക്കുറിച്ചുമൊക്കെ സിപിഐ(എം) നേതാക്കൾ എപ്പോഴും വമ്പുപറയാറുണ്ടായിരുന്നു. എന്നാൽ തൃണമൂൽ കോൺഗ്രസ്സ് ആക്രമണമാരംഭിച്ചതോടെ, ഇവരുടെ മനഃക്കരുത്ത് ചോർന്നുപോയി. നിലനിൽപ്പിനുവേണ്ടി പലരും തൃണമൂൽകോൺഗ്രസ്സിലേക്കും വർഗ്ഗീയ ബിജെപിയിലേക്കുമൊക്കെ ചേക്കേറിക്കൊണ്ടിരിക്കുകയാണ്. 'ഔദ്യോഗിക ഇടതുപക്ഷ'ത്തിന്റെ കുപ്പായമണിഞ്ഞ ഒരു വല്ല്യേട്ടന്റെ പതനം! ഭരണകക്ഷിയിൽനിന്ന് ആനുകൂല്യങ്ങൾ നേടാനാണ് ഈ മറുകണ്ടംചാടലെന്നാണ് ഒരു ജില്ലാ സെക്രട്ടറി അഭിപ്രായപ്പെട്ടത്. അത്ഭുതം തന്നെ! ഇത്തരം ഭാഗ്യാന്വേഷികളായിരുന്നു സിപിഐ(എം)ന്റെ സംഘടനാവലുപ്പത്തിന് കാരണമായിരുന്നതെന്നർത്ഥം. അധികാരം നഷ്ടപ്പെട്ടതോടെ സംഘടന തകരാനും തുടങ്ങി. തിരഞ്ഞെടുപ്പ് വിജയം ഉയർത്തിക്കാട്ടി സ്വന്തം പ്രവൃത്തികളെ മുഴുവൻ ന്യായീകരിച്ചിരുന്നു സിപിഐ(എം) നേതാക്കൾ. ഇന്ന് തൃണമൂലും ബിജെപിയുമാണ് വിജയിക്കുന്നത്. സിപിഐ(എം) പറയുന്ന ന്യായപ്രകാരം ഇവർ ചെയ്യുന്നതെല്ലാം ശരിയായിരിക്കണം. എന്തൊരു വിരോധാഭാസം!

**സത്യസന്ധരായ സിപിഐ (എം) പ്രവർത്തകരോട് ഒരു അഭ്യർത്ഥന**

സിപിഐ(എം) എക്കാലവും പിന്തുടർന്ന "ഇടതുപക്ഷീയത" ഇവ്വിധത്തിലുള്ളതായിരുന്നു. കാലാകാലങ്ങളിൽ ഇത് നമ്മുടെ പാർട്ടി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സിപിഐ(എം) നമ്മുടെ മേൽ മാരകമായ ആക്രണങ്ങൾ അഴിച്ചുവിട്ട് 150-ലേറെ നേതാക്കളെയും പ്രവർത്തകരെയും കൊലപ്പെടുത്തുകയും പലനേതാക്കളെയും കള്ളക്കേസിൽ കുടുക്കി ജയിലിലടയ്ക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും, അക്രമത്തിന്റെയും ധാർഷ്ട്യത്തിന്റെയും പൊങ്ങച്ചത്തിന്റെയും ഈ രാഷ്ട്രീയം അവരെ എവിടെയാണ് കൊണ്ടുചെന്നെത്തിക്കുക എന്ന് ആലോചിക്കണമെന്ന് അതിന്റെ പ്രവർത്തകരോട് നമ്മൾ ആവർത്തിച്ച് ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. ഒരു ബൂർഷ്വാ സമൂഹത്തിൽ ഒരു വിപ്ലവപാർട്ടിക്ക് ഗവൺമെന്റുണ്ടാക്കാൻ അവസരം ലഭിച്ചാൽ, എവ്വിധവും അധികാരത്തിൽ കടിച്ചുതൂങ്ങാനും അതാണ് ഏറ്റവും പരമമായ കർത്തവ്യം എന്ന് സ്ഥാപിക്കാനും ജനങ്ങളിൽ പാർലമെന്ററി വ്യാമോഹം വളർത്താനും ശ്രമിക്കുമോ? അധികാരം നിലനിർത്താനായി അത് വർഗ്ഗ-ബഹുജനപ്രക്ഷോഭത്തിന്റെ പാത വെടിയുമോ? അത്തരമൊരു പാർട്ടിയെ ഇടതുപക്ഷപ്പാർട്ടി എന്ന് ഏതെങ്കിലുമളവിൽ വിശേഷിപ്പിക്കാനാവുമോ? അതോ, ഒരു യഥാർത്ഥ വിപ്ലവപ്പാർട്ടി അധികാരമേറ്റാൽ പോലീസിനെയും ഭരണയന്ത്രത്തെയും അടക്കി നിർത്തിക്കൊണ്ട് വർഗ്ഗ-ബഹുജന സമരങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുമോ? മാർക്സിസം-ലെനിനിസത്തെ സംബന്ധിച്ച ശരിയായ ധാരണയുടെ അടിസ്ഥാനത്തിൽ, നമ്മുടെ മഹാനായ നേതാവും ഗുരുവും വഴികാട്ടിയുമായ സഖാവ് ശിബ്ദാസ്ഘോഷ് ഈ വിഷയത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇക്കാര്യങ്ങളൊക്കെ വളരെ ആഴത്തിൽ പരിശോധിക്കാതെ, എല്ലാക്കാര്യങ്ങളും യുക്തിയുടെയും ശരിയായ മാർക്സിസ്റ്റ് സമീപനത്തിന്റെയും പ്രയോഗപദ്ധതിയുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാതെ, മാർക്സിസ്റ്റ് ഇതരമായ ഒരു പാർട്ടിയുടെ നേതാക്കന്മാരെ മാറ്റുന്നതുകൊണ്ടുമാത്രം ആത്മാർത്ഥതയുള്ള സിപിഐ(എം) പ്രവർത്തകരുടെ പ്രതീക്ഷകൾ സഫലമാകുമോ? നേതൃത്വം അതീവപ്രധാനമാണ്. നേതാക്കളാണ് പാർട്ടിയെ നയിക്കുന്നത്. പാർട്ടിയുടെ അടിസ്ഥാനഘടന, ചിന്താരീതി, സമീപനപദ്ധതി, തത്വചിന്ത, സംസ്കാരം, ജീവിതശൈലി, എല്ലാറ്റിനുമുപരി ശരിയായ പ്രത്യയശാസ്ത്രം എന്നിവയിൽനിന്നൊക്കെ നേതൃത്വത്തെ അടർത്തിമാറ്റി കാണുന്നത് ശരിയാകുമോ? ഇടതുപക്ഷീയതയെ മുറുകെപ്പിടിക്കുന്ന, ഇടതു-ജനാധിപത്യ മുന്നേറ്റം ശക്തിപ്പെടണമെന്നാഗ്രഹിക്കുന്ന സിപിഐ(എം) പ്രവർത്തകർ ഗൗരവപൂർവ്വം, ആത്മാർത്ഥമായി മേൽവിവരിച്ച കാര്യങ്ങൾ പരിശോധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ●

# ഇറാക്ക്

# ഇറാക്കിലെ മൗലികവാദ പേക്കൂത്ത് സാമ്രാജ്യത്വ ഉപജാപങ്ങളും കടന്നാക്രമണങ്ങളും സൃഷ്ടിച്ചത്

പശ്ചിമേഷ്യയുടെയും വടക്കേ ആഫ്രിക്കയുടെയും വിശാലഭാഗങ്ങൾ, അതിന്റെ തന്ത്രപ്രധാനമായ സ്ഥാനത്തിനും സമൃദ്ധമായ പ്രകൃതിവിഭവങ്ങൾ -പ്രധാനമായും എണ്ണ- ക്കും മേൽ തങ്ങളുടെ എതിരില്ലാത്ത നിയന്ത്രണം സ്ഥാപിക്കാനായി സാമ്രാജ്യത്വം തങ്ങളുടെ വേട്ടസ്ഥലമായി മാറ്റിയിട്ടുണ്ട്. സാമ്രാജ്യത്വം ഒന്നിനു പിറകേ മറ്റൊന്നായി പ്രതിസന്ധികൾ സൃഷ്ടിക്കുന്ന അവിടെ പുതുതായി ഒരു പ്രതിസന്ധിയുടെ കേന്ദ്രം ഉയർന്നുവന്നിരിക്കുന്നു. ലിബിയക്കും സിറിയക്കും ശേഷം ഇറാക്ക് വീണ്ടും യുദ്ധക്കളമായി മാറിയിരിക്കുന്നു. യു.എസ്. സാമ്രാജ്യത്വ കൊള്ളക്കാരും അവരുടെ ബ്രിട്ടീഷ് സാമ്രാജ്യത്വ കൂട്ടാളികളും ചേർന്ന് നടത്തിയ രണ്ട് സർവ്വനാശകാരിയായ ആക്രമണ- അധിനിവേശ യുദ്ധങ്ങളിലൂടെ തകർക്കപ്പെട്ട ഒരു രാജ്യമാണ് ഇറാക്ക്. ഇതിനു പുറമേ സാമ്രാജ്യത്വം നട്ട് വളമിട്ട് വലുതാക്കിയ, വിദ്വേഷം നിറഞ്ഞ, ബീഭത്സവും മാരകവുമായ വിഭാഗീയ സംഘട്ടനങ്ങളും മനുഷ്യാവകാശങ്ങളുടെയും പൗരാവകാശങ്ങളുടെയും മൃഗീയമായ ലംഘനങ്ങളും അവിടെ നിലനിൽക്കുന്നു. അത്തരമൊരു രാജ്യം പുതിയൊരു തീവ്രമായ സംഘർഷത്തെ നേരിടുകയാണ്.

**പശ്ചാത്തലം: സാമ്പത്തികമായി ഭദ്രമായിരുന്ന ഒരു മതേതര രാജ്യത്തെ യു.എസ് സാമ്രാജ്യത്വം നശിപ്പിച്ചു**

അമേരിക്കൻ ആക്രമണങ്ങൾക്ക് മുൻപ് സദ്ദാം ഹുസൈന്റെ ഏകാധിപത്യ ഭരണത്തിലുള്ള ഇറാക്ക് അനിവാര്യമായ ചൂഷണ മർദ്ദന വ്യവസ്ഥയോടുകൂടിയ ഒരു മുതലാളിത്ത രാജ്യമായിരുന്നു, എന്ന തർക്കമറ്റ വസ്തുത വിഷയത്തിലേക്ക് കടക്കുന്നതിന് മുൻപ് സൂചിപ്പിക്കാം. പക്ഷേ ഇസ്ലാമിക മൗലിക വാദത്തിന് കീഴിൽ അനുസരണയോടെ കഴിഞ്ഞിരുന്ന അറബ് ലോകത്തെ പല രാജ്യങ്ങളിൽ നിന്നും ഇറാക്ക് വ്യത്യസ്തമായിരുന്നു എന്ന് കാണാം. മതേതരത്വം പാലിക്കുന്നതിൽ, സാമൂഹ്യ-പൊതു ജീവിതങ്ങളിൽ നിന്ന് മതത്തെ ഒഴിവാക്കി നിർത്തുന്നതിൽ, ജനങ്ങൾക്ക് വിദ്യാഭ്യാസ-ആരോഗ്യ സൗകര്യങ്ങൾ ഒരുക്കുന്നതിൽ, സ്ത്രീകളോടുള്ള ഉദാര സമീപനത്തിൽ, അവർക്ക് അവകാശങ്ങൾ നൽകുന്നതിൽ ഒക്കെ ഇത് ദൃശ്യമായിരുന്നു. അയൽരാജ്യമായ ഇറാനുമായി നീണ്ടു നിന്ന, ഇരു രാജ്യങ്ങളെയും ക്ഷയിപ്പിച്ച യുദ്ധത്തിന് ശേഷം ഭദ്രമായൊരു സമ്പദ്വ്യവസ്ഥ വികസിപ്പിച്ചതിന് പുറമേയാണ് മേൽ പറഞ്ഞ പുരോഗതി. ഇവയെ അടിസ്ഥാനമാക്കിയും തുടക്കത്തിലുണ്ടായിരുന്ന സാമ്രാജ്യത്വ അനുകൂലനിലപാട് മറികടന്നു കൊണ്ടും സദ്ദാമിന് കീഴിലെ ഇറാക്ക് ശക്തമായ സാമ്രാജ്യത്വ വിരുദ്ധമായ പ്രത്യേകിച്ച് യു.എസ്. സാമ്രാജ്യത്വവിരുദ്ധമായ ഒരു പങ്കു കൂടി വഹിച്ചിരുന്നു, അത് സ്വന്തം ദേശീയ താൽപര്യങ്ങളുടെ പ്രേരണയിലായിരുന്നു എങ്കിൽ പോലും. എന്തായാലും ഇത് അവിടുത്തെ ജനങ്ങൾക്ക് സമരോൽസുകമായ യു.എസ്.സാമ്രാജ്യത്വ വിരുദ്ധ സിയോണിസ്റ്റ് വിരുദ്ധ മനോഗതി പകർന്നു നൽകി. പക്ഷേ ജീർണ്ണമായ മുതലാളിത്തത്തിന്റെ അഥവാ സാമ്രാജ്യത്വത്തിന്റെ ഈ യുഗത്തിൽ വികസിക്കുന്ന ഒരു മുതലാളിത്ത രാജ്യമെന്നനിലയിൽ, അറബ് ലോകത്ത് സർവ്വ സാധാരണമായിരുന്ന മതമൗലികവാദത്തെ ആശയപരമായി പൊരുതി പരാജയപ്പെടുത്താൻ ഭരിക്കുന്ന ദേശീയ ബൂർഷ്വാസിക്ക് കഴിഞ്ഞില്ല, അതിനവർ ശ്രമിച്ചുമില്ല. ജനങ്ങൾക്കിടയിൽ മതവിഭാഗങ്ങളുടെ, സമുദായങ്ങളുടെ വംശീയ ഗോത്രങ്ങളുടെയൊക്കെ പേരിൽ ഉണ്ടായിരുന്ന അനൈക്യവും വിഭജനങ്ങളും തുടച്ചുനീക്കാനുമവർക്ക് കഴിഞ്ഞില്ല. പിന്തിരപ്പത്വത്തിന്റെ വിത്തുകൾ ഉള്ളിലുണ്ടായിരുന്നു, ഇടക്കൊക്കെ അവ മുളപൊട്ടി. ഏറെയും തൊഴിലാളികളും കർഷകരുമായ ഷിയാകൾക്കെതിരെ സദ്ദാമുൾപ്പെടുന്ന, ഭരിക്കുന്ന വിഭാഗമായ സുന്നികളുടെ വിവേചനത്തെക്കുറിച്ചും ആരോപണങ്ങൾ പഴയ ഇറാക്കിൽ ഉണ്ടായിട്ടുണ്ട് പക്ഷേ ക്രമേണ ഇവയൊക്കെ സാമ്രാജ്യത്വ വിരുദ്ധ ആവേശത്തിൽ മന്ദീഭവിച്ചു.

**ചെറുത്തു നിൽപ്പിന്റെ മുനയൊടിക്കാനും ജനങ്ങളെ ഭിന്നിപ്പിക്കാനും യു.എസ്. അധിനിവേശത്തിന്റെ കൗശലങ്ങൾ**

ഇറാക്കിന്റെ കൈവശം കൂട്ടനശീകരണ ആയുധങ്ങൾ ഉണ്ടെന്ന വ്യാജമായ ന്യായത്തിനുമേൽ യു.എസ് സാമ്രാജ്യത്വം അവരുടെ മൃഗീയമായ സൈനിക ശക്തി ഉപയോഗിച്ച് ആ രാജ്യത്തെ തകർത്തു തരിപ്പണമാക്കിയതും, ആ നാട് പിടിച്ചെടുത്തതും, അതിന്റെ പ്രസിഡന്റ് സദ്ദാം ഹുസൈനെ ഹീനമായി രഹസ്യമായി വധിച്ചതും, അവിടെ ഒരു വിധേയ സർക്കാരിനെ സ്ഥാപിച്ചതും ലോക ജനതക്കറിയാവുന്നതാണ്. ഇതെല്ലാം ചെയ്തിട്ടും ഇറാക്കി ജനങ്ങളെ അവർക്ക് കൂടെ കൂട്ടാൻ കഴിഞ്ഞില്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നിയമവിരുദ്ധമായ ഇറാക്ക് അധിനിവേശം ജനങ്ങൾ ഒരിക്കലും അംഗീകരിച്ചില്ല.

നേരെ മറിച്ച് സ്വാതന്ത്ര്യ പ്രേമികളായ ഇറാക്കി ജനത, ദീർഘകാലത്തെ ദേശ സ്നേഹത്തിന്റെ പ്രേരണയാൽ അമേരിക്കൻ സാമ്രാജ്യത്വത്തിനും അവരുടെ പാവസർക്കാരിനുമെതിരെ ശബ്ദമുയർത്തിയിരുന്നു, ഇപ്പോഴുമുയർത്തുന്നു. കഴിഞ്ഞ പത്ത് വർഷമായി ഇടക്കിടെ ഉയർന്നുവരുന്ന പ്രക്ഷോഭങ്ങളിൽ അവർ പൊട്ടിത്തെറിക്കുന്നു. ഏറെക്കുറെ ചിന്നിച്ചിതറിയ നിലയിലാണെങ്കിലും ഇറാക്കിലുടനീളം ആത്മഹത്യാ- ആക്രമണങ്ങളും മറ്റും അവർ നടത്തി. പ്രധാന കാര്യം, പ്രതിഷേധിക്കുന്ന ജനങ്ങൾ അസംഘടിതരായും ദിശാബോധമില്ലാതെയുമാണ് തുടരുന്നത് എന്നതാണ്. ഈ പ്രതിഷേധങ്ങൾക്ക്, യുഎസ്. വിരുദ്ധ പൊട്ടിത്തെറികൾക്ക് സുസംഘടിതവും നീണ്ടുനിൽക്കുന്നതുമായ ഒരു ചെറുത്തുനിൽപ്പ് പ്രസ്ഥാനമായി രൂപം കൊള്ളാനും കഴിഞ്ഞില്ല.

ഇറാക്കി ജനങ്ങളിൽ നുരയുന്ന അതൃപ്തി യു.എസ്. സാമ്രാജ്യത്വത്തിനറിയാം. ആ രാജ്യത്ത് അവർ മുറുക്കിക്കൊണ്ടിരിക്കുന്ന കുരുക്ക് അയഞ്ഞു പോയാൽ നിയമ വിരുദ്ധമായ അധിനിവേശത്തിനെതിരായ ജനങ്ങളുടെ അതൃപ്തി കരുത്തുറ്റ പ്രസ്ഥാനമായി പൊട്ടിത്തെറിക്കുമെന്നും, അത് അറബ് വസന്തത്തിന്റെ സ്വഭാവം കൈക്കൊള്ളാൻ സാധ്യതയുണ്ടെന്നും അവർ ആശങ്കപ്പെടുന്നുണ്ട്. അതുകൊണ്ട് ഇറാക്കിന്റെ പ്രകൃതി വിഭവങ്ങൾ, പ്രത്യേകിച്ച് എണ്ണ കൊള്ളയടിക്കുക എന്ന അവരുടെ പ്രധാന ലക്ഷ്യത്തിന് തടസ്സം വരുത്താവുന്ന പൊടുന്നനെയുള്ള ജനമുന്നേറ്റങ്ങളെ ഭയന്ന് 2007-ൽ സൈന്യത്തെ പിൻവലിക്കാമെന്ന വാഗ്ദാനം അവർ ലംഘിച്ചു. പക്ഷേ സമ്പൂർണ്ണമായ അധിനിവേശ സൈന്യത്തിന്റെ നീണ്ടുനിൽക്കുന്ന സാന്നിദ്ധ്യം, അതിനെതിരെ ജനങ്ങൾ അവരുടെ ഐക്യം ദൃഢീകരിച്ചാൽ തിരിച്ചടിക്കുമെന്ന ആശങ്ക അവരെ വിട്ടുമാറിയില്ല. അതുകൊണ്ട് അവർ രണ്ട് കാര്യങ്ങൾ ആസൂത്രണം ചെയ്തു. സൈന്യത്തിന്റെ വലിയ ഭാഗത്തെ അവർ പിൻവലിച്ചു, വേണ്ടിവന്നാൽ തിരിച്ചു വരാനുള്ള വഴിയുറപ്പാക്കിക്കൊണ്ട്. അതോടൊപ്പം അവരുടെ വരുതിയിലുള്ള സർക്കാർ ആവശ്യപ്പെട്ടാൽ സഹായിക്കും എന്നവർ പ്രഖ്യാപിച്ചു. മറുവശത്ത് ജനങ്ങൾക്കിടയിൽ ഭിന്നത വളർത്തുക എന്ന അവരുടെ വെറുക്കപ്പെട്ട നയം നടപ്പിലാക്കിക്കൊണ്ട് യു.എസ് സാമ്രാജ്യത്വം ഒരു വിഭാഗത്തെ മറ്റൊന്നിനെതിരെ ഇളക്കിവിട്ട്, പരസ്പരനശീകരണ പോരാട്ടങ്ങൾക്ക് പ്രകോപനം നൽകി, വംശീയ സംഘർഷങ്ങൾ ആസൂത്രണം ചെയ്ത്, ഷിയ-സുന്നി വിഭാഗീയത കൗശലപൂർവ്വം വളർത്താൻ ആരംഭിച്ചു. അന്തിമമായി രൂപം കൊള്ളുന്ന ഒരു ഇറാക്കി പ്രതിരോധത്തിനെതിരെ നിൽക്കാൻ പരസ്പരം ശത്രുതയോടെ പടവെട്ടുന്ന രണ്ട് ഷിയാ ഗ്രൂപ്പുകളിൽ പെടുന്ന അധികാര മോഹികളായ രണ്ട് പുരോഹിതരെ അവർ ഏർപ്പാടാക്കി. മുക്താദാ അൽസദറിന്റെ സദർ മെഹ്ദി ആർമി എന്ന സേനയും ബദർ ഓർഗനൈസേഷൻ എന്ന സേനയും (അബ്ദുർ അസീസ് അൽഹക്കീമിന്റെ സുപ്രീം ഇസ്ലാമിക് കൗൺസിൽ ഇൻ ഇറാക്കിന്റെ നേതൃത്വത്തിൽ) അവസാനം ഹീനമായ യു.എസ്. പദ്ധതി പൂർത്തീകരിക്കുന്നതിന് പകരം, ഈ രണ്ട് ഷിയാ ഗ്രൂപ്പുകൾ, ബദറും സദറും പരസ്പരം മനുഷ്യത്വത്തിനെതിരായ ഗുരുതരമായ കുറ്റകൃത്യങ്ങൾ ആരോപിക്കുകയും തുടർന്ന്, ഇറാക്കി ജനങ്ങളുടെ ദുഃഖങ്ങൾ ഇരട്ടിപ്പിച്ചു കൊണ്ട് ബാഗ്ദാദിനടുത്തുള്ള ഷിയാകളുടെ വിശുദ്ധ നഗരമായ കർബലയിൽ രക്തരൂഷിതമായ സംഘട്ടനം നടത്തുകയും ചെയ്തു. ഇതിൽ 52 പേർ മരിക്കുകയും 200 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇത്തരത്തിലുള്ളതാണ് ഇറാക്കി ജനങ്ങൾക്ക് അനൈക്യവും ദുരിതവും മരണവും മാത്രം നൽകുന്ന യു.എസ് സാമ്രാജ്യത്വ പദ്ധതികൾ.

**അറബ് ലോകത്തെയും ഇറാക്കിലെയും ഷിയ- സുന്നി ഭിന്നതയും മൗലികവാദവും കരുവാക്കി സാമ്രാജ്യത്വ ശക്തികൾ അവരുടെ മേധാവിത്വം വിപുലീകരിക്കുന്നു**

എണ്ണ സമ്പന്നമായ, തന്ത്രപരമായി പ്രാധാന്യമുള്ള പശ്ചിമേഷ്യയിൽ തങ്ങളുടെ അധീശവാഴ്ച നടപ്പാക്കാനുള്ള പദ്ധതി രൂപീകരിക്കാൻ യു.എസ്.സാമ്രാജ്യത്വം വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിച്ചു. സാമ്രാജ്യത്വത്തിന്റെ പൊതുവായ രീതി എന്നനിലയിൽ, ബ്രീട്ടിഷ്, ഫ്രഞ്ച് സാമ്രാജ്യത്വ ശക്തികൾ ഒരിക്കൽ പശ്ചിമേഷ്യയിൽ ചെയ്തതുപോലെ, ഇപ്പോൾ യു.എസ്. സാമ്രാജ്യത്വം ചെയ്യുന്നതുപോലെ, ഷിയ-സുന്നി ഭിന്നത ഉൾപ്പടെ ഇസ്ലാമിക മൗലികവാദത്തിന്റെ വ്യത്യസ്ത ചേരികളെ അടിസ്ഥാനമാക്കി അറബ് നാടുകൾക്കിടയിൽ പിളർപ്പുണ്ടാക്കാൻ അവരെക്കാലത്തും ശ്രമിച്ചിരുന്നു. യഥാർത്ഥത്തിൽ, സുന്നി ഭരണത്തിലായിരുന്ന അന്നത്തെ ഇറാക്കും ഷിയ മേധാവിത്വമുള്ള ഇറാനും തമ്മിൽ നടന്ന കഠിനമായ യുദ്ധത്തിന്റെ മൂല കാരണമായി ഈ ഘടകമുണ്ടായിരുന്നു. യു.എസ് സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം സുന്നിവിഭാഗത്തിന്റെ നേതാവായ, സമ്പന്നമായ സൗദി അറേബ്യയിലെ പിന്തിരിപ്പൻ ഭരണത്തെ കൂടെകൂട്ടാൻ സാധിച്ചെങ്കിൽ, ഇറാനെ മുട്ടുകുത്തിക്കുന്നതിൽ അവർ പരാജയപ്പെട്ടു. തുടർന്ന് ഇറാനെതിരെ ഉപരോധങ്ങൾ ഏർപ്പെടുത്തിയ യു.എസ് സാമ്രാജ്യത്വം സുന്നി മേധാവിത്വമുള്ള മൗലികവാദ അൽ ഖയ്ദയെ ഇറാനുചുറ്റും സ്ഥാപിക്കാൻ ശ്രമിച്ചു.

അപ്പുറത്ത് ലിബിയയിൽ ഗദ്ദാഫിയേയും അദ്ദേഹത്തിന്റെ സർക്കാരിനെയും ഉൻമൂലനം ചെയ്യാനായി അവർ നാറ്റോയുടെ മുഖം മൂടി ധരിച്ചു കൊണ്ട് സായുധ ഇടപെടലിന് സാഹചര്യം സൃഷ്ടിക്കുകയും അവിടെ ഒരു മൗലികവാദ വിമതഗ്രൂപ്പിനെ വളർത്തിയെടുക്കുകയും ചെയ്തു. സിറിയയിലും പ്രസിഡന്റ് ആസ്സദിനെ സമ്മർദ്ദത്തിലാക്കി മുട്ടുകുത്തിക്കുവാനും ഭരണ മാറ്റത്തിനു വേണ്ടിയുള്ള ഒരു മുറവിളിയുടെ പേരിൽ അദ്ദേഹത്തെ നീക്കം ചെയ്യാനുമായി, വിമത ഗ്രൂപ്പ് എന്ന പേരിൽ ഒന്നിനെ അവർ സഹായിച്ച് വളർത്തിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അവരുടെ ഉറ്റ സഖ്യശക്തികളായ സൗദിഅറേബ്യയിലേയും ഖത്തറിലേയും പിന്തിരിപ്പൻ ഭരണകൂടങ്ങളുമായി ചേർന്ന് അവർ ഈ വിമതർക്ക് ഉദാരമായി പണം കൊടുത്തു, ഏറ്റവും സങ്കീർണ്ണമായ ആയുധങ്ങൾ നൽകി, ആവശ്യത്തിന് പരിശീലനവും നൽകി. അങ്ങിനെ സിറിയൻ ഗവൺമെന്റും അതിന്റെ സൈന്യവും ഒരു വശത്തും വിമതർ എന്നു വിളിക്കുന്നവർ മറുവശത്തുമായി നീണ്ട രക്തരൂക്ഷിതമായ ഒരു ആഭ്യന്തര യുദ്ധത്തിലേക്ക് ആ രാജ്യത്തെ അവർ വലിച്ചിഴച്ചിരിക്കുന്നു. ഇതിനിടയിൽ അൽ-ഖ്വേദയുടെ ആഭിമുഖ്യത്തിലുള്ള ഐ.എസ്.ഐ.എസ് (ഇസ്ലാമിക് സ്റ്റേറ്റ് ഇൻ ഇറാക്ക് ആന്റ് അൽഷാം / സിറിയ) എന്ന ഗ്രൂപ്പിനെ പ്രോൽസാഹിപ്പിക്കാനും സിറിയയിലും അപ്പുറത്ത് ഇറാക്കിലും തങ്ങൾക്കുവേണ്ടി പ്രവർത്തിപ്പിക്കാനും അവർക്ക് കഴിഞ്ഞു. ഈ ഭീകര- മതമൗലികവാദ സംഘത്തെ ആയുധങ്ങളും പണവും ഉദാരമായി നൽകി അനുഗ്രഹിച്ച സൗദി അറേബ്യയും ഖത്തറുമാണ് ഇവിടെയും അവരുടെ മുഖ്യ പിന്തുണ.

**ഷിയ-സുന്നികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്ന സാമ്രാജ്യത്വ പദ്ധതിയാണ് ഐ.എസ്.ഐ.എസ് എന്ന വിപത്ത് ആവിർഭവിക്കാനിടയാക്കിയത്**

ഇറാക്കിൽ ദീർഘകാലമായി പുകഞ്ഞുകൊണ്ടിരുന്ന ഷിയ-സുന്നി ഭിന്നതയെയും സംഘട്ടനത്തെയും യു.എസ്.സാമ്രാജ്യത്വവും അവരുടെ പാവസർക്കാരും കൗശലപൂർവ്വം ആളിക്കത്തിച്ചു. അവിടെ ഷിയാകൾ ജനസംഖ്യയുടെ ഭൂരിപക്ഷമായിരുന്നെങ്കിലും സദ്ദാം സർക്കാർ സുന്നികളുടെ നേതൃത്വത്തിലായിരുന്നു. യു.എസ്. അധിനിവേശക്കാർ, ഇതുവരെ ഭരിച്ചിരുന്ന സുന്നികൾക്കെതിരെ ഭരിക്കപ്പെട്ടിരുന്ന ഷിയകൾക്കുള്ള നീരസത്തെ ഊട്ടി വളർത്തി. അവസാനം ജനാധിപത്യം സ്ഥാപിക്കാൻ എന്നപേരിൽ ഷിയാകൾക്ക് മുൻതൂക്കമുള്ള, തങ്ങളോട് അനുസരണയുള്ള, ഒരു സർക്കാരിനെ അധികാരത്തിലേറ്റുന്നതിൽ അവർ വിജയിച്ചു. ഇത് ഷിയ-സുന്നി ബന്ധം കൂടുതൽ വഷളാക്കാനേ സഹായിച്ചുള്ളൂ, പ്രത്യേകിച്ചും 2010 ലെ തെരഞ്ഞെടുപ്പിന് ശേഷം. ആ തെരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ പ്രധാനമന്ത്രി അൽമാലിക്കിയുടെ പാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷം ലഭിച്ചില്ല. എന്നിട്ടും ഒരു ദേശീയ ഐക്യസർക്കാർ ഉണ്ടക്കാമെന്ന ധാരണകൾ കാറ്റിൽ പറത്തിക്കൊണ്ട് ലജ്ജയില്ലാത്ത വിഭാഗീയ സമീപനത്തോടെ പെരുമാറുകയും, സൈന്യത്തിൽ നിന്ന് ലക്ഷക്കണക്കിന് സുന്നികളെ പിരിച്ചുവിടുകയും, വലിയൊരു എണ്ണം സുന്നികൾ സിവിലിയൻ സർവ്വീസ് തസ്തികകളിൽ ജോലി ചെയ്യുന്നത് നിരോധിക്കുകയും ചെയ്തു. കുർദുകളെ അകറ്റി, ന്യായമായ സുന്നി പ്രതിപക്ഷ പ്രവർത്തനത്തെ അടിച്ചമർത്താൻ ശ്രമിച്ചു. തീർച്ചയായും അൽ മാലിക്കി സർക്കാരിന് അതിന്റെ ഉപദേശകനായ യു.എസ്. സാമ്രാജ്യത്വത്തിന്റെ പരസ്യമോ രഹസ്യമോ ആയ അനുവാദവും പിന്തുണയുമില്ലാതെ ഇത്തരത്തിൽ പ്രവർത്തിക്കാൻ കഴിയില്ല. ഈ ഷിയാ വിഭാഗീയത പഴയ സുന്നി പുനരുത്ഥാന പ്രസ്ഥാനത്തെ ഊതിക്കത്തിച്ചു. അതോടൊപ്പം തീവ്രവാദവും മാരകമായ മൗലിക വാദ സ്വഭാവവുമുള്ള സുന്നിസേനയായ ഐ.എസ്.ഐ.എസ്.ഉം അതിന്റെ അനുബന്ധ ഗ്രൂപ്പും ആവിർഭവിക്കാൻ കാരണമായി. ഐ.എസ്.ഐ.എസ് 2013 അവസാനത്തോടെ ഫലൂജയും റമദിയും പിടിച്ചെടുത്ത് വലിയ മുന്നേറ്റം നടത്തി. ഇപ്പോഴത്തെ സംഘർഷത്തിൽ, 2014 ജൂണിൽ മൊസൂളും, തിക്രിത്തും കയ്യടക്കി. വളരെ വേഗത്തിൽ മുന്നേറിക്കൊണ്ട് ബാഗ്ദാദിന് 60 കിലോമീറ്റർ അടുത്തെത്തി. ബാഗ്ദാദിന് വടക്ക് ബൈജിയിലുള്ള രാജ്യത്തെ ഏറ്റവും വലിയ എണ്ണ ശുദ്ധീകരണശാല ജൂൺ 18ന് ആക്രമിച്ചു, ബാങ്കുകളിൽ നിന്ന് ലക്ഷങ്ങൾ കൊള്ളയ

*(ശേഷം 12-ാംപേജിൽ)*

# സാമ്രാജ്യത്വശക്തികൾ ഇറാക്കിനെ കീറിമുറിക്കാൻ ഒരുങ്ങുന്നു

*(11-ാംപേജിൽ നിന്ന് തുടർച്ച )*

ടിച്ചു. നികുതികളും കപ്പങ്ങളും ബലമായി ഈടാക്കി, സ്ത്രീകളുടെ വേഷത്തിന്റെ കാര്യത്തിലും മറ്റും താലിബാന് സമാനമായ ഫത്‌വകൾ പുറപ്പെടുവിച്ചു. പിടിച്ചെടുത്ത സ്ഥലങ്ങളിലെ താമസക്കാരിൽ നിന്ന് കുടുംബപരമായ വിശദാംശങ്ങൾ വരെ ആവശ്യപ്പെടുന്നു. ഏറ്റവും ഏകാധിപത്യപരമായ പെരുമാറ്റവും അധീശത്വവും പ്രകടമാക്കിക്കൊണ്ട്, കുടുംബങ്ങളോട് വിവാഹിതരല്ലാത്ത പെൺകുട്ടികളെ നൽകാൻ അവർ ആവശ്യപ്പെടുന്നു. ചരടുകെട്ടി സ്വന്തമാക്കാനും ലൈംഗികതൃപ്തിക്കായി ഉപയോഗിക്കാനും. ഇതൊരു ഉദാഹരണം മാത്രമാണ്. ഐ.എസ്.ഐ.എസ്സിന്റെ പൈശാചികസ്വഭാവമെന്താണെന്നും, ഇറാക്കിലെ സർക്കാരിനെ മാറ്റി എന്തുതരം ഭരണമാണവർ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എന്നും, ഇനിയും വലിയ സൈനിക നീക്കങ്ങളിലൂടെ ഇറാക്കിനെയും സിറിയയെയും ഉൾക്കൊള്ളുന്ന എന്തുതരം വലിയ ഇസ്ലാമിക രാഷ്ട്രമാണവർ സൃഷ്ടിക്കാൻ പോകുന്നത് എന്നൊക്കെയുള്ളതിന്റെ തിളങ്ങുന്ന ഉദാഹരണമാണിത്. ഇപ്പോഴത്തെ പോരാട്ടത്തിൽ കലാപകാരികൾ പിടിച്ചെടുത്ത പ്രദേശങ്ങളിൽ നിന്ന് ഏകദേശം 50 ലക്ഷം ജനങ്ങൾ പലായനം ചെയ്തത് കടുത്ത മാനുഷിക പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. കലാപകാരികൾ 1700 ഇറാക്കി സൈനികരെ വധിക്കുകയും, വിചാരണകൂടാതെ അവരെ വധിക്കുന്നതിന്റെ ചിത്രങ്ങൾ ഐ.എസ്.ഐ.എസ് ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പ്രവൃത്തി യുദ്ധ കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലുള്ള താണ്. പിടിച്ചെടുക്കപ്പെട്ട മേഖലകളിലെ സുന്നി ജനങ്ങളിൽ പോലും ഇതിനകം സംശയവും പരിഭ്രാന്തിയും ഇത് സൃഷ്ടിച്ചിരിക്കുന്നു. സുന്നി പാളയത്തിലും ഭിന്നതയുണ്ടെന്ന റിപ്പോർട്ടുകൾ ഉണ്ട്. ഷിയ സർക്കാരിനെതിരെ പോരാടുന്ന രണ്ട് ശക്തമായ സുന്നി വിമത ഗ്രൂപ്പുകൾ തമ്മിൽ കർകുക്കിനടുത്ത് യുദ്ധം പൊട്ടിപുറപ്പെട്ടുവെന്ന് ഒരു ഇറാക്കി സുരക്ഷാ ഉദ്യോഗസ്ഥനും സാക്ഷികളായ ജനങ്ങളും പറഞ്ഞു. ഇപ്പോഴത്തെ മുന്നേറ്റത്തിന്റെ നേതൃത്വമായ ഐ.എസ്.ഐ.എസ് ഉം അതിന്റ ബാത്തിസ്റ്റ് സഖ്യശക്തികളും തമ്മിലുള്ള പോരാട്ടത്തിൽ 17 പേർ മരിച്ചുവെന്ന് ഈ ഉദ്യോഗസ്ഥൻ പറഞ്ഞു. ഐ.എസ്.ഐ.എസിനെതിരെ തിരിഞ്ഞ സുന്നികൾ മുൻ സദ്ദാം അനുകൂലികളും ബാത്തിസ്റ്റുകളുമായ ആർമി ഓഫ് നക്ഷബന്തിയിൽ നിന്നുള്ളവരാണ്. രണ്ട് ഗ്രൂപ്പുകളും സഖ്യത്തിലാണ്, പക്ഷേ വളരെ വ്യത്യസ്ത മായ പ്രത്യയ ശാസ്ത്രങ്ങളുള്ളവരുമാണ്. ബാത്തിസ്റ്റുകളുടെ ദേശീയവാദ സൂഫി തത്വചിന്ത ഐ.എസ്.ഐ.എസിന്റെ തീവ്രഇസ്ലാമിക വിശ്വാസങ്ങളുമായി പൂർണ്ണമായും വൈരുദ്ധ്യത്തിലാണ്. സദ്ദാമിന്റെ പാരമ്പര്യം പേറുന്ന ബാത്തിസ്റ്റുകൾ ഇപ്പോഴത്തെ ഇറാക്കി സർക്കാരിനെതിരെ ഐ.എസ്.ഐ.എസ് വിഭാവനം ചെയ്യുന്ന തരത്തിലുള്ള മൗലികവാദപരമായ കലാപം അംഗീകരിക്കുന്നില്ലെന്ന് കാണുന്നു.

മറുവശത്ത് ഇപ്പോൾ ഐ.എസ്.ഐ.എസ് മേൽക്കൈ നേടുകയും ഇറാക്കി ഭരണത്തിനും, 25 ബില്യൺ ഡോളർ മുടക്കി വർഷങ്ങളായി യു.എസ്. സാമ്രാജ്യത്വം പരിശീലിപ്പിച്ച അതിന്റെ സൈന്യത്തിനും മേൽ സൈനിക വിജയങ്ങൾ നേടുകയും ചെയ്യുമ്പോൾ, പരിമിതമായ സൈനിക സഹായം (275 യുദ്ധ ഉപദേഷ്ടാക്കളെ നിയോഗിക്കുന്നതും മറ്റും) ഇറാക്കിന് നൽകുന്നതിനെക്കുറിച്ചും വേണ്ടിവന്നാൽഐ.എസ്.ഐ.എസിനെതിരെ വിമാന, ഡ്രോൺ ആക്രമണങ്ങൾ നടത്തുന്നതിനെക്കുറിച്ചും യു.എസ്. ഭരണകർത്താക്കൾ സംസാരിക്കുന്നു. യഥാർത്ഥത്തിൽ ഇതവർക്ക് ഇറാക്കിൽ വീണ്ടും സൈന്യത്തെ വിന്യസിക്കുന്നതിനുള്ള പുതിയ സാധ്യത നൽകുകയും, അതുവഴി അയൽ രാജ്യങ്ങളായ സിറിയയിലും ഇറാനിലും യു.എസിനുള്ള അധീശത്വ പദ്ധതികൾ നിയന്ത്രിക്കാനുള്ള അവസരവും നൽകും. ഇറാക്കിന്റെ ആഭ്യന്തര കാര്യങ്ങളിൽ യു.എസും മറ്റ് ശക്തികളും ഇടപെടുന്നതിനെ തന്റെ രാജ്യം ശക്തമായി എതിർക്കുന്നു എന്ന് ഇറാന്റെ മുതിർന്ന നേതാവായ ആയത്തൊള്ള അലിഖാമീനി തുറന്നു പ്രഖ്യാപിച്ചത് ഒരു പ്രധാന കാര്യമാണ്. അദ്ദേഹം തുടർന്നു പറഞ്ഞു, 'ഇറാക്കിലെ ഇപ്പോഴത്തെ സർക്കാരിനെക്കുറിച്ച് യു.എസ് തൃപ്തരല്ലാത്തതിനാൽ അവരുടെ അന്ധരായ അനുയായികളെ അധികാരത്തിൽ കൊണ്ടുവരാനാണ് അവർ ശ്രമിക്കുന്നത്. അറബ് ഗൾഫ് രാജ്യങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ഇറാന്റെ പ്രസിഡന്റ് ഹസ്സൻ റൗഹാനി പറഞ്ഞു, 'ചില രാജ്യങ്ങൾ അവരുടെ പെട്രോ-ഡോളർ നൽകി ഭീകരവാദികളെ പാലൂട്ടിവളർത്തുകയാണ്. ഇത്തരം പിന്തുണ അവരെ തിരിഞ്ഞു കടിക്കും' എന്നദ്ദേഹം മുന്നറിയിപ്പ് നൽകി. ഇതൊരു സ്വാഗതാർഹമായ കാര്യമാണ്. കാരണം പുറകിൽ നിന്ന് എല്ലാ ചരടുകളും വലിച്ചിട്ടും, ഇറാനെ ഇറാക്കിനെതിരെ തിരിക്കാൻ യു.എസ് സാമ്രാജ്യത്വത്തിന് കഴിഞ്ഞില്ല.

**സാമ്രാജ്യത്വ ശക്തികൾ ചില സത്യങ്ങൾ വീണ്ടും സ്ഥിരീകരിക്കുന്നു. ദുരിതമനുഭവിക്കുന്ന പോരാടുന്ന ജനങ്ങൾക്ക് ചരിത്ര പാഠങ്ങൾ നൽകുന്നു**

ലോകത്തിന്റെ ഈ കോണിൽ ഉണ്ടായ സംഭവ പരമ്പര ഒന്നാകെ ചില സത്യങ്ങൾ നിസ്സംശയമായി സ്ഥിരീകരിക്കുന്നുണ്ട്. ഒന്ന്, യു.എസ് സാമ്രാജ്യത്വശക്തികളുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വമാണ് മനുഷ്യരാശിയുടെ നികൃഷ്ടരായ ശത്രുക്കളെന്ന് ഈ സംഭവങ്ങൾ ഒരിക്കൽ കൂടി കാണിച്ചുതരുന്നു. അവർ എല്ലാത്തരം ഹീന പദ്ധതികളും ആസൂത്രണം ചെയ്യുന്നു. സംഘർഷം ഉണ്ടാക്കുകയും നില നിർത്തുകയും ചെയ്യുന്നു. മൃഗീയമായ ആക്രമണ അധിനിവേശയുദ്ധങ്ങൾ നടത്തുന്നു. ജനങ്ങളെ ഭിന്നിപ്പിക്കാൻ, വിഘടിപ്പിക്കാൻ, ഭീതിയിലാഴ്ത്താൻ എല്ലാത്തരം മൗലികവാദത്തെയും ഭീകരവാദത്തെയും പ്രോൽസാഹിപ്പിക്കുന്നു. അവർ വംശീയ, വിഭാഗീയ, സാമുദായിക യുദ്ധങ്ങൾ സംഘടിപ്പിക്കുന്നു. നേരിട്ട് കൊള്ള നടത്തിക്കൊണ്ടോ, അതല്ലെങ്കിൽ പരസ്യമോ, രഹസ്യമോ ആയ ഏജന്റുമാർ മുഖേനയോ ജനങ്ങളെ പട്ടികളെയും പൂച്ചകളെയും പോലെ കൂട്ടക്കൊല ചെയ്യാൻ അവർക്ക് മടിയില്ല. ജനാധിപത്യവും സമാധാനവും സ്ഥാപിക്കാനെന്ന പേരിൽ അവർ നടത്തുന്ന മേൽ പറഞ്ഞ ഹീനകൃത്യങ്ങൾ ആണ് യു.എസ് സാമ്രാജ്യത്വവും സഖ്യശക്തികളും അവരുടെ പദ്ധതികൾ വിജയിപ്പിക്കാൻ ഉപയോഗിച്ചത് എന്നും അറബ് ലോകത്തെ സംഭവപരമ്പര വെളിവാക്കുന്നു. എപ്പോഴും എല്ലായിടത്തും നിരപരാധികളായ മനുഷ്യരാണ് ഇരകളാക്കപ്പെടുന്നത്. അവരിൽ ആയിരങ്ങൾ മരിക്കുന്നു, ലക്ഷങ്ങൾ ദുരിതമനുഭവിക്കുന്നു.

> **യഥാർത്ഥ വിപ്ലവ പ്രത്യയശാസ്ത്രവും ശരിയായ വിപ്ലവ പാർട്ടിയും മാത്രമേ ജനങ്ങളെ അവരുടെ മഹത്തായ ലക്ഷ്യങ്ങളിലേക്ക് നയിക്കുകയുള്ളൂ എന്ന തിരിച്ചറിവ് നാം പുതുക്കേണ്ടിയിരിക്കുന്നു.**

രണ്ടാമത് യഥാർത്ഥത്തിൽ നീണ്ടുനിൽക്കുന്ന സമാധാനവും സ്വാതന്ത്ര്യവും ജനാധിപത്യവും നേടാൻ അറബ് രാജ്യങ്ങളിലെ മാത്രമല്ല ലോകത്തെവിടെയുമുള്ള ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു ചുമതല നിർവഹിക്കാനുണ്ട്. അവർക്ക് മാത്രം നിർവഹിക്കാവുന്നതും അനുപേക്ഷണീയവുമായ ഈ ചുമതലയുടെ കാര്യവും സുനിശ്ചിതമായി വ്യക്തമായിക്കൊണ്ടിരിക്കുന്നു. തീവ്രമായ സമരത്തിലേക്കിറങ്ങുക എന്നതല്ലാതെ അവർക്ക് മറ്റൊരു വഴിയുമില്ല. സാമ്രാജ്യത്വ ശക്തികളെ പോരാടി പരാജയപ്പെടുത്തുക എന്നതല്ലാതെ മറ്റൊന്നുമല്ല അത്. ലോകവ്യാപകമായ വീറുറ്റ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം കെട്ടഴിച്ചുവിട്ടുകൊണ്ട് മാത്രമേ ആ ചുമതല നിർവ്വഹിക്കാനാവൂ. ക്ലേശകരമായ ഈ ചുമതല ഏറ്റെടുക്കുന്നവർക്ക് സാമ്രാജ്യത്വത്തിന്റെ ഈയുഗം തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റേതു കൂടിയാണെന്നും, ഇന്ന് ചൂഷിതരായ ദുരിതമനുഭവിക്കുന്ന ലോകത്തെവിടെയുമുള്ള ജനങ്ങളുടെ വഴികാട്ടി മാർക്സിസം -ലെനിനിസമാണ് എന്ന വസ്തുതയും കാണാതിരിക്കാനാവില്ല. അതുകൊണ്ട് എല്ലാവരും ആഗ്രഹിക്കുന്ന സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തിന് പോലും ശരിയായ ദിശ ലഭിക്കണമെങ്കിൽ അതിന്റെ കാമ്പായി നിന്നുകൊണ്ട് അതിനെ യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ നയിക്കണം. പണ്ട് യു.എസ്.എസ്.ആർ ന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ക്യാമ്പ് ഉണ്ടായിരുന്നപ്പോൾ, അതിന്റെ പരിമിതികൾ എന്തൊക്കെയാണെങ്കിലും ജനസമരങ്ങളുടെ ശക്തി ദുർഗ്ഗമായി അത് പ്രവർത്തിച്ചു എന്നും, സാമ്രാജ്യത്വ ശക്തികൾക്ക് അവരുടെ പദ്ധതികളും പരിപാടികളും എതിർപ്പില്ലാതെ, വെല്ലുവിളി കൂടാതെ നടപ്പിലാക്കാനാവുമായിരുന്നില്ല എന്നും ഓർക്കേണ്ടതാണ്. അക്കാലത്ത് സാമ്രാജ്യത്വത്തിന്റെ ആക്രമണങ്ങളും ഇത്ര കടിഞ്ഞാണില്ലാത്തവയായിരുന്നില്ല. സാമ്രാജ്യത്വകടന്നാക്രമണങ്ങളെ അത്തരത്തിൽ തടഞ്ഞതിന്റെ ഉദാഹരണങ്ങൾ ചരിത്രത്തിൽ അറബ് ലോകത്തുപോലും കാണാൻ കഴിയും. ഇതോടൊപ്പം സോഷ്യലിസ്റ്റ് ക്യാമ്പ് തകർന്നത് മാർക്സിസം- ലെനിനിസം പരാജയപ്പെട്ടതുകൊണ്ടോ അപ്രസക്തമായതുകൊണ്ടോ അല്ല എന്നും മനസ്സിലാക്കേണ്ട സമയം വന്നിരിക്കുന്നു. അങ്ങിനെ സംഭവിച്ചത് ആധുനിക തിരുത്തൽ വാദത്തിന്റെ വരവോടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വം മാർക്സിസ്റ്റ് വിപ്ലവപാതയിൽ നിന്ന് വ്യതിചലിക്കുകയും സാമ്രാജ്യത്വ പദ്ധതിക്ക് ഇരയായി പ്പോവുകയും ചെയ്തതുകൊണ്ടാണ്. ഇത് ജനസമരങ്ങളുടെ ശക്തി ചോർത്തുകയും, സാമ്രാജ്യത്വ കൊള്ളക്ക് വീര്യം വർദ്ധിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലം അറബ് ലോകത്തും മറ്റിടങ്ങളിലും നാമിന്ന് കാണുന്നു.

**ജനകീയ സമരങ്ങൾ അവയെ യുക്ത്യധിഷ്ഠിത പരിണതിയിലേക്ക് നയിക്കാൻ നേതൃത്വത്തെ തേടുന്നു**

പരുക്കനായ യാഥാർത്ഥ്യം ഇന്ന് തുറന്നു കാണിക്കുന്നത്, ഒന്നിനുപുറകേ മറ്റൊന്ന് എന്ന നിലയിൽ എല്ലാ രാജ്യങ്ങളിലും സാമ്രാജ്യത്വ ആക്രമണത്തിനും ഉപജാപത്തിനും ക്രൂരതക്കുമെതിരെ, ഒപ്പംതന്നെ സ്വരാജ്യത്തെ ചൂഷണമുതലാളിത്ത വാഴ്ചക്കെതിരെയും ഏറെ രോഷവും അമർഷവുമായി ജനങ്ങളുടെ സമരങ്ങൾ രൂപംകൊള്ളുന്നു എന്നതാണ്. പക്ഷേ, യുക്ത്യധിഷ്ഠിത പരിണതിയിലേക്ക് അവ ചെന്നെത്തുന്നില്ല. ഏറെ ശക്തിയും ഊർജ്ജവുമുണ്ടെങ്കിലും ഈ പ്രതിഷേധ സമരങ്ങൾക്ക് ദിശതെറ്റുന്നു, ലക്ഷ്യബോധം നഷ്ടപ്പെടുന്നു. കാരണമൊന്നേയുള്ളൂ, മാർക്സിസം -ലെനിനിസത്തിന്റെ ആദർശങ്ങളുടെ കരുത്തോടെ അവയെ നയിക്കാൻ യഥാർത്ഥ വിപ്ലവ നേതൃത്വമില്ല.

അതുകൊണ്ട് യഥാർത്ഥ വിപ്ലവ

*(ശേഷം 16-ാം പേജിൽ)*

# സിറിയയിലെ തെരഞ്ഞെടുപ്പ്

*(10-ാം പേജിൽ നിന്ന് തുടർച്ച)*

ആക്ഷൻ സെന്ററിന്റെ പ്രതിനിധിയുൾപ്പടെ യു.എസിൽ നിന്നുള്ള ഒരു പ്രതിനിധിസംഘവും സിറിയ സന്ദർശിച്ചു.

ഈ പ്രതിനിധികൾ സിറിയയിൽ പോയത് രാജ്യത്തെ ചൂഷണ മുതലാളിത്ത ഭരണത്തെ നയിക്കുന്ന പ്രസിഡന്റ് ബാഷർ അൽ ആസ്സദിനെ പിന്തുണക്കാനോ വിമർശിക്കാനോ അല്ല. സിറിയയിൽ എന്തുഭരണമാണ് വേണ്ടതെന്ന് ബാഹ്യഇടപെടലോ അട്ടിമറിയോ ഇല്ലാതെ സ്വതന്ത്രമായി തീരുമാനിക്കേണ്ടത് അവിടത്തെ ജനങ്ങൾ തന്നെയാണ്. അത് അവരുടെ മാത്രം അവകാശമാണ്. സിറിയക്കാർക്ക് അവരുടെ സ്വന്തം ഭരണക്രമം തെരഞ്ഞെടുക്കാനുള്ള അവകാശത്തിൽ കൈകടത്താൻ യുഎസ് സാമ്രാജ്യത്വത്തിനോ മറ്റുള്ളവർക്കോ യാതൊരു ന്യായവുമില്ല. അതുകൊണ്ട് വിദേശ സാമ്രാജ്യത്വ പ്രേരിതരായ കലാപകാരികൾക്കെതിരെ ആയുധമെടുത്ത് സ്വയം പ്രതിരോധിക്കാനുള്ള സിറിയക്കാരുടെ പരിശ്രമത്തോട് മാത്രമല്ല, അവർക്ക് ഒരു തെരഞ്ഞെടുപ്പ് നടത്താനുള്ള അവകാശത്തോടും ഐക്യദാർഢ്യപ്പെടുക എന്നത് ഏറെ പ്രധാനമാണ്.

ആസ്സദിനുള്ള വോട്ട് ദേശീയ ഭദ്രതക്കുവേണ്ടിയും വിഘടനവും കുഴപ്പവും സൃഷ്ടിക്കാനുള്ള സാമ്രാജ്യത്വ ശ്രമങ്ങൾക്കെതിരെയുമുള്ള വോട്ടായിരുന്നു എന്ന് വ്യക്തമാണ്. അതുകൊണ്ടാണ് സിറിയയോട് തെരഞ്ഞടുപ്പ് നിർത്തിവക്കണമെന്ന് സാമ്രാജ്യത്വ ശക്തികൾ ധിക്കാരപൂർവ്വം ആവശ്യപ്പെട്ടത്. ഭീകരവാദികളിൽ നിന്നും പതിനായിരക്കണക്കിന് കൂലിപട്ടാളക്കാരിൽ നിന്നും മുക്തമായി തങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം നിലനിർത്താനുള്ള സിറിയൻ ജനതയുടെ സമരത്തിന്റെ ഭാഗം കൂടിയായിരുന്നു തെരഞ്ഞെടുപ്പ്.

**സിറിയയിലേയും മറ്റും തെരഞ്ഞെടുപ്പു കൾ ലോകത്തിന് നൽകുന്ന പാഠങ്ങൾ**

സിറിയയിലും ഈജിപ്തിലും ഉക്രൈനിലും സമീപകാല പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ നടന്നത് വിശദാംശങ്ങളിൽ വ്യത്യസ്തമായ പശ്ചാത്തലത്തിലാണ്. പക്ഷേ ചില കാര്യങ്ങളിൽ അവ സമാനമാണ്. ലോകത്തെ ജനാധിപത്യ വിശ്വാസികളും പുരോഗമനകാംക്ഷികളുമായ ജനങ്ങൾക്ക് അവ ഒരേ പാഠമാണ് നൽകുന്നത്. ഒന്നാമതായി ഈജിപ്തിലേയും ഉക്രൈനിലേയും തെരഞ്ഞെടുപ്പുകളിൽ കുറഞ്ഞ വോട്ടിംഗും വൻതോതിലുള്ള ബഹിഷ്കരണവും ശ്രദ്ധേയമായിരുന്നു എങ്കിൽ സിറിയയിൽ ദശലക്ഷക്കണക്കിന് ജനങ്ങൾ ഉൽസാഹപൂർവ്വം തെരഞ്ഞെടുപ്പിൽ പങ്കെടുത്തു. മൂന്നിടത്തും അതാത് രാജ്യത്തെ ജനങ്ങൾ ഒന്നാകെ ആ പ്രക്രിയയിൽ അവരുടേതായ മുദ്രപതിപ്പിച്ചു. നൂറുകണക്കിന് പ്രതിബന്ധങ്ങൾക്കുമുന്നിലും അവരുടെ അഭിലാഷങ്ങൾ കേൾപ്പിക്കുവാനും എടുത്തുകാട്ടുവാനുമുള്ള തങ്ങളുടെ നിശ്ചയ ദാർഢ്യം അവർ വ്യക്തമാക്കി. സാമ്രാജ്യത്വ ശക്തികൾ തീരുമാനിക്കുന്ന വ്യക്തികളെയോ ശക്തികളെയോ അധികാരത്തിൽ ഇരുത്തുവാൻ അവർതന്നെ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് വഴങ്ങുവാൻ തയ്യാറല്ലെന്ന് ജനങ്ങൾ സംശയത്തിനിടയില്ലാതെ വ്യക്തമാക്കി. എന്നാൽ ഈ സംഭവങ്ങളിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ട പാഠം ശ്രദ്ധയോടെ വിവേകപൂർവ്വം വായിച്ചെടുക്കേണ്ടതാണ്. ഈ മൂന്ന് സന്ദർഭങ്ങളിലും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും ചൂഷണത്തിന് അറുതിവരുത്താനും വേണ്ടിയുള്ള സമരങ്ങളിൽ ജനങ്ങൾ വീറും നിശ്ചയദാർഢ്യവും പ്രകടിപ്പിച്ചു. പക്ഷേ ജനങ്ങളുടെ ഏറെ വിലപ്പെട്ട ആ ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ, അവരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ, സമരങ്ങളെ അവയുടെ യുക്ത്യധിഷ്ഠിത പരിണതിയിലേക്ക് നയിക്കാൻ അവരുടെ സ്വന്തം യഥാർത്ഥ വിപ്ലവ പാർട്ടിയും അതിന്റെ നേതൃത്വവും ഏപ്പോഴും ആവശ്യമായിവരും എന്നുള്ള പാഠവും ഈ സംഭവങ്ങൾ ജനങ്ങൾക്ക് നൽകുന്നുണ്ട്. അത്തരമൊരു പാർട്ടിക്കും അതിന്റെ നേതൃത്വത്തിനും മാത്രമേ ശ്രദ്ധയോടെ നടത്തുന്ന പ്രത്യയ ശാസ്ത്ര-രാഷ്ട്രീയ സമരങ്ങളിലൂടെ ജനകീയ പ്രക്ഷോഭണങ്ങൾക്ക് സംഘടിതവും നീണ്ടുനിൽക്കുന്നതുമായ രൂപം നൽകിക്കൊണ്ട് ചൂഷണത്തിനും മർദ്ദനത്തിനുമെതിരെ അവയെ നയിക്കാൻ കഴിയൂ. അത് സ്വന്തം ഭരണകർത്താക്കളിൽ

*(ശേഷം 13-ാം പേജിൽ)*

# വിദ്യാഭ്യാസ വായ്പക്കെണിക്കെതിരെ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സെക്രട്ടേറിയറ്റ് ധർണ്ണ

**വിദ്യാഭ്യാസവായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് അനാവശ്യമായ ഉപാധികൾ അടിച്ചേൽപ്പിച്ചുകൊണ്ട് നിഷേധിക്കുന്ന ബാങ്കുകളുടെ നടപടിക്കെതിരെ രക്ഷിതാക്കളുടെ പ്രതിഷേധം ശക്തിപ്പെടുന്നു.**



ഐ. എൻ.പി.എ സംസ്ഥാന ഉപദേശക സമിതിയംഗം മിനി കെ. ഫിലിപ്പ് സെക്രട്ടേറിയറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

വിദ്യാഭ്യാസവായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് അനാവശ്യമായ ഉപാധികൾ അടിച്ചേൽപ്പിച്ചുകൊണ്ട് നിഷേധിക്കുന്ന ബാങ്കുകളുടെ നടപടി അവസാനിപ്പിക്കുക, ജപ്തിനടപടികൾ എന്നെന്നേയ്ക്കുമായി നിർത്തിവയ്ക്കുക, വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുക, സാധാരണക്കാരുടെമേൽ ഭീമമായ വിദ്യാഭ്യാസച്ചെലവ് അടിച്ചേൽപ്പിക്കുന്ന അധികാരികളുടെ നയനടപടികൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് രക്ഷിതാക്കളും വിദ്യാർത്ഥികളും സെക്രട്ടേറിയറ്റിനുമുന്നിൽ ധർണ്ണ നടത്തി. ഇൻഡ്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷനും (ഐ.എൻ.പി.എ) പേരന്റ്സ് ആന്റ് സ്റ്റുഡന്റ്സ് കോ-ഓർഡിനേഷൻ കമ്മിറ്റിയും സംയുക്തമായാണ് ധർണ്ണ സംഘടിപ്പിച്ചത്.

ഐ.എൻ.പി.എ സംസ്ഥാന ഉപദേശക സമിതിയംഗം മിനി കെ. ഫിലിപ്പ് ധർണ്ണ ഉദ്ഘാടനം ചെയ്തു. കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് ലഭിക്കാൻ വരുമാനസർട്ടിഫിക്കറ്റ് മാത്രം മതിയെന്നിരിക്കെ, ബാങ്കുകൾ മറ്റ് പല രേഖകളും നിർബ്ബന്ധപൂർവ്വം രക്ഷിതാക്കളിൽ നിന്ന് വാങ്ങാൻ ശ്രമിച്ച് അനാവശ്യ നിബന്ധനകൾ രക്ഷിതാക്കളുടെമേൽ അടിച്ചേൽപ്പിക്കുകയാണ് എന്ന് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും നിരന്തരമായ പ്രക്ഷോഭണങ്ങളെയും സമ്മർദ്ദത്തെയും തുടർന്നാണ് പലിശയിളവ് പ്രഖ്യാപിക്കുവാൻ സർക്കാർ തയ്യാറായത്. എന്നാൽ ബാങ്കുകൾ മറ്റ് നിബന്ധനകൾ അടിച്ചേൽപ്പിക്കുകവഴി ഈ ആനുകൂല്യം രക്ഷിതാക്കൾക്ക് നഷ്ടപ്പെടുകയാണ്. 16മുതൽ 19വരെ ശതമാനം പലിശയാണ് വിദ്യാഭ്യാസ വായ്പയക്ക് ഈടാക്കിക്കൊണ്ടിരിക്കുന്നത്. പോരെങ്കിൽ കൂട്ടുപലിശയും. വിദ്യാഭ്യാസവായ്പ വായ്പ രക്ഷാകർത്താക്കളെ കെണിയിലാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ വായ്പയുടെ മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഗവണ്മെന്റിന്റെ മൊറട്ടോറിയം നിലനിൽക്കുമ്പോൾത്തന്നെ, ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകുകയാണ്. മക്കളെ പഠിപ്പിച്ചതിന്റെ പേരിൽ മാതാപിതാക്കളെ ശിക്ഷിക്കുന്ന അധികാരികളുടെ നയം അപലപനീയമാണെന്നും മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു.

ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം. ഷാജർ ഖാൻ, ഐ.എൻ.പി.എ സംസ്ഥാന സെക്രട്ടറി എസ്. മിനി, സദാനന്ദൻ നായർ, കനകരാജ്, മാധവൻകുട്ടി, രാജപ്പൻ, വർക്കല പ്രകാശ്, തങ്കപ്പൻപിള്ള, തേമ്പാംമൂട് ഹുസൈൻ, എസ്.ശ്രീകുമാർ, എ.സബൂറ, എ.ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു.



എറണാകുളം കാനാറാ ബാങ്ക് ഓഫീസിലേക്ക് ഐഎൻപിഎ നടത്തിയ മാർച്ച്

ഐ.എൻ.പി.എ ജില്ലാപ്രസിഡന്റ് ജി. ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡി.ഹരികൃഷ്ണൻ സ്വാഗതവും വൈസ്പ്രസിഡന്റ് എൽ. നെൽസൺ കൃതജ്ഞതയും പറഞ്ഞു.

**തിരുവല്ല:** വിദ്യാഭ്യാസ വായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് അനാവശ്യമായ ഉപാധികൾ അടിച്ചേൽപ്പിക്കുന്ന ബാങ്കുകളുടെ നടപടിക്കെതിരെ തിരുവല്ല എസ്ബിടിയിലേയ്ക്ക് രക്ഷിതാക്കളും നഴ്സുമാരും വിദ്യാർത്ഥികളും നടത്തിയ മാർച്ച് ഐഎൻപിഎ സംസ്ഥാന ഉപദേശക സമിതിയംഗം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഐഎൻപിഎ തിരുവല്ല താലൂക്ക് സെക്രട്ടറി സാബു അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ ധർണ്ണയിൽ ജില്ലാ പ്രസിഡന്റ് എം.വി ചെറിയാൻ, വിജയൻ മല്ലപ്പള്ളി, സംസ്ഥാന കമ്മിറ്റിയംഗം നന്ദനൻ കാവാലം, തിരുവല്ല താലൂക്ക് പ്രസിഡന്റ് എസ്.രാധാമണി തുടങ്ങിയവർ പ്രസംഗിച്ചു.

**എറണാകുളം:** വിദ്യാഭ്യാസ വായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് ലഭ്യമാക്കണമെങ്കിൽ ബാങ്കുകൾ അടിച്ചേൽപ്പിക്കുന്ന നിയമവിരുദ്ധ നിബന്ധനകൾ അംഗീകരിക്കണമെന്ന നിലപാട് സ്വീകാര്യമല്ലെന്ന് ഐ.എൻ.പി.എ.സംസ്ഥാന വൈസ്പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ അഭിപ്രായപ്പെട്ടു. സംസ്ഥാന ലീഡ് ബാങ്കായ കാനറാബാങ്കിന്റെ എറണാകുളം സർക്കിൾ ഓഫീസിലേക്ക് നടന്ന വായ്പയെടുത്തവരുടെ പ്രതിഷേധമാർച്ച് ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2014-15-ലെ കേന്ദ്ര ബജറ്റിൽ സർക്കാർ അനുവദിച്ച വിദ്യാഭ്യാസ വായ്പ പലിശയിളവ് ആനുകൂല്യം, മാന്യമായ തൊഴിലോ വരുമാനമോ ലഭിക്കാത്തതുമൂലം ജീവിതം വഴിമുട്ടിനിന്ന ആയിരക്കണിക്കിന് കുടുംബങ്ങൾ വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ എഴുതിത്തള്ളണമെന്ന ഡിമാന്റുയർത്തി ദീർഘകാലം നടത്തിയ സമരത്തിന്റെ ഫലമാണ്.

2009 മാർച്ച് 31 നുള്ളിൽ വായ്പയെടുത്ത തുകയുടെ 2013 ഡിസംബർ 31 വരെയുള്ള മുഴുവൻ പലിശയും ഏറ്റെടുക്കാൻ തീരുമാനിച്ചാണ് 2600/- കോടിരൂപ കേന്ദ്രസർക്കാർ ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ബാങ്കുകൾ പുറപ്പെടുവിച്ചിരിക്കുന്ന നിബന്ധനകൾ അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുന്ന തരത്തിലുള്ളതാണ്. ഈ ഇളവിന് അർഹതരായവർ വാർഷിക വരുമാനം 4. 50 ലക്ഷം രൂപയിൽ താഴെയാകണമെന്ന ഒരേയൊരു നിബന്ധന മാത്രമേ കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടുള്ളൂ. എന്നാൽ ഈ അവസരം മുതലെടുത്തുകൊണ്ട് ബാങ്കുകൾ നീതിക്കും നിയമത്തിനും നിരക്കാത്ത നിരവധി മാനദണ്ഡങ്ങൾ മുന്നോട്ടുവയ്ക്കുകയും പല രേഖകളിലും ഒപ്പിടാൻ ആവശ്യപ്പെടുകയുമാണ്. വായ്പഎടുത്ത കുട്ടിയുടെ മുഴുവൻ വരുമാനവും ഇനിമുതൽ നേരിട്ട് അതേ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിച്ചുകൊള്ളാം എന്ന് മുദ്രപത്രത്തിൽ അഫിഡവിറ്റ് കൊടുത്തുകൊണ്ടുള്ള അപേക്ഷയും മറ്റുമാണ് പൂരിപ്പിച്ച് കൊടുക്കേണ്ടത്. വായ്പലഭ്യമാക്കുന്നതിനും പലിശ ഏർപ്പെടുത്തുന്നതിനും ജാമ്യവസ്തുക്കളെ സംബന്ധിച്ചുമെല്ലാം റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധനകൾ മാത്രം അംഗീകരിച്ചാൽ മതിയെന്നും അതിൽനിന്നും വ്യത്യസ്തമായി ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ തീരുമാനങ്ങൾക്ക് യാതൊരു നിയമസാധുതയുമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കികഴിഞ്ഞു. ഇത് ലംഘിച്ചുകൊണ്ടാണ് ബാങ്കുകളുടെ നടപടി – മോഹൻകുമാർ തുടർന്നു പറഞ്ഞു.

യോഗത്തിൽ ഐ.എൻ.പി.എ സംസ്ഥാനകമ്മിറ്റിയംഗം മേരിതോമസ് അദ്ധ്യക്ഷത വഹിച്ചു, നേതാക്കളായ അഡ്വ.ഗാസ്പർ കളത്തുങ്കൽ, എം.കെ.ഉഷ, പി.എ.എബ്രഹാം, വിക്ടോറിയ ലോറൻസ് തുടങ്ങിയവർ പ്രസംഗിച്ചു. രാജേന്ദ്രമൈതാനിയിൽ നിന്നാരംഭിച്ച മാർച്ചിന് കെ.എക്സ്. ജോർജ്ജ്, എം.പി.സുധ, എൻ.ജെ.ജോസ്, കെ.പി.സാൽവിൻ, കെ.കെ.ശോഭ, പയസ്, ബോബൻ അറയ്ക്കൽ, രാജൻബേബി, ജോണി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി. ●



തിരുവല്ലയിൽ എസ്ബിടിയുടെ മുന്നിൽ നടന്ന ധർണ്ണ

## സിറിയയിലെ തെരഞ്ഞെടുപ്പ്

(12-ാം പേജിൽ നിന്ന് തുടർച്ച)

നിന്നുള്ള ചൂഷണവും മർദ്ദനവുമാകട്ടെ അതല്ലെങ്കിൽ അവസരം പാർത്തുനടക്കുന്ന സാമ്രാജ്യത്വ ശക്തികളിൽ നിന്നുള്ളതാകട്ടെ, പ്രത്യേകിച്ചും മനുഷ്യരാശിയുടെ വെറുക്കപ്പെട്ട ശത്രുവായ അമേരിക്കൻസാമ്രാജ്യത്വ ശക്തികളും അവരുടെ കൂട്ടാളികളും. അത്തരമൊരു പാർട്ടിയും നേതൃത്വവും ജനങ്ങൾക്കു മുൻപിൽ ആവിർഭവിക്കുകയും സ്ഥാപിക്കപ്പെടുകയും ചെയ്യുന്നതുവരെ ഭരണ കർത്താക്കളും സാമ്രാജ്യത്വ ശക്തികളും ജനസമരങ്ങളെ വഴിതെറ്റിക്കാനും അടിച്ചമർത്താനുമുള്ള പുതിയ തന്ത്രങ്ങളും ഗൂഢാലോചനകളും ആവിഷ്കരിച്ചുകൊണ്ടിരിക്കും. അങ്ങിനെ ബൃഹത്തായ തഹ്‌രീ സ്ക്വയർ സമരത്തിന് മൗലിക വാദശക്തികൾ അധികാരം തട്ടിയെടുക്കുന്നത് കാണേണ്ടിവരും. വീണ്ടും ജനങ്ങൾ അത്തരമൊരു ശക്തിക്കെതിരെ ധൈര്യപൂർവ്വം അണിനിരക്കുമ്പോൾ അതിനേക്കാൾ ഭീകരമായ മർദ്ദകശക്തിയായ അഴിമതിയിലാറാടിയ അധികാരക്കൊതിപൂണ്ട സൈന്യം വീണ്ടും ജനങ്ങളെ അറുപിന്തിരിപ്പൻ ഭരണത്തിലേക്ക് വലിച്ചിഴക്കും. അതല്ലെങ്കിൽ നയിക്കാൻ വിപ്ലവ നേതൃത്വമില്ലെങ്കിൽ മുതലാളിത്ത ചൂഷണത്തിന്റെയും മർദ്ദനത്തിന്റെയും വറചട്ടിയിൽ നിന്ന് സാമ്രാജ്യത്വ ശക്തികളും അവരുടെ ഏജന്റുമാരും ആരംഭിച്ച് ആസൂത്രണം ചെയ്യുന്ന ദീർഘവും ബീഭത്സവുമായ യുദ്ധത്തിലേക്ക് ജനങ്ങൾ എടുത്തെറിയപ്പെടും. അതിനാൽ ചൂഷണത്തിന്റെ നുകത്തിൽ കീഴിൽ നിന്നുള്ള മോചനമെന്ന വിലപ്പെട്ട ലക്ഷ്യം സാധ്യമാകണമെങ്കിൽ ക്ലേശപൂർണ്ണമായ സമരത്തിലൂടെ അതാത് നാടുകളിൽ യഥാർത്ഥ വിപ്ലവപാർട്ടികൾ കെട്ടിപ്പടുക്കുക എന്നത് ഒഴിവാക്കാനാകാത്ത ഒരുപാധിയാണ്. അതിനാൽ ഈ മൂന്ന് രാജ്യങ്ങളിലെ തെരഞ്ഞെടുപ്പ് ഫലങ്ങൾ എന്തായാലും അവിടങ്ങളിലെ സമരം ചെയ്യുന്ന ജനങ്ങൾ ഈ പാഠം ഗൗരവമായിട്ടെടുക്കുകയും പര്യാലോചിക്കുകയും അത് ബോധ്യപ്പെടുന്നമുറയ്ക്ക് അതിനായി പ്രവർത്തിക്കുകയും വേണം. ●

# ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ജൂൺ 26 മുതൽ ജൂലൈ 26 വരെ ഒരുമാസം ലഹരിവിരുദ്ധ മാസമായി ആചരിക്കുവാനാണ് മദ്യവിരുദ്ധ ജനകീയ സമരസമിതി ആഹ്വാനം ചെയ്തിരിക്കുന്നത്. ബിവറേജസ് ഔട്ട്‌ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുക, മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുക, വിദ്യാലയപരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിൽപ്പന പൂർണ്ണമായും നിരോധിക്കുക, സിനിമകളിലെയും പരസ്യങ്ങളിലെയും മദ്യപാന രംഗങ്ങൾ കർശനമായി നിയന്ത്രിക്കുക, അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത് തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രചാരണപ്രക്ഷോഭപരിപാടികൾക്ക് ജൂൺ 26 ന് വിവിധ ജില്ലകളിൽ തുടക്കമായി.

## ലഹരിവിരുദ്ധ കൂട്ടയോട്ടം



ലഹരിവിരുദ്ധ ദിനത്തിൽ കോട്ടയം നഗരത്തിൽ കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയും ഷൊറിൻ-റ്യൂ സെബുക്കാൻ കരാട്ടെ അസ്സോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച കൂട്ടയോട്ടം

**കോട്ടയം**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയും ഷൊറിൻ-റ്യൂ സെബുക്കാൻ കരാട്ടെ അസ്സോസിയേഷനും സംയുക്തമായി കോട്ടയം നഗരത്തിൽ കൂട്ടയോട്ടവും ലഹരിവിരുദ്ധ സംഗമവും നടത്തി. എം.ഡി. സെമിനാരി ഹയർ സെക്കൻഡറി സ്‌കൂൾ പ്രിൻസിപ്പൽ റെജി എബ്രഹാം കൂട്ടയോട്ടം ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ പ്രവർത്തകരും കരാട്ടെ അസ്സോസിയേഷനും ചേർന്ന് നടത്തുന്ന കൂട്ടയോട്ടം ലഹരി വിരുദ്ധ പ്രവർത്തനത്തിൽ തികച്ചും പുതുമയാർന്ന ഒന്നാണെന്നും ലഹരിവിരുദ്ധ സന്ദേശം യുവാക്കളിലേക്കെത്തിക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മദ്യ നിരോധന സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫസർ സി.മാമച്ചൻ, ഷൊറിൻ-റ്യൂ സെബുക്കാൻ കരാട്ടെ അസ്സോസിയേഷൻ ചീഫ് ഇൻസ്ട്രക്റ്റർ പി.എസ്.സച്ചിദാനന്ദനായിക്, മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ മിനി കെ. ഫിലിപ്പ്, ബ്രേക് ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കൺവീനർ പ്രൊഫസർ പി.എൻ.തങ്കച്ചൻ, എ.ഐ.ഡി.എസ്.ഒ. ജില്ലാ സെക്രട്ടറി എം.കെ. ഷഹസാദ് തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.കെ. കൃഷ്ണൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഷൊറിൻ-റ്യൂ സെബുക്കാൻ കരാട്ടെ അസോസ്സിയേഷൻ ചീഫ് ഇൻസ്ട്രക്റ്റർ കെ.സി. ജോളി, സീനിയർ ബ്ലാക് ബെൽറ്റ് ഒ. മുത്തുരാജ്, മനോജ് ജോസഫ്, തുടങ്ങിയവർ കൂട്ടയോട്ടത്തിന് നേതൃത്വം നൽകി. ●

## കുട്ടികളുടെ റാലിയും ലഹരിവിരുദ്ധ സംഗമവും




ചങ്ങനാശ്ശേരിയിൽ നടന്ന ലഹരിവിരുദ്ധ സംഗമം ബ്രഹ്മശ്രീ ധർമ്മ ചൈതന്യ സ്വാമികൾ ഉദ്ഘാടനം ചെയ്യുന്നു

**ചങ്ങനാശ്ശേരി**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയും കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയും സംയുക്തമായി സംഘടിപ്പിച്ച കുട്ടികളുടെ റാലിയും ലഹരിവിരുദ്ധ സംഗമവും ചങ്ങനാശ്ശേരിയിൽ നടന്നു. പെരുന്ന മുനിസിപ്പൽ ബസ്സ്റ്റാൻഡ് മൈതാനത്ത് നടന്ന ലഹരിവിരുദ്ധ സംഗമം ബ്രഹ്മശ്രീ ധർമ്മ ചൈതന്യ സ്വാമികൾ ഉദ്ഘാടനം ചെയ്തു. യുവാക്കളുടെയും വിദ്യാർത്ഥികളുടെയും സ്വഛന്ദ ജീവിതവും സാമൂഹ്യ സാംസ്‌കാരിക അന്തരീക്ഷവും താറുമാറാക്കുംവിധം മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും സ്വാധീനം കേരളത്തിൽ വർദ്ധിച്ചുവരികയാണ് എന്ന് ബ്രഹ്മശ്രീ ധർമ്മചൈതന്യ സ്വാമികൾ അഭിപ്രായപ്പെട്ടു. ഗുരുതരമായ ധർമ്മച്യുതിയെ അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചെറുതലമുറയാണ് ഈ സാംസ്‌കാരിക തകർച്ചയുടെ ഇരകൾ എന്നത് നാടിന്റെ സുഭദ്രമായ ഭാവിയുടെ മുന്നിൽ ഉയരുന്ന ഭീതിദമായ വെല്ലുവിളിയാണ്. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളിൽനിന്നും മറ്റ് അന്തസ്സാരശൂന്യമായ വിഷയങ്ങളിൽനിന്നും കുട്ടികളെ മോചിപ്പിച്ച് അവരുടെ ചിന്തയെ സ്വതന്ത്രവും ശക്തവുമാക്കി എടുക്കുവാനുള്ള പരിശ്രമമാണ് ഇന്നുണ്ടാകേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രചോദന ജില്ലാ പ്രസിഡന്റ് ശ്രീകാന്ത് വേണുഗോപാൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ മുൻ ചെയർമാൻ കെ.എ.ലത്തീഫ്, മാതൃകാ അദ്ധ്യാപകനുള്ള അവാർഡ് ജേതാവ് മറ്റപ്പള്ളി ശിവശങ്കരപ്പിള്ള, ആർ.സലിംകുമാർ, മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ മിനി കെ.ഫിലിപ്പ്, ജില്ലാ പ്രസിഡന്റ് പി.കെ.കൃഷ്ണൻ, ഡോ.പട്ടാഭി സീതാരാമൻ, ചങ്ങനാശ്ശേരി താലൂക്ക് പ്രസിഡന്റ് എൻ.ജി രാധാകൃഷ്ണൻ, സെക്രട്ടറി ലിജിമോൻ ജോസഫ്, പ്രചോദന ജില്ലാ ജോയിന്റ് സെക്രട്ടറി അരവിന്ദ് വി, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ്, കെ.സദാനന്ദൻ, മാത്യു ചിങ്ങവനം, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി മുഹമ്മദ് ഷെഹസാദ് തുടങ്ങിയവർ പ്രസംഗിച്ചു. പ്രതീഷ് ജയിംസ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രചോദന ജില്ലാ സെക്രട്ടറി മേധ സുരേന്ദ്രനാഥ് സ്വാഗതവും ജോയിന്റ് സെക്രട്ടറി മീനാക്ഷി ആർ. കൃതജ്ഞതയും രേഖപ്പെടുത്തി.

റയിൽവേസ്റ്റേഷന് സമീപത്തുനിന്നും ആരംഭിച്ച കുട്ടികളുടെ റാലിക്ക് ശാലിനി ജി.എസ്, ഗാഥ എസ്, സ്വാതി എസ്, ടിബിൻ തോമസ്, ദീപക് ജെ, പ്രതീഷ് ജയിംസ്, ബിച്ചു സി. എബ്രഹാം, മായമോൾ കെ.പി, ഗായത്രി എസ് തുടങ്ങിയവർ നേതൃത്വം നൽകി. ●

## മദ്യവിരുദ്ധ – ലഹരിവിരുദ്ധ കൂട്ടായ്മ



അഞ്ചലിൽ നടന്ന മദ്യവിരുദ്ധ – ലഹരിവിരുദ്ധ കൂട്ടായ്മ നജീം.എ. ഖാദർ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ തഴമേൽ-അഞ്ചൽ പൗരാവലിയുടെയും, മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും നേതൃത്വത്തിൽ അഞ്ചലിൽ മദ്യവിരുദ്ധ-ലഹരിവിരുദ്ധ കൂട്ടായ്മ നടത്തി. അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത്, മദ്യത്തിന്റെ കുത്തൊഴുക്ക് തടയുക, മദ്യലഭ്യത കുറക്കുക, സർക്കാർ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ ഘട്ടം ഘട്ടമായി ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടന്ന കൂട്ടായ്മയിൽ അഞ്ചൽ-തഴമേൽ പൗരാവലിയുടെ സെക്രട്ടറി അഡ്വ.എ.കുഞ്ഞുകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കൂട്ടായ്മയിൽ മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ വൈസ് പ്രസിഡന്റ് നജീം.എ.ഖാദർ ഉദ്ഘാടനം നിർവ്വഹിച്ചു. മദ്യം മനുഷ്യന്റെ ആരോഗ്യത്തെയും ചിന്തയെയും നശിപ്പിക്കുന്നുവെന്നും, നാട്ടിൽ അരാജകത്വം കൊടികുത്തിവാഴുമെന്നും, സ്ത്രീകൾക്ക് സ്വൈര ജീവിതം അസാദ്ധ്യമാക്കുമെന്നും അദ്ദേഹം ഉദ്ഘാടനത്തിൽ ഓർമ്മിപ്പിച്ചു. കൂട്ടായ്മയിൽ ഡോ.ശങ്കർ, വാർഡ് മെമ്പർ അഖിൽ രാധാകൃഷ്ണൻ, താജുദ്ദീൻ, അൻസാരി, അശ്വതി, എസ്.ഷൈലജ, സൈനുദ്ദീൻ, ജി.ധ്രുവകുമാർ, കെ.ശശാങ്കൻ, കെ. നിസാൻ എന്നിവർ പങ്കെടുത്ത് പ്രസംഗിച്ചു.

കൊല്ലം ജില്ലയിൽ മദ്യവിരുദ്ധ സമിതിയുടെ സഹകരണത്തോടെ 17 സ്‌കൂളുകളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും മങ്ങാട് എച്ച്.എസ്.എസിൽ ലഹരിവിരുദ്ധ എക്‌സിബിഷനും സെമിനാറും നടത്തുകയും ചെയ്തു. സെമിനാറിൽ ഇരവിപുരം ഭാസി, എ.ജയിംസ്, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പ്രദീപ്, പി.ടി.എ പ്രസിഡന്റ് മധു, ബി.രാമചന്ദ്രൻ എന്നിവർ നയിച്ചു. ●

## ലഹരിവിരുദ്ധ ദിനത്തിൽ ബഹുജന ധർണ്ണ

**മാന്നാർ**

അടച്ചുപൂട്ടിയ ബാറുകൾക്ക് പ്രവർത്തനാനുമതി നൽകരുതെന്നും മദ്യലഭ്യതകുറച്ചുകൊണ്ട് ഉപഭോഗം നിയന്ത്രിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി മാന്നാർ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബഹുജന ധർണ്ണനടത്തി. മാന്നാർ മുഹമ്മദ് ബഷീറിന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ ആല വാസുദേവൻ പിള്ള ഉദ്ഘാടനം ചെയ്തു. കെ.ജെ.ഷീല, പി.വി.ജോയി, ആർ.പാർത്ഥസാരഥി വർമ്മ തുടങ്ങിയവർ പ്രസംഗിച്ചു. കെ.ബിമൽജി സ്വാഗതവും വി.വേണുഗോപാൽ കൃതജ്ഞതയും പറഞ്ഞു. പരുമലക്കടവിൽ നടന്ന ധർണ്ണയക്ക് വർഗ്ഗീസ് എം.ജേക്കബ്, ടി.കോശി, വിശ്വനാഥൻ തുടങ്ങിയവർ നേതൃത്വം നൽകി. ●

# സംസ്ഥാനമെമ്പാടും ലഹരിവിരുദ്ധ പരിപാടികൾ

## റാലി, നാടകം

**അമ്പലപ്പുഴ**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിന്റെ സന്ദേശവുമായി പായൽക്കുളങ്ങരയിൽ ലഹരിവിരുദ്ധറാലിയും നാടകവും നടത്തി. പ്രചോദന, ബഞ്ചമിൻ ഫ്രാങ്ക്ളിൻ ചിൽഡ്രൻസ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിലായിരുന്നു പരിപാടി. എഐഡിഎസ്ഒ ജില്ലാ ട്രഷറർ ആർ.അപർണ്ണ ഉദ്ഘാടനം ചെയ്തു. എസ്.അലീന അദ്ധ്യക്ഷത വഹിച്ചു. ശിവസലി, വി.പി.വിദ്യ, എസ്.നജ്മ, സജിത്, വൈഷ്ണവ് തുടങ്ങിയവർ നേതൃത്വം നൽകി. അപർണ്ണ, പാർവ്വതി, ആദിത്യൻ, ആര്യ, പപ്പാമ്മ, ആവണി, രാധു, സതീലക്ഷ്മി എന്നിവരാണ് നാടകം അവതരിപ്പിച്ചത്. •

## മദ്യവിരുദ്ധ സംഗമം

### ലഹരിവരുദ്ധ ഉണർവ് മാർഗ്ഗരേഖ പ്രകാശനം




തൃശൂർ കോർപ്പറേഷനുമുന്നിൽ സംഘടിപ്പിക്കപ്പെട്ട സംഗമം പ്രൊഫ. കെ.ബി.ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു

**തൃശ്ശൂർ**

കുട്ടികളുടെയും സ്ത്രീകളുടെയും സ്വച്ഛന്ദമായ ജീവിതവും സാമൂഹിക സാംസ്കാരിക അന്തരീക്ഷവും താറുമാറാക്കുന്ന മദ്യ-ലഹരി വിപത്തുകൾക്കെതിരെ നടത്തിവരുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഉണർവ് എന്ന ലഹരിവിരുദ്ധ മാർഗ്ഗ രേഖ മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ജില്ലാ ഘടകം പ്രകാശനം ചെയ്തു.

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ കോർപ്പറേഷന് മുന്നിൽ ചേർന്ന സംഗമം ജില്ലാ പ്രസിഡന്റ് പ്രൊഫ: കെ.ബി. ഉണ്ണിത്താൻ ഉൽഘാടനം ചെയ്തു. മദ്യത്തിന്റെ വരുമാനം മറ്റ് ഉൽപ്പാദന മേഖലയിലെ എന്ന പോലെ കാണുവാൻ പാടില്ലെന്നും ജനങ്ങളുടെ ക്രയശേഷിയെയും കർമ്മ ശേഷിയെയും തകർക്കുന്ന മദ്യവിപത്തിനെ സർക്കാർ തടയണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ.പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. ഉണർവ് ലഹരിവിരുദ്ധ മാർഗ്ഗ രേഖ ഡോ:പി.എസ്.ബാബു, പ്രൊഫ. രാമചന്ദ്രന് നൽകി പ്രകാശനം ചെയ്തു. ഡോ.മുകുന്ദൻ, അഡ്വ.ഇ.എൻ.ശാന്തിരാജ്, ചെറിയാൻ അഞ്ചേരി, എം. പ്രദീപൻ, സി.ആർ. ഉണ്ണികൃഷ്ണൻ, ആർ.സുനിത എന്നിവർ പ്രസംഗിച്ചു.

ടൗൺ ഗേൾസ് ഹൈസ്ക്കൂളിൽ നടന്ന ശില്പശാല ഡോ.മുകുന്ദൻ, ഡോ.പി.എസ്.ബാബു, എം.പ്രദീപൻ എന്നിവർ നയിച്ചു. ശില്പശാലയിൽ സുജ ആന്റണി, എ.എം.സുരേഷ് എന്നിവരും സംസാരിച്ചു. ജില്ലാതല പരിപാടികളുടെ ഉൽഘാടനം മോഡൽ ഹൈസ്ക്കൂളിൽ പ്രൊഫ.കെ.ബി. ഉണ്ണിത്താൻ നിർവ്വഹിച്ചു. സ്കൂൾ പ്രിൻസിപ്പൾ ശ്രീമതി ജയലക്ഷി അദ്ധ്യക്ഷത വഹിച്ചു. ലഹരി ഉപയോഗത്തിന്റെ ആരോഗ്യ-മാനസിക സാമൂഹിക പ്രത്യാഘാതങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യുന്ന ക്ലാസ്സുകൾ, കഥ, കവിത, ലേഖനം, ക്വിസ്, നാടകം തുടങ്ങിയ സർഗ്ഗാത്മക മൽസരങ്ങളും പരിപാടികളും സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരികയാണ്. •

## ലഹരിവിരുദ്ധ റാലിയും വിദ്യാർത്ഥി സംഗമവും




എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ കോഴിക്കോട് നഗരത്തിൽ നടന്ന വിദ്യാർത്ഥിറാലിയുടെ ഒരു ദൃശ്യം

**കോഴിക്കോട്**

ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് വിദ്യാർത്ഥിറാലി നടന്നു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി റഹിം, പ്രസിഡന്റ് പി.കെ.പ്രഭാഷ്, ഉണ്ണികൃഷ്ണൻ, പി.കെ.അപർണ്ണ, എസ്.സെറ്റ്ലാന, അമ്പു എന്നിവർ റാലിക്ക് നേതൃത്വം നൽകി. തുടർന്ന് എസ്.എം. സ്ട്രീറ്റിൽ നടന്ന യോഗം മദ്യവിരുദ്ധ ജനകീയ സമരസമിതി കോഴിക്കോട് ജില്ലാപ്രസിഡന്റ് പ്രൊഫ. സി.വി.കുമാരൻ ഉദ്ഘാടനം ചെയ്തു. •

## ലഹരിവിരുദ്ധ പോസ്റ്റർ–ഫോട്ടോ പ്രദർശനം

**എറണാകുളം**

ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് വിവിധ സ്കൂളുകളിൽ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും എഐഡിഎസ്ഒയുടെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ, ലഹരിവിരുദ്ധ വിദ്യാർത്ഥി സമിതി രൂപീകരണം, ലഹരിവിരുദ്ധ പ്രദർശനങ്ങൾ തുടങ്ങിയവ നടന്നു.

ഇടപ്പള്ളി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന ലഹരിവിരുദ്ധ പോസ്റ്റർ-ഫോട്ടോ പ്രദർശനത്തോടനുബന്ധിച്ച് മദ്യവിരുദ്ധ ജനകീയ സമരസമിതി എറണാകുളം ജില്ലാ പ്രസിഡന്റ് കെ.ഗോപിനായർ ലഹരിവിരുദ്ധ സന്ദേശം നൽകി.

നടക്കാവ് എസ്എൻഡിപി സ്കൂളിൽ നടന്ന ലഹരിവിരുദ്ധ പ്രദർശനത്തോടനുബന്ധിച്ച് മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ നേതാക്കളിലൊരാളായ കെ.എസ്.ഹരികുമാർ വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ക്ലാസ്സെടുത്തു. വിവിധ സ്ഥലങ്ങളിൽ നടന്ന പ്രവർത്തനങ്ങൾക്ക് എൻ.ആർ.മോഹൻകുമാർ, സുധീർ കെ.ഒ, എം.കെ.ഉഷ, സജീവ്കുമാർ, കെ.പി.സാൽവിൻ, രശ്മിരവി, അകിൽമുരളി, അപർണ്ണ ആർ, അഞ്ജലി സുരേന്ദ്രൻ, ആഷ്ന തമ്പി, ഉണ്ണിദാസ് ബി തുടങ്ങിയവർ നേതൃത്വം നൽകി. •

# കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ തൃശൂർ ജില്ലാ സമ്മേളനം

ക്ഷേമനിധി പെൻഷൻ മിനിമം 2000 രൂപയായെങ്കിലുമായി വർദ്ധിപ്പിച്ചാൽ മാത്രമേ വൃദ്ധരായ തൊഴിലാളികൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കൂകയുള്ളുവെന്നും അതിനുവേണ്ടിയുള്ള നടപടികൾ സർക്കാരും ക്ഷേമനിധി ബോർഡും ചേർന്ന് ഊർജിതപ്പെടുത്തണമെന്നും കേരള കൺസ്ട്രക്ഷൻവർക്കേഴ്സ് യൂണിയൻ തൃശ്ശൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കെട്ടിട നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, ക്ഷേമനിധി ബോർഡിന്റെ എല്ലാ ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിക്കുക, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുക, മിനിമം പെൻഷൻ 2000 രൂപയാക്കുക, എല്ലാ നിർമ്മാണ തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുക, വിലക്കയറ്റത്തിന് അറുതിവരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ജൂൺ 23 ന് ചാവക്കാട് ഒരുമനയൂർ പഞ്ചായത്തുഹാളിൽ നടന്ന സമ്മേളനം കെ.സി.ഡബ്ലിയു.യു.സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. സദാനന്ദൻ ഉൽഘാടനം ചെയ്തു.

എഐയുടിയുസി.ജില്ലാ സെക്രട്ടറി സി.കെ. ശിവദാസൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എഐയുടിയുസി.സംസ്ഥാന വൈസ് പ്രസിഡന്റ് പി.എം. ദിനേശൻ മുഖ്യപ്രസംഗം നടത്തി. അന്തരിച്ച കെ.സി.ഡബ്ലിയു.യു സ്ഥാപക നേതാക്കളായ കെ.പി. കോസലരാമദാസ്, പെരുങ്കുഴി തങ്കപ്പൻ,

എഐയുടിയുസി സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റ് എ. ജലാലുദ്ദീൻ എന്നിവരെ അനുസ്മരിച്ചുകൊണ്ടുള്ള പ്രഭാഷണം എസ്.യു.സി.ഐ (സി) ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു നടത്തി.

കെ.സി.ഡബ്ലിയു.യു. സംസ്ഥാനക്കമ്മിറ്റിയംഗം കെ.ഒ.ഷാൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ സംസ്ഥാനക്കമ്മിറ്റിയംഗം എ.വി.ബെന്നി, ഒ.കെ.വൽസലൻ, സി.ആർ. ഉണ്ണികൃഷ്ണൻ, സി.എസ്.കൃഷ്ണകുമാർ, സി.വി.പ്രേംരാജ് എന്നിവരും പ്രസംഗിച്ചു. സമ്മേളനം പുതിയ ജില്ലാഭാരവാഹികളെ തെരഞ്ഞെടുത്തു.

സി.കെ ശിവദാസൻ(പ്രസിഡന്റ്), സി.എസ്. കൃഷ്ണകുമാർ, കെ.വി. സജീവൻ. പി.ഐ പണിക്കശ്ശേരി, സതീഷ് കുമാർ കെ.ആർ (വൈസ് പ്രസിഡന്റ്മാർ), ഒ.കെ. വൽസലൻ (സെക്രട്ടറി), ഷിബു.പി.കെ, രാജീവൻ കെ.വി, എം.ബി. വിനോദ് (ജോയിന്റ്സെക്രട്ടറിമാർ), പ്രേംരാജ് സി.വി (ട്രഷറർ), എ.വി. ബെന്നി, ഉണ്ണികൃഷ്ണൻ, കെ.കെ. ബാലൻ. സ്മിൻ മോഹൻ, റഹീം പി.കെ, ഷെറിൻ മോഹൻ, സുബ്രഹ്മണ്യൻ, ആർ.വി. അബ്ദുൾ സലാം, കുഞ്ഞുമോൻ പി.സി, മായ ടി.സി, ഒ.കെ. ജ്യോതിലക്ഷ്മി (എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ) എന്നിവരാണ് പുതിയ ജില്ലാ ഭാരവാഹികൾ. •




കെ.സി.ഡബ്ലിയു.യു തൃശൂർ ജില്ലാ സമ്മേളനം സഖാവ് വി.കെ. സദാനന്ദൻ ഉൽഘാടനം ചെയ്യുന്നു

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing June1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.3
Price : Rs 5.00
July 2014

## അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത്
# സെക്രട്ടേറിയറ്റ് മാർച്ച്




സെക്രട്ടേറിയറ്റ് മാർച്ച് കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

സുപ്രീംകോടതിയുടെ പരാമർശത്തെത്തുടർന്ന് അടച്ചുപൂട്ടപ്പെട്ട 418 ബാറുകൾ യാതൊരു കാരണവശാലും തുറന്നു പ്രവർത്തിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ജൂൺ 18 ന് മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടന്നു.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. അനാദായകരം എന്നു ചൂണ്ടിക്കാട്ടി കേരളത്തിൽ ആയിരക്കണക്കിന് വിദ്യാലയങ്ങൾ അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അത് പരിഗണക്കുകയേ ചെയ്യാതെ പുട്ടപ്പെട്ട ബാറുകൾ തുറക്കാൻ ഭരണാധികാരികൾ കാണിക്കുന്ന ധൃതി അപലപനീയമാണ് എന്ന് ഡോ.വി. വേണുഗോപാൽ അഭിപ്രായപ്പെട്ടു. പൂട്ടിയ ബാറുകളുടെ കാര്യത്തിൽ കാണിക്കുന്ന ഔത്സുക്യം പൂട്ടപ്പെട്ട വിദ്യാലയങ്ങളുടെ കാര്യത്തിൽ സർക്കാരിന് ഇല്ല. ഒരു ജനതയ്ക്ക് വേണ്ടത് മദ്യശാലകളല്ല, മറിച്ച് വിദ്യാലയങ്ങളാണ്. 418 ബാറുകൾ പൂട്ടിയപ്പോൾതന്നെ കേരളത്തിലെ മദ്യപശല്യത്തിന് വ്യത്യാസം വന്നിരിക്കുന്നതായും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. സ്ഥിരം മദ്യപാനികളിൽ 30ശതമാനം കുടി നിർത്തിയിരിക്കുന്നു, കുറ്റകൃത്യങ്ങൾ വിശേഷിച്ചും അടിപിടി, കത്തിക്കുത്ത് തുടങ്ങിയവ വൻതോതിൽ കുറഞ്ഞിരിക്കുന്നു. റോഡപകടങ്ങളുടെ നിരക്ക് കുറഞ്ഞിരിക്കുന്നു. തെരുവുകളിലും ബസ്സുകളിലും മദ്യപന്മാരുടെ ശല്യം കുറഞ്ഞിരിക്കുന്നുവെന്നുമുള്ള റിപ്പോർട്ടുകളെ ഗൗരവത്തോടെതന്നെ കാണണം. സർവ്വോപരി മദ്യപന്മാരുടെ കുടുംബങ്ങളിൽ ജീവിതം തളിർത്തുതുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അടച്ചുപൂട്ടിയ ബാറുകൾ തുറക്കരുത് എന്നുമാത്രമല്ല, സാമൂഹ്യഭദ്രതയെക്കരുതി ബിവറേജസ് ഔട്ട്ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുവാനും സർക്കാർ തയ്യാറാകണം.

മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ്. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാലും ലഭ്യതയും മദ്യത്തിന് സമൂഹത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേയക്ക് നയിക്കുന്നത് എന്ന് കാണാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരള മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. സൂസൻ ജോൺ അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ബി. ഗോപി സ്വാഗതം ആശംസിച്ചു. ഫാ. എബ്രഹാം ജോസഫ്, മദ്യവിരുദ്ധ ജനകീയ സമരസമതിയുടെ സംസ്ഥാന കൺവീനർ ഷൈല കെ.ജോൺ, സമിതിയുടെ കൊല്ലം ജില്ലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള, ആലപ്പുഴ ജില്ലാ സെക്രട്ടറി സി.വി.പീതാംബരൻ, കോട്ടയം ജില്ലാ പ്രസിഡന്റ് പി.കെ.കൃഷ്ണൻ, എറണാകുളം ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, എസ്.രാധാമണി, ഇരവിപുരം ഭാസി, വിളപ്പിൽ ശാല ജനകീയ സമരനേതാവ് ബുർഹാൻ, നസീമബീവി, മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. ●

## അയ്യൻകാളിയും കേരള നവോത്ഥാനവും ചർച്ചാസമ്മേളനം




ജൂൺ 15 ന് കൊല്ലം, പെരുമ്പുഴ ഗവൺമെന്റ് എൽ.പി.സ്കൂളിൽ നടന്ന അയ്യൻകാളിയും കേരള നവോത്ഥാനവും ചർച്ചാ സമ്മേളനം പി.രാമഭദ്രൻ ഉദ്ഘാടനം ചെയ്യുന്നു. എ.ജയിംസ് അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. പി.എസ്.അനിരുദ്ധൻ, സൂര്യദാസ്, ജ്യോതികൃഷ്ണൻ, എസ്.രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ●

# സ്ത്രീസുരക്ഷാ സമ്മേളനം
## ആഗസ്റ്റ് 8, 9 തീയതികളിൽ കോഴിക്കോട്
## സ്വാഗതസംഘം രൂപീകരിച്ചു



സ്വാഗതസംഘം രൂപീകരണയോഗം അഡ്വ.വിക്ടർ ആന്റണി നൂൺ ഉദ്ഘാടനം ചെയ്യുന്നു

ആഗസ്റ്റ് 8, 9 തീയതികളിൽ കോഴിക്കോടുവച്ചു നടക്കുന്ന സംസ്ഥാന സ്ത്രീസുരക്ഷാ സമ്മേളനത്തിന്റെ സ്വാഗതസംഘ രൂപീകരണയോഗം കോഴിക്കോട്ട് ശിക്ഷക്സദനിൽ ജൂൺ 30 ന് നടന്നു.

കോഴിക്കോട് ജില്ലയിലെ നാനാ ഭാഗങ്ങളിൽനിന്നും സ്ത്രീസുരക്ഷാ പ്രവർത്തകർ എത്തിയിരുന്നു. സ്ത്രീസുരക്ഷാ സമിതി സംസ്ഥാന കൺവീനർ മിനി.കെ.ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അഡ്വ.വിക്ടർ ആന്റണി നൂൺ ഉദ്ഘാടനം ചെയ്തു. എരവത്തൂർ ബാലകൃഷ്ണൻ, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, സി.ഷീബടീച്ചർ, കുട്ടപ്പൻ എടക്കാട്, എ.ശേഖർ, ഷീല തോമസ്, പ്രിയങ്ക, പി.കെ.ചന്ദ്രിക, എം.കെ.രാജൻ, അഡ്വ.ടി.ജെ. ഡിക്സൺ, പ്രൊഫ. ജ്യോതിരാജ്, പി.എം.ശ്രീകുമാർ, കെ.ജെ.ഷീല, എസ്.ജെന്നിഫർ, ആർ.മാളു, കെ.പി.സുബൈദ, മണിദാസ് തുടങ്ങിയവർ പ്രസംഗിച്ചു. യോഗാവസാനം അഡ്വ.വിക്ടർ ആന്റണി നൂൺ പ്രസിഡന്റായും എസ്.ജെന്നിഫർ കൺവീനറായും പി.എം.ശ്രീകുമാർ ട്രഷററായും 52 അംഗ സ്വാഗതസംഘത്തിന് രൂപം നൽകി.

ആഗസ്റ്റ് 8 ന് ടൗൺഹാളിലും 9 ന് സ്പോർട്സ് കൗൺസിൽ ഹാളിലുമായാണ് സമ്മേളനം നടക്കുക. സുപ്രസിദ്ധ സാമൂഹിക പ്രവർത്തക ദയാബായി സമ്മേളനം ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി ഇരുന്നൂറ്റമ്പത് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. സാമൂഹിക-സാംസ്കാരിക-സ്ത്രീവിമോചന രംഗത്തുനിന്നുള്ള പ്രമുഖർ സമ്മേളനത്തിൽ പ്രസംഗിക്കും. ഇതോടൊപ്പം *സ്ത്രീശക്തി* പ്രദർശനവും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ●

## ഇറാക്കിനെ കീറി മുറിക്കാൻ ഒരുങ്ങുന്നു

*(12-ാം പേജിൽ നിന്ന് തുടർച്ച)*

പ്രത്യയശാസ്ത്രവും ശരിയായ വിപ്ലവ പാർട്ടിയും മാത്രമേ ജനങ്ങളെ അവരുടെ മഹത്തായ ലക്ഷ്യങ്ങളിലേക്ക് നയിക്കുകയുള്ളൂ എന്ന തിരിച്ചറിവ് നാം പുതുക്കേണ്ടിയിരിക്കുന്നു. സാമ്രാജ്യത്വ ഗൂഢാലോചനക്കെതിരായ പോരാട്ടത്തെ യുക്തിപരമായ പൂർത്തികരണത്തിലേക്ക് നയിക്കാൻ കഴിയുന്നത്, ആക്രമണത്തിന്റെയും അധിനിവേശത്തിന്റെയും സാമ്രാജ്യത്വയുദ്ധങ്ങളെ ചെറുക്കാൻ നീതിയുടെ പക്ഷത്തുനിന്നുള്ള ജനങ്ങളുടെ യുദ്ധത്തെ നയിക്കാൻ കഴിയുന്നത് ശരിയായ കമ്മ്യൂണിസ്റ്റുകൾക്ക് മാത്രമാണ്. അതാത് രാജ്യത്തെ മുതലാളിത്തത്തിന്റെ ചൂഷണ-മർദ്ദന വാഴ്ചയിൽ നിന്നും ജനങ്ങൾക്ക് മോചനം നൽകാനും, ഒപ്പം തന്നെ മൗലികവാദത്തെയും വിഭാഗീയതയെയും, മറ്റെല്ലാത്തരം ഛിദ്രവാസനകളെയും മാർക്സിസം-ലെനിനിസമെന്ന ഒരൊറ്റ ആശയത്തിന്റെ കരുത്തുകൊണ്ട് എതിർത്തുപരാജയപ്പെടുത്താൻ കഴിയുന്ന ശക്തി അവരാണ്.

ഇത് ഇറാക്കിനും ബാധകമാണ്. യു.എസ്.സാമ്രാജ്യത്വത്തിനെതിരെ അവിടെ ചെറുത്തുനിൽപ്പ് പ്രസ്ഥാനമുണ്ടെങ്കിലും ഇപ്പോൾ മൗലികവാദം ആ രാജ്യത്തെ തകർച്ചയുടെ പടിവാതിൽക്കൽ എത്തിച്ചിരിക്കുന്നു. യു.എസ് സാമ്രാജ്യത്വ കഴുകൻമാർ ആനന്ദത്തോടെ നോക്കി കാത്തിരിക്കുകയാണ്. തകർന്ന, വിഘടിച്ച, ഒരു ഇറാക്ക് കൂടുതൽ ക്ഷീണിതമാകുന്നത് യു.എസ്.സാമ്രാജ്യത്വത്തിനും അതിന്റെ എല്ലാ നിറങ്ങളിലുമുള്ള കാര്യസ്ഥൻമാർക്കും ഗുണമാണ്. ആ രാജ്യത്തെ ദുരിതമനുഭവിക്കുന്ന ഇരകളായ ജനങ്ങൾ, ശരിയായ ലെനിനിസ്റ്റ് സമീപനം പിന്തുടർന്ന് ശരിയായ വിപ്ലവ പാർട്ടിയും അതിന്റെ നേതൃത്വവും വികസിപ്പിച്ചെടുക്കുന്നതിന്റെ ആവശ്യകത പൂർത്തീകരിക്കുന്നതിന്റെ ഒഴിവാക്കാനാവാത്ത ചുമതലയുമായി മുഖാമുഖം വന്നിരിക്കുകയാണ്. അവരത് എത്രവേഗം ചെയ്യുന്നുവോ അത്രയും നേരത്തേ ഇന്നത്തെ അഗ്നിപരീക്ഷയിൽ നിന്ന് പുറത്തുവരാൻ അവർക്ക് കഴിയും, സാമ്രാജ്യത്വത്തിനെതിരെ വിജയം നേടാൻകഴിയും. അത്തരം ഒരു വിപ്ലവ നേതൃത്വത്തിന്റെ മാർഗ്ഗനിർദ്ദേശത്തിലുള്ള യഥാർത്ഥ വിപ്ലവ പ്രസ്ഥാനത്തിന്റെ അന്തരീക്ഷത്തിൽ മാത്രമേ മുതലാളിത്ത സാമ്രാജ്യത്വം നട്ടുവളർത്തിയ വിഭാഗീയ, മൗലികവാദ, വംശീയ ഛിദ്രവാസനകളെ പ്രത്യയ ശാസ്ത്രപരമായും സംഘടനാപരമായും അന്തിമായി നേരിടാനും നിർമ്മാർജ്ജനം ചെയ്യാനും കഴിയൂ. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.